# ജീവദീപ്തി

jeevadeepthi@gmail.com

November 2025 Book 11 Volume 15



സ്വാഗതം...
സിമിത്തേരിക്കപ്പുറത്തേയ്ക്ക്...



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

# *KIDS ARE ANGELS*

നവംബർ 14 നാം ശിശുദിനമായി ആചരിക്കുന്നു. നിറംമങ്ങാത്ത ഓർമ്മകൾ മനസ്സിലുണ്ട്. ശിശുദിന റാലിയും, കുട്ടികളുടെ കൂട്ടായ്മയും, ശിശുദിന സന്ദേശവും, മധുരവിതരണവുമൊക്കെ ശിശുദിനം നമ്മുടെ കാതുകളിൽ മന്ത്രിക്കുന്നത് കുട്ടികൾ മാതാപിതാക്കളുടെ സമ്പത്താണെന്നും അവർ സമൂഹത്തിന്റെ പ്രകാശവും എന്നാണ്. മനുഷ്യരാശിക്കു ലഭിച്ച ഏറ്റവും മനോഹരവും എന്നാൽ അതിവേഗം മുറിവേൽക്കാൻ സാധ്യതയുമുള്ള സമ്മാനമാണ് നമ്മുടെ കുട്ടികൾ. അവരുടെ ചിരിയിലും, കൗതുകങ്ങളിലും, ചോദ്യങ്ങളിലും നമുക്ക് നഷ്ടപ്പെടുന്ന നിഷ്കളങ്കതയെ വീണ്ടെടുക്കാനാവും.

അമേരിക്കൻ എഴുത്തുകാരനായ ഹെൻട്രി വാർ ബച്ചർ എഴുതിയത് ഇപ്രകാരം: കുഞ്ഞുങ്ങളുടെ മുഖത്ത് നാം സ്വർഗ്ഗത്തെ കണ്ടെത്തണം. അവരുടെ കുഞ്ഞിക്കൈകൾ പിടിക്കുമ്പോൾ നമ്മൾ ദൈവകൃപയെയാണ് സ്പർശിക്കുന്നത്. പക്ഷെ ഇന്ന് ലോകത്ത് കുട്ടികളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ഭയവും ഹൃദയം നുറുങ്ങുന്ന വേദനയും നാം ദർശിക്കുന്നു.

യൂനിസെഫ് കണക്കുപ്രകാരം ലോകത്ത് 190 കോടിയിലധികം കുട്ടികൾ ജീവിക്കുന്നു. ഓരോ നാലു മനുഷ്യരിലും ഒരാൾ കുട്ടിയാണ്. ഇന്ത്യയിൽ മാത്രം 43.6 കോടി പേർ 18 വയസ്സിൽ താഴെയുള്ളവരാണ്. ലോകത്തിലെ ഏറ്റവും വലിയ ശിശുജനസംഖ്യയാണിത്.

ഈ വലിയ സംഖ്യയിൽ കേരളം ശ്രദ്ധേയമായ പുരോഗതിയിലാണ്. അതായത് ഇവിടുത്തെ ശിശുമരണ നിരക്ക് ആയിരം പേരിൽ 5 എന്ന നിലയിലേക്ക് കുറഞ്ഞു. പക്ഷെ ഈ പുരോഗതി നമ്മെ സന്തോഷിപ്പിക്കുന്നില്ല. കാരണം കുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ നമ്മെ ഭയപ്പെടുത്തുന്നു. 2024 ലെ കണക്കുപ്രകാരം 17,000ൽ അധികം കുറ്റകൃത്യങ്ങളാണ് കുട്ടികൾക്കെതിരെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ പതിനായിരത്തിനുമേൽ പോസ്കോ നിയമപ്രകാരം ഫയൽ ചെയ്തതാണ്. ആയിരക്കണക്കിന് കേസുകൾ ഇന്നും കോടതികളിൽ കെട്ടിക്കിടക്കുന്നു. റിപ്പോർട്ടു ചെയ്യപ്പെടാത്തവ അതിലേറെ.

ഒരു രാജ്യത്തിന്റെ ധാർമ്മിക അടിത്തറ ശക്തിപ്പെടുത്തുന്നത് അതിലെ വിശ്വാസസമൂഹം കുട്ടികൾക്കായി നിലകൊള്ളുമ്പോഴാണ്. പള്ളികൾ, ക്ഷേത്രങ്ങൾ, മസ്ജിദുകൾ, സിനഗോഗുകൾ  എന്നിവ കുട്ടികൾക്ക് അഭയകേന്ദ്രമാകണം. കുട്ടികളെ സംരക്ഷിക്കുകയും വിലമതിക്കുകയും ചെയ്യുന്ന ഇടങ്ങളായി കുടുംബം മാറണം. ഓരോ മനുഷ്യ ഹൃദയവും അപ്രകാരം മാറണം.

നാം ആഗ്രഹിക്കുന്ന മാറ്റം ഓരോ വീട്ടിലും ആരംഭിക്കണം. കുട്ടികളെ എന്നും സ്നേഹിച്ച പോപ്പ് ഫ്രാൻസിസ് ഇപ്രകാരം എഴുതി: ഒരു കുട്ടിയെ പരിപോഷിപ്പിക്കുമ്പോൾ നമ്മൾ ദൈവികതയിലാണ് സഹകരിക്കുന്നത്. ഒരു കുട്ടിയെ അവഗണിക്കുമ്പോൾ നമ്മൾ ദൈവത്തിന്റെ മുഖത്തെ മറയ്ക്കുകയാണ്.



# ജീവദീപ്തി
JEEVADEEPTHI

November 2025 Vol 15 Book 11



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



04







01


## KIDS ARE ANGELS

*നവംബർ 14 നാം ശിശുദിനമായി ആചരിക്കുന്നു. നിറം മങ്ങാത്ത ഓർമ്മകൾ മനസ്സിലുണ്ട്. ശിശുദിന റാലി യും, കുട്ടികളുടെ കൂട്ടായ്മയും, ശിശുദിന സന്ദേ*



## പ്രിയമുള്ളവർ പിരിയുമ്പോൾ

എന്റെ ഒരു കസിനും ഭാര്യയും സന്തോഷകരമായ വിശ്രമജീവിതം നയിച്ചുവരികയായി രുന്നു. ഒരു




08

## മരണമടഞ്ഞവരെ ഓർക്കുമ്പോൾ...

ഒക്ടോബർ നാലിന് ഫ്രാൻസിസിന്റെ ഓർമത്തിരുനാളാണ്. ആശ്രമത്തിൽ ചേർന്ന നാൾ മുതൽ ഈ ദിവ






## വേർപാടിന്റെ നൊമ്പരം

ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ മൂലക്കല്ലും ആണിക്കല്ലും പിരിശുദ്ധ കുർബാനയാണ്.

07


നിത്യജീവിതം....................12
എല്ലാ മനുഷ്യരും ....................15
സെമിത്തേരി....................16
സ്നേഹിച്ച ചാച്ചാജി....................19
കേരളത്തിന്റെ ആദ്യ സന്ന്യാസിനി....................23
ആദരമേകുന്നവർ....................24
I'm possible....................27
മരടിന്റെ പുണ്യാളൻ....................29
ശതാഭിഷിക്ത തെളിച്ചത്തിൽ....................31
അമീബിക് രോഗവും....................33
കാർമൽഗിരി സെമിനാരി ....................35
വാർത്തകൾ....................37
ബൈബിൾ വിചിന്തനം....................38
പിൻമൊഴി....................40

# പ്രിയമുള്ളവർ പിരിയുമ്പോൾ



**ബിഷപ്പ് അലക്സ്
വടക്കുംതല**

എന്റെ ഒരു കസിനും ഭാര്യയും സന്തോഷകരമായ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ഒരു ദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ ഭവനത്തിൽ ഇരുവരും ഒരുമിച്ച് കരുണക്കൊന്ത ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. ചേച്ചി പെട്ടെന്നൊന്ന് കുഴഞ്ഞു വീണ് ബോധമറ്റ് കിടന്നു. ഉടനെ താങ്ങിയെടുത്ത്, പ്രാഥമിക ശുശ്രൂഷ കൊടുത്ത് എത്രയും വേഗം തൊട്ടടുത്തുള്ള ആശുപത്രിയിലും, തുടർന്ന്, വിദഗ്ദ്ധ ചികിത്സക്കായി സൂപ്പർ സ്പെഷ്യാലിറ്റിയിലും പ്രവേശിപ്പിച്ചു. ആദ്യ കുറച്ചുനാളുകൾ കണ്ണിമപോലും അനക്കാനാവാതെ ഒരേ കിടപ്പ്. തലച്ചോറിന്റെ സർജറി ഉൾപ്പെടെ പല ചികിത്സകളും ചെയ്തു. വിലപിടിപ്പുള്ള ഔഷധങ്ങളും പരീക്ഷിച്ചു. ഏകദേശം ആറുമാസത്തിനു ശേഷം നിത്യതയിലേക്ക് യാത്രയായി.

ആ മരണം ഞങ്ങളെ എല്ലാവരെയും ഏറെ പ്രയാസപ്പെടുത്തി. എന്നാൽ ഏറ്റവും കൂടുതൽ തളർത്തിയതും സങ്കടത്തിലാഴ്ത്തിയതും എന്റെ ആ പ്രിയ സഹോദരനെയാണ്. എപ്പോഴും പ്രസരിപ്പോടും കരുതലിന്റെ ഉന്മേഷത്തോടും കഴിഞ്ഞിരുന്ന ആ ചേച്ചിയുടെ അഭാവം കുടുംബത്തെ വലിയ ദുഃഖത്തിലാഴ്ത്തിയെന്നു മാത്രമല്ല വാത്സല്യനിധിയായ സഹോദരൻ, ഭാര്യാവിയോഗം കൊണ്ടുള്ള ആന്തരിക നൊമ്പരവും സഹനവും മൂലം ആകെ വ്യത്യസ്തനായിരിക്കുന്നു.
മരണം എല്ലാം തകിടം മറിക്കുന്നു

ഗ്രീക്കു ചിന്തകനായ ഡയോജനിസ് തന്റെ ശിഷ്യരോട് ആവശ്യപ്പെട്ടത് ഇപ്രകാരമാണ്: ഞാൻ മരിക്കുമ്പോൾ മുഖം കമിഴ്ത്തി എന്നെ സംസ്ക്കരിക്കണം! ജിജ്ഞാസയോടെ അവർ ചോദിച്ചു: അതെന്താ, അങ്ങനെ? തത്വജ്ഞാനിയായ ഗുരുവിന്റെ മറുപടി ഇതായിരുന്നു: വൈകാതെ എല്ലാം കീഴ്മേൽ മറിയും! ജീവിതത്തിന്റെ എല്ലാ ചീട്ടുകളും കശക്കി കുത്തുന്ന നേരമാണ് മരണം. താഴത്തെ ചീട്ട് മുകളിൽ! മുകളിലെത്തുന്നത് കണ്ടെടുക്കാൻ പോലുമാവാതെ, എവിടെയോ?'

*ശരിയല്ലേ? പലപ്പോഴും മരണം എന്ന യാഥാർത്ഥ്യം ജീവിതത്തെ പിടിച്ചു കുലുക്കുന്നു. എല്ലാം ആകെ തകിടം മറിക്കുന്നു! മരിച്ചവർ എന്നെങ്കിലും മടങ്ങി എത്തുമോ?*

അമേരിക്കയിലെ അരിസോണയിൽ അൽകോർ ലൈഫ് എക്സ്റ്റൻഷൻ ഫൗണ്ടേഷൻ എന്ന സ്ഥാപനം, 'മരണപ്പെട്ടവരെ തിരിച്ചു കൊണ്ടുവരാൻ ശാസ്ത്രത്തിന് സാധിക്കുമോ? എന്ന ചോദ്യത്തിന് ഉത്തരമായി, പ്രത്യാശയായി സ്ഥാപിക്കപ്പെട്ടതാണ്. 227 മനുഷ്യർ മരിച്ചതിനു ശേഷം അവിടെ ഇപ്പോൾ തിരികെ ജീവിതത്തിലേക്ക്, വരാൻ കാത്തിരിക്കുന്നു.

ലിക്വിഡ് നൈട്രജൻ നിറച്ച സിലിൻഡർ ആകൃതിയിലുള്ള പേടകങ്ങളിലാണ് ഇവർ. ഭാവിയിൽ വൈദ്യശാസ്ത്രം പുരോഗമിക്കുന്നതോടെ ജീവിതത്തിലേക്ക് തിരിച്ചുവരാനാകും എന്നതാണ് പ്രതീക്ഷ. അൽകോറിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങൾ നല്കുന്നുണ്ട്.

മരണമടഞ്ഞ ആളുടെ ശരീരം ഐസ്ബാത്ത് നല്കി, രക്തം മാറ്റി, അവയവങ്ങൾ സംരക്ഷിക്കുന്നു. പിന്നെ, ഒരു പ്രത്യേക ലായനി ശരീരത്തിൽ നിറയ്ക്കും. തുടർന്ന്, 320.8 ഡിഗ്രി ഫാരൻഹീറ്റിൽ തണുപ്പിച്ച്, ലിക്വിഡ് നൈട്രജന്റെ സഹായത്തോടെ സൂക്ഷിക്കുന്നു. ശാസ്ത്രം വളർന്ന്, പുതിയ സഹചര്യങ്ങൾ വന്നെത്തുമ്പോൾ അവരെ തിരികെ കൊണ്ടുവരാനാകും എന്നാണ് അൽകോറിന്റെ മുൻ മേധാവി മാക്സ് മൂവൻ അവകാശപ്പെടുന്നത്: മനുഷ്യനെ സംസ്ക്കരിക്കുന്നതിനുപകരം ഞങ്ങൾക്ക് തരിക! ഞങ്ങൾ അവരെ സൂക്ഷിക്കാം. സാങ്കേതിക വിദ്യയും വൈദ്യശാസ്ത്രവും പുരോഗമിക്കും. അപ്പോൾ അവർ തിരിച്ചുവരും! 'cryo-preservation' അതുവരെ അവരെ സംരക്ഷിക്കും!'

എന്നാൽ പലർക്കും അതിൽ പ്രതീക്ഷയില്ല. ഇംഗ്ലണ്ടിലെ ന്യൂറോ സൈന്റിസ്റ്റ്, ലൗറി ലാറ്റും സംഘവും ഇതിനെ പുച്ഛിച്ചു തള്ളുന്നവരിൽ പ്രമുഖരാണ്. 1972-ൽ ആരംഭിച്ച അൽകോർ ഫൗണ്ടേഷൻ എങ്കിലും പ്രതീക്ഷ



യിലാണ്. 1976 മുതൽ ശീതീക രിച്ച് അവിടെ സൂക്ഷിക്കുന്ന പല രുണ്ട്. 73-ാം വയസ്സിൽ കിഡ്നി അർബുദം ബാധിച്ച് മരണമടഞ്ഞ ജെയിംസ് എച്ച്. പെറ്റ്ഫോർട്ടു മുതൽ രണ്ടുവയസ്സുകാരൻ മാത്‌ലിൻ വരെ പുതുജീവനായി അവിടെ കാത്തിരിക്കുന്നു!

ഈയിടെ മാതൃഭൂമി ദിന പത്രത്തിൽ വന്ന ഒരു വാർത്ത യുടെ തലക്കെട്ട്, 'ടൊറാജനുക ളുടെ മരണാനന്തര ആഘോഷം എന്നായിരുന്നു. ഇൻഡോനേഷ്യ യിലെ ടൊറാജൻ ഗോത്രക്കാർക്ക്, ആഗസ്റ്റ് മാസം മാനെനെ എന്നൊരു ആഘോഷമുണ്ടത്രേ. വീട്ടുവളപ്പിലെ കുഴിമാടത്തിൽ നിന്ന് പ്രിയപ്പെട്ടവരെ പുറത്തെ ടുത്ത് വൃത്തിയാക്കി പുതുവസ്ത്ര ങ്ങളണിയിച്ചൊരുക്കും. കുടുംബ ത്തിനൊപ്പം ഇരുത്തി പ്രത്യേക ഭക്ഷണവും മറ്റുമായി ആഘോഷി ക്കും.

മരണത്തോടെ മനുഷ്യ ജീവിതം അവസാനിക്കില്ലെന്ന് മറ്റുപല വിഭാഗങ്ങളെയും പോലെ ടൊറാജൻ ഗോത്രക്കാർ വിശ്വസി ക്കുന്നു. അതിനാൽ, പൂർണ്ണമായ ആദരവോടും ആഘോഷ ത്തോടും കൂടിവേണം പ്രിയ പ്പെട്ടവരെ മരണാനന്തര ജീവിത ത്തിലേക്ക് അയക്കാനെന്ന് അവർ കരുതുന്നു. മൃതദേഹം ശവപ്പെട്ടി കളിൽ അടച്ച് അതിശ്രദ്ധയോടെ അഴുകാതെ വീട്ടുവളപ്പിൽ സൂക്ഷിക്കും അവർ. (മാതൃഭൂമി, സെപ്തംബർ 5, 2024, പേജ് 4).

## *കബറിടത്തിൽ നിന്നും തിരികെ വന്ന ഒരാൾ*

മരണത്തിന്റെ നാലാം നാൾ കബറിടത്തിൽ നിന്നും ജീവ നോടെ തിരികെ വന്ന ഒരാളെപ്പറ്റി യുള്ള വിവരണം ബൈബിളിലുണ്ട്. അയാൾ മരണപ്പെട്ടപ്പോൾ കുടുംബം മാത്രമല്ല സങ്കടത്തിലാ യത്, ആത്മബന്ധമുള്ള കൂട്ടു കാരും നൊമ്പരപ്പെട്ടു. എത്രയോ ഹൃദയസ്പർശിയാണ് യോഹ ന്നാന്റെ സുവിശേഷം പതി നൊന്നാം അധ്യായത്തിലെ പ്രതി പാദനം. ലാസറിന്റെ മരണവാർത്ത യറിഞ്ഞ് ക്രിസ്തു ബഥാനിയാ യിലെ ഭവനത്തിനടുത്ത് വന്നെ ത്തി. ദുഃഖിച്ചു കരയുന്ന സഹോ ദരി മറിയത്തെ കണ്ടപ്പോൾ യേശു, ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി എന്നാണ് 33-ാം വാക്യത്തിൽ കൊടുത്തിരിക്കുന്നത്. തുടർന്ന് യേശു കണ്ണീർ പൊഴിച്ചു എന്നും 35-ാം വാക്യം വ്യക്തമാ ക്കുന്നു. ആത്മബന്ധമുള്ള ഒരാൾ മരണപ്പെട്ടപ്പോൾ ദൈവപുത്രനായ ക്രിസ്തുപോലും കരഞ്ഞു. നമ്മെ പ്പോലെയുള്ളവരുടെ സഹനങ്ങ ളിൽ നമ്മോടൊത്ത് സങ്കടപ്പെട്ടു കരയുന്ന ദൈവം നമുക്കുള്ളത് എത്ര വലിയ ആശ്വാസമാണ്.

യേശു വീണ്ടും നെടു വീർപ്പിട്ടുകൊണ്ട് ശവകുടീരത്തിൽ വന്നു എന്നും തുടർന്ന് എഴുതിയി രിക്കുന്നു. കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു. അതായിരുന്നു ബഥാനിയായിലെ വീട്ടുവളപ്പിൽ മുഴങ്ങിയ മനോവി ങ്ങലിന്റെ വാക്കുകൾ. ആ സഹോദ രിമാരുടെ കണ്ണീരും ആ കുടുംബ വുമായുള്ള ആത്മബന്ധവും ആരാരും പ്രതീക്ഷിക്കാത്ത അനു ഗ്രഹമായി പരിണമിക്കുന്നു. മരണ ത്തിന്റെ നാലാംനാൾ ലാസർ ശ്രവി ച്ച, ജീവനും പുനരുത്ഥാനവുമായ വന്റെ വാക്കുകൾ, 'ലാസറേ പുറ ത്തുവരിക! എന്ന വചനം, ജീവൻ പകരുന്നവയായിരുന്നു. നായിമിലെ സാധുവിധവയ്ക്ക് മരിച്ചുപോയ മകനെ തിരികെ ലഭിച്ച പോലുള്ള (ലൂക്ക 7,11-17) സൗഭാഗ്യം മാർത്താ -മറിയം സഹോദരികൾക്കും ലഭ്യ മാകുന്നു! അങ്ങനെ ജീവന്റെ നിയ ന്താതാവ് ഇടപെട്ട് മരിച്ചവൻ ജീവ നിലേക്ക് തിരിച്ചുവന്നു.

## *ഏറ്റവും സുന്ദരമായ മരണം*

മുപ്പത്തിമൂന്ന് വയസ്സുള്ള ഒരു യുവാവ് കാൽവരിയിലെ കുരി ശിൽ കിടന്ന്, ചോരചിന്തി, പിട ഞ്ഞുമരിച്ചു. മരിക്കുന്നതിനുമുമ്പ് അവൻ ഉച്ചത്തിൽ നിലവിളിച്ചു: ഏലി, ഏലി, ലാമാ സബക്‌ഥാനി! - എന്റെ ദൈവമേ, എന്റെ ദൈവമേ,

എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?' (മത്താ 27,46). ആ ചോദ്യത്തിന് ഒരിടത്തുനിന്നും ഒരു മറുപടിയും ലഭിച്ചില്ല. നിശ്ശബ്ദത മാത്രം. aggressive silence' എന്നാണ് ബൈബിൾ ചിന്തകർ വിളിക്കുന്നത്. അതികഠിനമായ മൗനം! സഹനത്തിന്റെ വിലാപങ്ങൾക്ക് പലപ്പോഴും ഉത്തരം ലഭിക്കില്ലായിരിക്കും! ഗോതമ്പുമണി നിലത്തുവീണ് അഴിയണമല്ലോ (യോഹ 12,24).

കുരിശിൽ തീവ്രമായ വേദനയും വിശപ്പും ദാഹവും സഹിച്ച് മനുഷ്യപുത്രൻ വിളിച്ച് പറഞ്ഞു: എനിക്ക് ദാഹിക്കുന്നു! (യോഹ 19,28) പ്രതിയോഗികൾ അവന് കുടിക്കാനായി കൊടുത്തത് പച്ചവെള്ളമായിരുന്നില്ല, വിനാഗിരിയായിരുന്നു. നീർപഞ്ഞിയിൽ വിനാഗിരി മുക്കി ഞാങ്ങണത്തണ്ടിൽ ചുറ്റി അവന് കുടിക്കാൻ കൊടുത്തു. അവൻ രുചിച്ചുനോക്കി. പക്ഷെ, കുടിച്ചില്ല. അങ്ങനെ, ദാഹിച്ചുവലഞ്ഞ്, സഹിച്ചുസഹിച്ച് അവൻ കുരിശിന്റെ വിരിമാറിലേക്ക് തലചായ്ച്ചു മരണമടഞ്ഞു. എല്ലാം പൂർത്തിയായി': അവൻ അവസാനമായി മന്ത്രിച്ചു.

വ്യാകുലയായ ഒരു അമ്മ കുരിശിന്റെ ചുവട്ടിൽ നിന്നിരുന്നു. ആരും അവളോട് ചോദിച്ചില്ല: എന്തേ, നിന്റെ മകൻ, മുപ്പത്തിമൂന്നിന്റെ ചെറുപ്രായത്തിൽ ഇങ്ങനെ, ഈ കുരിശിൽ?! പക്ഷെ കുരിശിൽ കിടന്ന് ആ മകൻ പറഞ്ഞ ഒരു സങ്കീർത്തന പ്രാർത്ഥന അവൾക്കും ഹൃദിസ്ഥമായിരുന്നു. പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു (ലൂക്കാ 23,46).

എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ച ആ അമ്മയ്ക്ക് ആ നൊമ്പരവും ആഘാതവും, വ്യാകുലം ഹൃദയത്തിൽ നിറഞ്ഞ് നില്ക്കുമ്പോഴും, സ്വീകരിക്കാനും അംഗീകരിക്കാനും സാധിച്ചു. 'ഇതാ, കർത്താവിന്റെ ദാസി, അങ്ങേ ഹിതംപോലെ എന്നിൽ നടക്കട്ടെ' (ലൂക്കാ 1,38). അതായിരുന്നു ആ ജീവിതം മുന്നോട്ടുനയിച്ച താക്കോൽ വാക്യം.

### *മരണം ഒരു വാതിൽ*

ഫ്രാൻസീസ് പാപ്പയുടെ വാക്കുകൾ ശ്രദ്ധേയമാണ്. മരണം മനുഷ്യന്റെ ഭാവിയുടെമേൽ അവസാന വാക്കല്ല. എന്തെന്നാൽ മനുഷ്യജീവിതം വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത് സീമകളില്ലാ ത്ത ഒരു ജീവിതത്തിലേക്കാണ്. അതിന്റെ അടിസ്ഥാനവും പൂർത്തീകരണവും ദൈവത്തിലാണ്. നമ്മുടെ ജീവിതം മരണത്തോടുകൂടി പരിസമാപ്തിപ്പെടുന്നില്ല. ഉത്ഥാനം വഴി ക്രിസ്തു തുറന്നിട്ടത് സ്വർഗത്തിലേക്ക്, അനുഗ്രഹീത മാതൃഭൂമിയിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്ന ഒരു വാതിലാണ്.

സൂര്യകാന്തി പുഷ്പമെന്നും സൂര്യനെ നോക്കുന്ന പോലെ, ഞാനുമെന്റെ നാഥനെ താൻ നോക്കിവാഴുന്നു എന്ന സുന്ദരമായ വരികളെഴുതിയ വരാപ്പുഴ അതിരൂപതാംഗം ഫാ. മൈക്കിൾ പനക്കലിന്റെ പ്രചോദനാത്മകമായ മറ്റൊരു ഗാനമുണ്ട്:

*'തേനൊഴുകും, പാലൊഴുകും*
*നാടാണെന്നുടെ വീട്,*
*ഞാനവിടെ ചെന്നൊടുവിൽ*
*സാനന്ദം വാണിടും.*
*വേദനയോ യാതനയോ*
*കാണുകില്ലവിടെ.*
*കൂരിരുളോ പാഴ്നിഴലോ വീഴുകയില്ലവിടെ.*

അങ്ങനെ, വേദനയും യാതനയുമില്ലാത്ത, പാഴ്നിഴലും കൂരിരുളുമില്ലാത്ത ഒരിടത്ത് നമുക്കു മുൻപേ കടന്നുപോയവർ സാനന്ദം വാണിടുന്നു എന്നാണ് നമ്മുടെ വിശ്വാസം. അതാണ് നമ്മുടെ ആശ്വാസം. പ്രത്യാശ.

അമേരിക്കയിലെ മനുഷ്യാവകാശ നേതാവായിരുന്ന മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറിന്റെ മൃതസംസ്കാരത്തിൽ അദ്ദേഹം മുൻപ് ആഗ്രഹിച്ചതുപോലെ മഹാലിയ ജാക്സൺ ആലപിച്ചത്, Take my hand, precious Lord (എന്റെ കരം താങ്ങണേ, എൻ പ്രിയനാഥാ) എന്ന ഗാനമായിരുന്നു അദ്ദേഹത്തിന്റെ കബറിടത്തിലെ ലിഖിതം (Epitaph) ഇപ്രകാരമായിരുന്നു: Free at last, free at last, Thank God Almighty, I am free at last!' (ശാശ്വത സ്വാതന്ത്ര്യത്തിലേക്ക്, എല്ലാറ്റിനുമൊടുവിൽ, നന്ദിയോടെ സർവ്വശക്തന്റെ നിത്യതയിലേക്ക്).

നിത്യാനന്ദത്തിലേക്ക്, നമുക്ക് മുൻപേ പോയവർ പ്രവേശിച്ചിരിക്കുന്നു. അവരെ ഓർത്ത് ആശ്വസിക്കാം. ആനന്ദിക്കാം. അതോടൊപ്പം, അവരുടെ അഭാവവും വിരഹവും പകരുന്ന ദുഃഖം എപ്രകാരം കൈകാര്യം ചെയ്യാനാവും എന്നതാണ് ഏറ്റവും പ്രധാനമായത്.

### *ക്രിയാത്മകമായി കൈകാര്യം ചെയ്യേണ്ട വ്യഥ*

വിഖ്യാതനായ ഇംഗ്ലീഷ് എഴുത്തുകാരൻ സി.എസ്. ലൂയീസ് (C.S. Lewis) സ്നേഹമയിയായ തന്റെ ഭാര്യ, ജോയി ഡേവിഡ്മാൻ വിവാഹശേഷം വെറും നാലു വർഷം മാത്രം കഴിഞ്ഞപ്പോൾ 45-ാം വയസ്സിൽ ക്യാൻസർ ബാധിച്ച് അകാലത്തിൽ നിര്യാതയായപ്പോൾ ആ വലിയ ദുഃഖം കൈകാര്യം ചെയ്തത് 'A Grief Observed എന്ന പുസ്തകത്തിൽ പ്രചോദനാത്മകമായി കുറിച്ചിട്ടുണ്ട്. സഹനത്തിന്റെയും ഏകാന്തതയുടെയും ഇരുണ്ട രാവുകളിൽ നിന്ന് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രഭാതത്തിലേക്കാണ് നടന്നുകയറാൻ പരിശ്രമിച്ചത്.

*ജീവിതത്തിൽ അപ്രതീക്ഷിതമായ ആഘാതങ്ങൾ വന്നുപെട്ടാൽ അതിജീവിക്കാൻ വിദഗ്ദ്ധമായ നടപടികൾ ശാസ്ത്രീയമായി നിർദ്ദേശിക്കുന്നത് നാം പരിഗണനയിൽ എടുക്കണം.*

**1. വ്യഥകൾ അംഗീകരിക്കുക** (Acknowledge your grief): പ്രിയമുള്ളവർ നിത്യമായി അകലുമ്പോൾ ഹൃദയം നുറുങ്ങുന്ന നൊമ്പരം സ്വാഭാവികമാണ്. ദുഃഖത്തിന്റെ ആ

വ്രണിത വികാരങ്ങൾ ആരെയും അറിയിക്കാതെ അടക്കിയൊതുക്കി വയ്ക്കാതിരിക്കുന്നതാണ് അഭികാമ്യം. അത് അംഗീകരിക്കുക തന്നെയാണ് കരണീയം.

മരണവുമായി ബന്ധപ്പെട്ട നിരീക്ഷണ പഠനങ്ങൾ നടത്തി വിഖ്യാതയായ എലിസബത്ത് ക്യൂബ്ളർ റോസ് മാനുഷിക വ്യഥയുടെ അഞ്ചുതലങ്ങൾ വിവരിക്കുന്നുണ്ട്: (1) ഉപേക്ഷ (Denial): ഹേയ് അങ്ങനെയൊന്നുമല്ല എന്ന പെരുമാറ്റം; (2) കോപം (Anger): എല്ലാറ്റിനോടും വെറുപ്പും വിദ്വേഷവും കോപപ്രകൃതവും ചിലരിൽ പ്രത്യക്ഷമാവും; (3) വിലപേശൽ (Bargaining): ദൈവത്തോടും മനുഷ്യ പ്രകൃതിയോടു തന്നെയുമുള്ള തർക്കവും വിലപേശലുമാണ് അടുത്ത പടി. (4) വിഷാദം (Depression), തുടർന്ന്, (5) അംഗീകരിക്കൽ (Acceptance). ജീവിതത്തിൽ കടന്നവരുന്ന ദുഃഖങ്ങളുടെയും സങ്കടങ്ങളുടെയും ഈ തലങ്ങൾ മനസ്സിലാക്കിയാൽ, അതെല്ലാം അംഗീകരിക്കാനും അതിജീവിക്കാനും കൂടുതൽ എളുപ്പമാകും.

(2) ***സഹായം തേടുക***

(Seek support):
ദുഃഖം മനസ്സിൽ വന്നുനിറയുമ്പോൾ, ഏകാന്തതയുടെ വാല്മീകത്തിലേക്ക്, ഒതുങ്ങിക്കൂടുന്നതിനുപകരം, ഒറ്റക്കിരുന്ന് എല്ലാം സഹിക്കുന്നതിന് പകരം, ആവശ്യമുള്ള സഹായം തേടണം. കരുതലോടെ ശ്രവിക്കുന്ന ആരോടെങ്കിലും ഉള്ളുതുറന്ന് സംസാരിക്കാനും, സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം ആകാനും നാം ശ്രദ്ധിക്കണം.

(3) **കൃത്യനിഷ്ഠ**

(Establish routine):
ജീവിതത്തിന്റെ എല്ലാ കാര്യങ്ങളിലും ഒരു നിഷ്ഠയും ക്രമവും സൂക്ഷിക്കുന്നത് സ്വാഭാവികമായ ശൈലിയിലേക്ക് തിരിച്ചുവരാൻ അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച് ആരോഗ്യപരിപാലനത്തിന് ആവശ്യമായ വ്യായാമവും മറ്റും സഹായകമാകും.

(4) **മരണമടഞ്ഞവരുടെ ഓർമ്മ നിലനിർത്തുന്ന സംരംഭങ്ങൾ തുടങ്ങുക**

(Memorialize the discalsed):
മരണമടഞ്ഞ വ്യക്തികളുടെ ഓർമ്മയ്ക്കായി, കാരുണ്യപ്രവർത്തനങ്ങളോ കുറിപ്പുകൾ, ആൽബം, മറ്റ് അനുസ്മരണ കാര്യങ്ങൾ തയ്യാറാക്കുന്നതിനും മറ്റും വ്യാപൃതമാകുന്നതും ആശ്വാസത്തിന്റെ പാത നമുക്കായി തുറക്കാൻ എളുപ്പമാകും.

'ലോകമേ യാത്ര' എന്ന കവിതയിൽ സിസ്റ്റർ മേരി ബനീഞ്ഞ പാടിയത് ആത്യന്തികമായി നമ്മുടെയും ജീവിതഗാനമാണ്.

*ഒരിക്കലീ ജഗത്തെയും*
*ജഡത്തെയും*
*പിരിഞ്ഞു നാം തിരിക്കണം*
*വിസമ്മതങ്ങളൊന്നുമേ*
*ഫലപ്പെടാ-*
*തിരിച്ചു പിന്നെ വന്നിടാത്ത*
*യാത്രയാണതാകയാൽ*
*കരത്തിലുള്ളതൊക്കെ നാ-*
*മതിർത്തിയിൽ ത്യജിക്കണം!*

നമുക്കു മുമ്പേ കടന്നുപോയവരുടെ ഒളിമങ്ങാത്ത ഓർമ്മകളിൽ നാം അശ്രുകണങ്ങൾ പൊഴിക്കുമ്പോഴും, കരത്തിലൊന്നും കരുതാതെ, അതിർത്തിയിൽ ത്യജിച്ചു നാം കടന്നുപോകണം എന്ന ജീവിത മന്ത്രം മനസ്സിൽ സൂക്ഷിക്കാം. യാത്ര തുടരാം.



**ചിന്താകവിത; കവിതാ ചിന്ത**

***ഹൃദയമിടിപ്പ്***

പഴകിയ വീൽചെയറിൽ ഡോക്ടറുടെ അരികിലെത്തിയ വൃദ്ധനായ രോഗി പരാതിപ്പെട്ടു: എന്നെ വിശദമായി പരിശോധിക്കണം ഡോക്ടർ. ഞാൻ ചെറുതായൊന്ന് അനങ്ങുമ്പോൾപ്പോലും എന്റെ ഹാർട്ട് വല്ലാതെ മിടിക്കുന്നു. കിറു കിറു എന്നൊരു ശബ്ദം ഞാൻ ചെറുതായൊന്ന് അനങ്ങിയാൽപോലും കേൾക്കുന്നു ഡോക്ടർ!

ആശ്വസിപ്പിച്ചുകൊണ്ട് ഡോക്ടർ പറഞ്ഞു: പരിഭ്രമിക്കേണ്ടാ; ഞാൻ നോക്കാം.

ഡോക്ടർ ഇരുത്തിയും കിടത്തിയും വിശദമായി പരിശോധിച്ചു. എന്നിട്ടു പറഞ്ഞു: ഹൃദയത്തിന് ഒരു കുഴപ്പവുമില്ല. എല്ലാം ഫെർഫെക്ടലി ഓക്കെയാണ്. ഡോണ്ട് വറി.

പക്ഷേ, അതുകൊണ്ടൊന്നും രോഗി സമാധാനിച്ചില്ല; ഞാൻ അനങ്ങുമ്പോഴൊക്കെ കിറു, കിറു ശബ്ദം കേൾക്കുന്നു. ഹൃദയത്തിന് എന്തോ പ്രശ്നമുണ്ട് ഡോക്ടർ. എന്തെങ്കിലും നല്ല മരുന്നെഴുതണം, പ്ലീസ്!

അപ്പോൾ ഡോക്ടർ പറഞ്ഞു: ഞാനെഴുതാം. പക്ഷേ, മരുന്നല്ല. ഒരു ലൂബ്രിക്കേറ്റിങ്ങ് ഓയിലാണ്. അത് രണ്ടുമൂന്നു നേരം നിങ്ങളുടെ വീൽചെയറിന്റെ ചക്രത്തിനിടയിൽ ഒഴിക്കുക. വീൽ ടൈറ്റ് ആകുന്നതാണ് കിറുകിറു ശബ്ദമുണ്ടാക്കുന്നത്.

എന്നാറേ, ഹൃദയത്തോട് കൈചേർത്തുകൊണ്ട് രോഗി നെടുവീർപ്പിട്ടു: താങ്ക് ഗോഡ്!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# മരണമടഞ്ഞവരെ ഓർക്കുമ്പോൾ...



**റവ. ഡോ. സ്റ്റീഫൻ ആലത്തറ**

ഓരോ വർഷവും നവംബർ മാസത്തിൽ നാം പ്രത്യേകമായി മരണമടഞ്ഞവരെ ഓർക്കുന്നു. നമ്മുടെ പ്രിയപ്പെട്ട മരണമടഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കത്തോലിക്കാ സഭയുടെ ആരാധന ക്രമവത്സരത്തിൽ നവംബർ മാസം "വിശ്വാസത്തിൽ മരിച്ചവരെ" പ്രത്യേകിച്ച് ശുദ്ധീകരണ സ്ഥലത്തിലുള്ള ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനായി സമർപ്പിച്ചിരിക്കുന്നു.

*നവംബർ ഒന്നാം തീയതി സകല വിശുദ്ധരുടെയും തിരുനാളും നവംബർ രണ്ടാം തീയതി മരിച്ച വിശ്വാസികളുടെ ദിനവും ആചരിക്കുന്നതു കൊണ്ടാണ് നവംബർ മാസം മരണമടഞ്ഞവർക്കു വേണ്ടി പ്രാർത്ഥിക്കുവാനുള്ള മാസമായി സഭ പ്രഖ്യാപിച്ചിരിക്കുന്നത്.*

നവംബർ മാസം മരണമടഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ആചാരം പ്രാചീന സഭയിൽ ആരംഭിച്ചതാണ്. പിന്നീട് നൂറ്റാണ്ടുകളായി വികസിച്ച്, ഗ്രിഗറി നാലാമൻ പാപ്പായുടെ കാലഘട്ടത്തിൽ സകല വിശുദ്ധരുടെ തിരുനാൾ നവംബർ ഒന്നാം തീയതിയും മരിച്ചവിശ്വാസികളുടെ ദിനം രണ്ടാം തീയതിയുമായി നിശ്ചയിച്ചു. ഇതോടെ നവംബർ മരിച്ചവരെ ഓർക്കാനുള്ള പ്രധാന മാസമായി.

ദൈവശാസ്ത്രപരമായി, നവംബർ "വിശുദ്ധരുടെ ഐക്യം" (Communion of Saints) ഓർമ്മിപ്പിക്കുന്നു. സഭ മൂന്ന് വിഭാഗങ്ങളായാണ് നിലനിൽക്കുന്നത്: സ്വർഗ്ഗത്തിലെ സഭ (Church Triumphant), ഭൂമിയിലെ സഭ (Church Militant), ശുദ്ധീകരണ സ്ഥലത്തിലെ സഭ (Church Suffering). ക്രിസ്തുവിൽ ഇവയെല്ലാം ഐക്യത്തിലാണ്.

നമ്മുടെ വിശ്വാസമനുസരിച്ച് ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ ശുദ്ധീകരണ സ്ഥലത്തിലുള്ള ആത്മാക്കളുടെ ശുദ്ധീകരണം വേഗത്തിലാക്കാൻ സഹായിക്കും. അതുകൊണ്ട് നവംബർ മാസത്തിൽ പ്രാർത്ഥനകളും, ദിവ്യബലികളും, ദാനധർമ്മങ്ങളും പ്രത്യേകമായി മരിച്ചവർക്കായി നാം അർപ്പിക്കുന്നു.

**വിശുദ്ധ ഗ്രന്ഥത്തിൽ**

വിശുദ്ധ ഗ്രന്ഥത്തിൽ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയെപ്പറ്റി പ്രത്യക്ഷമായി പരാമർശിക്കുന്ന ഒരു ഭാഗം മാത്രമേയുള്ളൂ 2 മക്കബായർ 12,42-45. ഇവരുടെ ഈ പാപം തുടച്ചുമാറ്റണമെന്നു യാചിച്ച് അവർ പ്രാർഥനയിൽ മുഴുകി. പാപം നിമിത്തം മരണത്തിന് ഇരയായവർക്ക് സംഭവിച്ചതെന്തെന്ന് ഒരിക്കൽ കണ്ട ജനത്തോട് പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ വീരപുരുഷനായ യൂദാസ് ഉപദേശിച്ചു. അനന്തരം, അവൻ അവരിൽ നിന്നു രണ്ടായിരത്തോളം ദ്രാക്മാ വെള്ളി പിരിച്ചെടുത്തു പാപപരിഹാര ബലിക്കായി ജറുസലെമിലേക്ക് അയച്ചുകൊടുത്തു. പുനരുത്ഥാനം ഉണ്ടാകുമെന്ന് ഉറച്ച് യൂദാസ് ചെയ്ത ഈ പ്രവൃത്തി ശ്രേഷ്ഠവും ഉചിതവും തന്നെ. മരിച്ചവർ ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കുവേണ്ടി പ്രാർഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്തവും ആകുമായിരുന്നു. എന്നാൽ, ദൈവഭക്തിയോടെ മരിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന അമൂല്യ സമ്മാനത്തെക്കുറിച്ച് അവൻ പ്രത്യാശ പുലർത്തിയെങ്കിൽ അത് പാവനവും ഭക്തിപൂർണ്ണവുമായ ഒരു ചിന്തയാണ്. അതിനാൽ മരിച്ചവർക്ക്, പാപമോചനം ലഭിക്കുന്നതിന് അവൻ അവർക്കുവേണ്ടി പാപപരിഹാരകർമം അനുഷ്ഠിച്ചു. 'മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് പ്രയോജനപ്രദമാണെന്ന യൂദാസ് മക്കബേയൂസിന്റെയും അനുയായികളുടെയും വിശ്വാസത്തെ ഈ വിശുദ്ധ ഗ്രന്ഥഭാഗം വ്യക്തമാക്കുന്നു.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രയോജനത്തെപ്പറ്റി പരോക്ഷമായി പരാമർശിക്കുന്ന ഒരു ബൈബിൾ ഭാഗമാണ് 2 തിമോത്തിയോസ് 1:11-16. തടവുകാരനായിരുന്ന തന്നെ എഫേസോസിലും റോമായിലും വെച്ച് വിശ്വസ്തതയോടെ പരിചരിക്കയും പിന്നീട് മരണമടയുകയും ചെയ്ത ഒനേസി ഫോറസ് വിധി ദിവസത്തിൽ കർത്താവിൽനിന്ന് കാരുണ്യം കണ്ടെത്തുവാൻ അവിടുന്ന് അവന് അനുഗ്രഹം നല്

കട്ടെ എന്ന പൗലോസ് അപ്പോസ്തലന്റെ പ്രാർത്ഥനയും ആശംസയുമാണ് ഇവിടെ നാം കാണുന്നത്. ക്രിസ്തുനാഥന്റെ മധ്യസ്ഥ പ്രാർത്ഥനയിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് മരിച്ചുപോയ ഒരു വ്യക്തിയെ ദൈവത്തിന്റെ കാരുണ്യത്തിന് ഏല്പിക്കുന്ന ഈ വാകൃങ്ങളിൽ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയുടെ പ്രയോജനത്തെപ്പറ്റിയാണ് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നത്.

**സഭയുടെ പ്രബോധനം**

മരിച്ചവരോടുള്ള ഐക്യം യേശുക്രിസ്തുവിന്റെ മൗതിക ശരീരത്തോടുള്ള ഐക്യമാണ്. സഭയുടെ പ്രാരംഭകാലം മുതൽ തന്നെ, തീർത്ഥാടക വിശ്വാസികളായ സഭാമക്കൾ മരിച്ചവരുടെ ഓർമ്മയെ മഹത്തായ ബഹുമാനത്തോടെ ആദരിച്ചു; 'മരിച്ചവരുടെ പാപങ്ങളിൽനിന്ന് അവർ മോചിപ്പിക്കപ്പെടാൻ വേണ്ടി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധവും ഉപകാരപ്രദവുമായൊരു പ്രവൃത്തിയായി പരിഗണിച്ചു', മരിച്ചവർക്കായി ഭൂമിയിലെ സഭ അവർക്കായി പ്രാർത്ഥനകൾ അർപ്പിക്കുന്നു. 'നമ്മുടെ അവർക്കായുള്ള പ്രാർത്ഥന, അവരെ സഹായിക്കുന്നു എന്ന് മാത്രമല്ല, അവരുടെ നമുക്കായുള്ള മാധ്യസ്ഥം യാചിക്കലും കൂടിയാണ് (സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥം 958).

ആദ്യകാലം മുതലേ തന്നെ വിശുദ്ധസഭ മരിച്ചവരെ സ്മരിക്കുകയും, അവരുടെ ആത്മാക്കളുടെ മോചനത്തിനായി പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തു. അതിൽ പ്രധാനസ്ഥാനം പരിശുദ്ധ ദിവ്യബലിയാണ്; ജീവിക്കുന്നവർ അർപ്പിക്കുന്ന ദിവ്യബലിയിലൂടെ മരണമടഞ്ഞവർ വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന്റെ പരമാനന്ദ സ്വരൂപമായ ദർശനത്തെ കൈവരിക്കണമെന്നതാണ് സഭയുടെ ലക്ഷ്യം. സഭ, മരിച്ചവർക്കുവേണ്ടി പ്രായശ്ചിത്ത കർമ്മങ്ങളും ദണ്ഡവിമോചനങ്ങളും വിശ്വാസികൾ അനുഷ്ഠിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു (സാർവത്രിക സഭയുടെ മതബോധനഗ്രന്ഥം 1032).



സഭ മരിച്ചവർക്കായി പ്രാർത്ഥിക്കുന്നത്, ശുദ്ധീകരണ സ്ഥലവുമായി ബന്ധപ്പെട്ടാണ്. "ദൈവത്തിന്റെ കൃപയിലും സൗഹൃദത്തിലും മരിച്ചെങ്കിലും, പരിപൂർണ്ണമായി ശുദ്ധീകരിക്കപ്പെടാത്ത എല്ലാവർക്കും നിത്യരക്ഷ ഉറപ്പായിരിക്കുന്നു. എന്നാൽ അവർ മരണത്തിനുശേഷം ശുദ്ധീകരണം ഏറ്റുവാങ്ങുന്നു. സ്വർഗ്ഗത്തിലെ സന്തോഷത്തിലേക്കു പ്രവേശിക്കാൻ ആവശ്യമുള്ള പരിശുദ്ധി അവർ നേടുന്നു. സഭ ഈ അന്തിമ ശുദ്ധീകരണത്തെ 'ശുദ്ധീകരണ സ്ഥലം' എന്നുവിളിക്കുന്നു. ഇത് ശിക്ഷിക്കപ്പെട്ടവരുടെ ശിക്ഷയിൽ നിന്ന് പൂർണ്ണമായും വ്യത്യസ്തമാണ്" (സാർവത്രിക സഭയുടെ മതബോധന ഗ്രന്ഥം 1030–1031).

**സ്നേഹസമൂഹമായ സഭ**

ക്രിസ്തുനാഥനും സഭയും തമ്മിലും സഭാംഗങ്ങൾ തമ്മിൽ തമ്മിലുമുള്ള ഐക്യത്തെയും ബന്ധത്തെയും സൂചിപ്പിക്കാനാണ് സഭയെ പൗലോസ് അപ്പോസ്തലൻ ക്രിസ്തുനാഥന്റെ ശരീര മെന്നു വിശേഷിപ്പിക്കുന്നത്. ക്രിസ്തുനാഥനിൽ അങ്ങനെ ഒന്നായിരിക്കുന്ന ഒരു സ്നേഹ സമൂഹമായിട്ടാണ് സഭ പിതാവിന്റെ അടുത്തേയ്ക്ക് തീർത്ഥാടനം ചെയ്യുന്നത്. തന്റെ ജീവൻ കൊടുത്ത് രക്ഷിച്ച ഈ സഭയെ ക്രിസ്തുനാഥൻ നിരന്തരം നയിക്കുകയും ഓരോ സഭാംഗത്തിനും വേണ്ടി പിതാവിന്റെ മുമ്പിൽ മാധ്യസ്ഥം വഹിക്കുകയും ചെയ്യുന്നു.

സഭയാകുന്ന സ്നേഹ സമൂഹത്തിൽ എല്ലാവരും എല്ലാവർക്കും ബന്ധപ്പെട്ടവരും വേണ്ടപ്പെട്ട വരുമാണ്. ആരും ആർക്കും അന്യരല്ല. ഈ സ്നേഹസമൂഹത്തെ സൂചിപ്പിക്കാനാണ് വിശ്വാസ പ്രമാണത്തിൽ 'പുണ്യവാന്മാരുടെ ഐക്യം' എന്നു നാം പറയുന്നത്. പ്രാർത്ഥനയിലും സത്കർമ്മങ്ങളിലുമെല്ലാം ഈ സ്നേഹസമൂഹത്തിലെ എല്ലാവരും പരസ്പരം പങ്കുചേരുന്നു. ക്രിസ്തുനാഥനിൽ ഒന്നായിരിക്കയും അവിടുത്തെ മധ്യസ്ഥ പ്രാർത്ഥനയിൽ പങ്കുപറ്റുകയും ചെയ്യുന്നതുകൊണ്ട് ഓരോരുത്തർക്കും തങ്ങളുടെ മധ്യസ്ഥപ്രാർത്ഥന വഴി മറ്റുള്ളവരെ സഹായിക്കാൻ കഴിയും.

ഈ സ്നേഹസമൂഹത്തിലെ ചിലർ പിതാവിന്റെ പക്കലേക്കുള്ള തീർത്ഥാടനം പൂർത്തിയാക്കിയവരാണ്. മറ്റുള്ളവർ ഇപ്പോഴും തീർത്ഥാടനം നടത്തുന്നവരും. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ചിലർ മരണമടഞ്ഞവരും ഇതരർ ജീവിക്കുന്നവരുമാണ്. മരണം ആരെയും ഈ സ്നേഹ സമൂഹത്തിൽ നിന്ന്

വേർപെടുത്തുന്നില്ല. മരിച്ചവരായാലും ജീവിക്കുന്നവരായാലും, എല്ലാവരും ഒരേ സ്നേഹ ബന്ധത്തിൽ ഐക്യപ്പെട്ടവരാണ്.

മനുഷ്യൻ തന്റെ ദൈവത്തെ അഭിമുഖീകരിക്കുന്ന നിർണ്ണായകമായ നിമിഷമാണല്ലോ മരണം. മരിക്കുന്നയാൾ ഒറ്റയ്ക്കല്ലെന്നും സഭയുടെ മധ്യസ്ഥ പ്രാർത്ഥന തനിക്കു തുണയായിട്ടുണ്ടെന്നും അയാൾക്കു സഭ ഉറപ്പു നല്കുന്നു. മനുഷ്യപാപങ്ങൾക്ക് പാപപരിഹാരബലിയായി തീർന്ന സഭാ തലവനായ ക്രിസ്തുനാഥൻ ദൈവസാന്നിധ്യത്തിലേക്കു തന്നെ നയിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് അതയാളെ ഓർമ്മിപ്പിക്കുന്നു.

ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾ ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്ക് സഹായകരമാണെന്ന് വിശുദ്ധ ഗ്രന്ഥവും സഭയുടെ പാരമ്പര്യങ്ങളും പഠിപ്പിക്കുന്നു. അനവധി വിശുദ്ധരും ഈ സത്യത്തെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവർ സ്വർഗത്തിൽ പ്രവേശിച്ച ശേഷം, മറ്റുള്ളവർക്കായി മാധ്യസ്ഥം വഹിക്കുകയും ചെയ്യും. ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കായി അനുദിനം നിരന്തരം പ്രാർത്ഥിക്കുന്നത് ഏറ്റവും വലിയ കാരുണ്യ പ്രവൃത്തിയാണ്.

ജീവിക്കുന്ന വിശ്വാസികളായ നമ്മെ ദൈവം വിളിക്കുന്നത്, ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കായി പ്രാർത്ഥിച്ച് അവരെ സ്വർഗ്ഗത്തിലേക്ക് എത്തിക്കുന്നതിനാണ്. അവിടെ അവർ നമുക്കായി മാധ്യസ്ഥം വഹിക്കും. നമ്മുടെ ആത്മീയ പിന്തുണയ്ക്കായി കാത്തിരിക്കുന്ന അനേകം മരിച്ചവരെ നമ്മൾ മറക്കരുത്. അവരെ നമ്മുടെ പ്രാർത്ഥനയിൽ അനുദിനം ഓർക്കണം. സകല വിശുദ്ധരുടെ രാജ്ഞിയായ മറിയത്തോടൊപ്പം അവർ സ്വർഗത്തിലെ തെരഞ്ഞെടുത്തവരുടെ കൂട്ടത്തിൽ പ്രവേശിക്കട്ടെയെന്ന് നിരന്തരം അപേക്ഷിക്കാൻ നമുക്ക് സാധിക്കണം.

# വേർപാടിന്റെ നൊമ്പരം



**ഫാ. ബോബി ജോസ് കട്ടിക്കാട്ട്**

നവംബർ കാത്തലിക് രീതിയിൽ മരിച്ചവരെ ഓർമിക്കാനുള്ള കാലമാണ്. രണ്ടാം തിയതി പൂക്കളും തിരികളും കൊണ്ട് സെമിത്തേരി അലങ്കരിക്കും. 'അനിദ'യ്ക്കു വേണ്ടിയുള്ള ഒരു നീണ്ട ലിസ്റ്റ് വല്യപ്പച്ചൻ തലേന്നേ തയാറാക്കിവച്ചത് പള്ളിയിൽ ഏല്പിക്കണം. അതു മരിച്ചവർക്കു വേണ്ടി പേരു ചൊല്ലിയുള്ള തീരെ ചെറിയ ഒരു പ്രാർത്ഥനയാണ്. ജീവനുള്ളവരേക്കാൾ കൂടുതൽ ബന്ധുക്കൾ പരേതാത്മാക്കളാണെന്നു തോന്നുന്ന വിധത്തിൽ അത്രയും ദീർഘമായ പട്ടികയായിരുന്നു അത്. അവസാനത്തെ പേര് എപ്പോഴും 'ആരോരുമില്ലാത്ത ആത്മാക്കൾ' എന്നുതന്നെയായിരിക്കും.

പലയാവർത്തി വായിച്ച ഒരു പുസ്തകം ഈ ദിനങ്ങളിൽ വീണ്ടും മറിച്ചുനോക്കുന്നു. അസാധാരണ ഭംഗിയോടെ രൂപകല്പന ചെയ്തിട്ടുള്ള ഒരു പുസ്തകമാണ്- ബാർട് മില്ലാഡിന്റെ Homesick. സിയനയിലെ സെയ്ന്റ് കാതറീന്റെ വരികളാണ് പ്രചോദനം. "Make two homes for thyself, my daughter. One actual home and the other a spiritual home which thou are to carry with thee always.

ഹോം സിക്ക് എന്ന പദത്തിന് ആദത്തോളം പഴക്കമുണ്ടെന്നാണ് ബാർട് മില്ലാഡ് കരുതുന്നത്. പറുദീസാ നഷ്ടത്തിനു ശേഷമുള്ള അവരുടെ ജീവിതം മുഴുവൻ വീട്ടുജ്വരത്തിന്റെ നിഴലിലായിരുന്നു. വേർപിരിയൽ ഒരു പുതിയ അനുഭവമായിരുന്നു ഭൂമിയുടെ ആദ്യമാതാപിതാക്കൾക്ക്. എന്നാൽ നമുക്കാവട്ടെ അതു നിരന്തരം അഭിമുഖീകരിക്കേണ്ട ഒന്നായി മാറുന്നു. വിദ്യാലയത്തിന്റെ ആദ്യദിനം മുതൽ ഉറ്റവർ ജീവിതത്തിന്റെ ഭംഗികളിൽ നിന്ന് വഴുതി നിശ്ചലരാകുന്നതുവരെ പല ഭാഷ്യങ്ങളിൽ ആ ജ്വരമൂർച്ഛ നാം അനുഭവിക്കുന്നുണ്ട്. വീട്ടിൽ നിന്നു പിരിഞ്ഞുനിന്ന ആദ്യദിനം വെറുതേയൊന്ന് ഓർത്തുനോക്കൂ. ഇപ്പോൾ പോലും ഈ പ്രഭാതത്തെ വിഷാദഭരിതമാക്കുവാൻ കഴിവുള്ള ഒന്നാണതിന്റെ ഓർമ.

വീട്ടിലായിരിക്കുമ്പോൾ സാഹസങ്ങളെ കിനാവു കാണുകയും സാഹസങ്ങൾ ചെയ്യുമ്പോൾ വീടിന്റെ സുരക്ഷിതത്വമോർത്ത് നെടുവീർപ്പിടുകയും ചെയ്യുന്ന ദുര്യോഗം മനുഷ്യന്റെ തലവര യാണെന്ന് ഒരു എഴുത്തുകാരൻ കുറിച്ചിട്ടിട്ടുണ്ട്. ധൂർത്തപുത്രന്റെ കഥയൊക്കെ ഈ ഉദ്ധരണിയുമായി ചേർന്നുപോകുന്നതാണ്.

പോളാണ് അടിമുടി പരിഭ്രമിപ്പിക്കുന്ന ഈ വരി കുറിച്ചിരിക്കുന്നത്– While we are at home in the body, we are absent from the Lord. രണ്ടു വീടുകൾക്കിടയിൽ

*വിദ്യാലയത്തിന്റെ ആദ്യദിനം മുതൽ ഉറ്റവർ ജീവിതത്തിന്റെ ഭംഗികളിൽ നിന്ന് വഴുതി നിശ്ചലരാകുന്നതുവരെ പല ഭാഷ്യങ്ങളിൽ ആ ജ്വരമൂർച്ഛ നാം അനുഭവിക്കുന്നുണ്ട്. വീട്ടിൽ നിന്നു പിരിഞ്ഞുനിന്ന ആദ്യദിനം വെറുതേയൊന്ന് ഓർത്തുനോക്കൂ.*

വിഭജിച്ചുപോകുന്ന പ്രാണനായിട്ടാണ് അയാൾ തന്നെത്തന്നെ അടയാളപ്പെടുത്തുന്നത്. ജിവിതത്തിൽ ഒരു നിമിഷം വരും, നമ്മൾ സ്നേഹിച്ച പലരും ഇഹത്തിലല്ല പരത്തിലാണെന്ന ബോധം സാന്ത്വനമായി മാറുന്നത്. പിന്നെ മരണഭീതിയില്ല.

ഒരു ചെറിയ കാലത്തിനിടയിൽ ഉറ്റവരായ എട്ടു പേരെ നഷ്ടമായി ബാർട് മില്ലാഡിന്. അങ്ങനെയാണ് ഒരു മരണാനന്തര ശുശ്രൂഷയ്ക്കിടയിൽ ദേവാലയത്തിനുള്ളിൽ അയാളുടെ ഉറക്കെ യുള്ള ശബ്ദം ഇങ്ങനെ മുഴങ്ങിയത്: 'The reason why I'm broken, the reason why I cry is how long must I wait to be with you.' അങ്ങയോടൊപ്പമായിരിക്കുവാൻ എനിക്കെത്ര കാലം കൂടി കാത്തിരിക്കേണ്ടതുണ്ടെന്ന്. 'അങ്ങ്' ആരുമാകാം. ഞാൻ വിലയം പ്രാപിക്കുമെന്ന് വിശ്വസിക്കുന്ന ആ ചൈതന്യമാകാം. എനിക്കു മുൻപേ പൊലിഞ്ഞ, പ്രാണനെ പ്രകാശിപ്പിച്ച മെഴുതിരിവെട്ടമേ, അതു നീയുമാവാം.



# *നിത്യജീവിതം*



**ഡോ. ക്ലെമെന്റ്**
**വള്ളുവശ്ശേരി**

**ആമുഖം**

*മരണത്തിനപ്പുറം എന്ത് എന്ന ചോദ്യത്തിന് മാനവരാശിയോളം പഴക്കമുണ്ട്. ഈ ചോദ്യത്തിനുള്ള ഉത്തരം വ്യത്യസ്തത നിറഞ്ഞതാണ്. ഹൈന്ദവ വിശ്വാസസംഹിതകൾ മോക്ഷപ്രാപ്തിവരെയുള്ള പുനർജനനത്തെക്കുറിച്ച് പഠിപ്പിക്കുന്നു. പുനർജന്മത്തിൽ നിന്നും സകല സഹനങ്ങളിൽ നിന്നും ജ്ഞാനോദയത്തിലൂടെ മുക്തി നേടി നിർവാണം പ്രാപിക്കുന്നതിനെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നു ബുദ്ധമതം. യഹൂദമതത്തിലാകട്ടെ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവരും (ഫരിസേയർ) വിശ്വസിക്കാത്തവരുമുണ്ടായിരുന്നു (സദുക്കായർ). വിശദാംശങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും മരണാനന്തര വിധി, സ്വർഗനരകങ്ങൾ എന്നിവയിൽ വിശ്വസിക്കുന്നു പ്രവാചക മതങ്ങളായ ക്രിസ്തുമതവും ഇസ്ലാം മതവും.*

**ശരീരത്തിന്റെ ഉയിർപ്പ്**

ശരീരത്തിന്റെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസത്തിന്റെ കാതലാണ്. മരണാനന്തര ജീവിതത്തെ സംബന്ധിച്ച് ബൈബിൾ, സവിശേഷമായി പുതിയ നിയമം, വ്യക്തമായ കാഴ്ചപ്പാടുകൾ നല്കുന്നുണ്ട്. ഉയിർപ്പു ഞായറിന്റെ, അഥവാ ക്രിസ്തുവിന്റെ ഉത്ഥാന വെളിച്ചത്തിലാണ് ക്രൈസ്തവർ മരണാനന്തര ജീവിതത്തിന്റെ ഉൾക്കാഴ്ചകളിലേക്ക് എത്തിച്ചേരുന്നത്.

ശരീരത്തിന്റെ ഉയിർപ്പ് ദൈവവുമായുള്ള ശാശ്വത അസ്തിത്വമാണ്. നിഖ്യാ-സൂനഹദോസിന്റെ (325) 1700-ാം വാർഷികം നാം ഈ വർഷം ആചരിക്കുന്നു. ശരീരത്തിന്റെ ഉയിർപ്പും നിത്യജീവിതവും നിഖ്യാവിശ്വാസപ്രമാണം സുവ്യക്തമായി ഏറ്റുപറയുന്നു.

**വിശുദ്ധഗ്രന്ഥ പശ്ചാത്തലത്തിൽ**

പഴയനിയമം മനുഷ്യന്റെ



അസ്തിത്വത്തെക്കുറിച്ച് പ്രതിപാദിക്കാൻ മൂന്നു പദങ്ങൾ ഉപയുക്തമാക്കുന്നുണ്ട്: ശരീരം, പ്രാണൻ, ആത്മാവ് എന്നിവയാണവ. ഹീബ്രുഭാഷയിലെ പദങ്ങൾ യഥാക്രമം "ബാഷാർ," 'നെഫെഷ്,' "റൂആഹ്" എന്നിവയാണ്. "ബാഷാർ" എന്ന ഹീബ്രുപദം അർത്ഥമാക്കുന്നത് കേവല മാംസരക്തമല്ല. ഒരാളെന്നതിലുപരി മനുഷ്യവർഗം എന്ന സൂക്ഷ്മാർത്ഥത്തിലും ഈ പദം ഉപയോഗിക്കപ്പെടാറുണ്ട്. സ്ഥലകാല പരിമിതികൾക്ക് വിധേയമാകുന്ന, ക്ഷയിക്കുന്ന യാഥാർത്ഥ്യത്തെയാണ് "ബാഷാർ" എന്ന പദം അർത്ഥമാക്കുന്നത്. ഇതിനു സമാനമായ ഗ്രീക്കുപദം "സോമ" എന്നാണ്.

പഴയനിയമത്തിന്റെ ഹീബ്രുമൂലകൃതിയിൽ പുനരുത്ഥാനം എന്ന പദം കാണപ്പെടുന്നില്ല. ഗ്രീക്കുഭാഷയിലെ "അനസ്താസിസ്" എന്ന പദമാണ് പുതിയ നിയമത്തിൽ പുനരുത്ഥാനം എന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. "എഴുന്നേറ്റ് നില്ക്കുക," "എഴുന്നേറ്റ് പുറത്തു നില്ക്കുക" എന്നൊക്കെയാണ് "അനസ്താസിസ്" എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം.

**ധനവാന്റെയും ലാസറിന്റെയും ഉപമ**

ധനവാന്റെയും ലാസറിന്റെയും ഉപമ (ലൂക്കാ 16,19–31) യുടെ വെളിച്ചത്തിൽ മരണാനന്തരം ഒരാൾക്ക് എന്തു സംഭവിക്കുന്നുവെന്ന് നമുക്ക് കാണാനാകും. അത് ഏതാണ്ട് ഇപ്രകാരം സംഗ്രഹിക്കാം: (1) മരണാനന്തരവും ആളത്വത്തിന്റെ സ്ഥിരത ഉണ്ട്. മരണാനന്തരം ആളത്വവും അനന്യതയും നിലനില്ക്കുന്നു. മരണശേഷവും ലാസർ ഭൂമിയിലെ ദരിദ്രനായിരുന്ന ലാസറായും ധനവാൻ ഭൂമിയിലെ ധനവാനായും തിരിച്ചറിയപ്പെടുന്നു. (2) ധനവാൻ ലാസറിനെയും അബ്രാഹത്തെയും തിരിച്ചറിയുന്നു. (3) ഭൂമിയിലെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകൾ മരണശേഷവും നിലനില്ക്കുന്നു. ധനവാന്റെ നാവ് ജലകണത്തിനായി ദാഹിച്ചു. (4) മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അവബോധമുണ്ട്. (5) മരണാനന്തരം നീതിമാന്മാർക്കും നീതിരഹിതർക്കുമിടയിൽ ഒരു വേർതിരിവുണ്ട്
മരണശേഷവും നിലനില്ക്കുന്ന ചിരസ്ഥായിയായ ആളത്വം, അനന്യത, പരസ്പരം തിരിച്ചറിയാനുള്ള കഴിവ്, ഓർമകൾ, സുഖദുഃഖാനുഭവങ്ങൾ, വേർതിരിക്കപ്പെട്ട ഇടങ്ങൾ തുടങ്ങിയവ ആത്യന്തികമായി ശരീരത്തിന്റെ ഉയിർപ്പിനെയാണ് ദ്യോതിപ്പിക്കുന്നത്.

ശരീരത്തിന്റെ ഉയിർപ്പിനെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ ഹൃദയസ്പർശിയായി ഉദ്ബോധിപ്പിക്കുന്നു (cf. 1 തെസ 5,23; 1 കോറി 15,35–37; 1 കോറി 15,40; 1 കോറി 15,44). ശരീരത്തിന്റെ ഉയിർപ്പ് പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനിഷേധ്യമായ സത്യമാണ്. സഭ അത് എക്കാലവും അഭുംഗുരം ഏറ്റുപറഞ്ഞിട്ടുണ്ട് (cf. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 990, 9978, 1015).

*ശുദ്ധീകരണമെന്നത് ഒരവസ്ഥ എന്നതിനേക്കാൾ ഒരു പ്രക്രിയയാണ്. ദൈവദർശനത്തിന് വിഘാതമായതെല്ലാം നിർമാർജ്ജനം ചെയ്ത് നമ്മെ ദൈവദർശനത്തിന് യോഗ്യതയുള്ളവരാക്കി തീർക്കുന്ന പ്രക്രിയയാണ് ശുദ്ധീകരണം*

**സ്വർഗം**

നിത്യനായ ദൈവത്തിന്റെ ജീവനിൽ പങ്കുപറ്റുന്നതാണ് സ്വർഗം. മരണാനന്തര സൗഭാഗ്യം സൂചിപ്പിക്കാൻ പുതിയ നിയമത്തിൽ വ്യത്യസ്തങ്ങളായ പദങ്ങൾ ഉപയുക്തമാക്കപ്പെടുന്നു. നിത്യജീവൻ (യോഹ 1,4; 14,6; 6,33–69; മർക്കോ 10,30; തീത്തോ 1,2; 3,7), പറുദീസ (ലൂക്കാ 23,43), സ്വർഗം (അപ്പ 1,9; ലൂക്കാ 24,41; യോഹ 6,33 ള്ള.), മഹത്വം (റോമ 5:2; കൊള 3,4), ദൈവപുത്രസ്ഥാനം (റോമ 8,14–17; ഗലാ 4,4–7) തുടങ്ങിയവയാണവ.

സ്വർഗത്തെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ മൂന്നു കാര്യങ്ങളാണ് പ്രധാനമായുള്ളത്. 1. ക്രിസ്തുവിനോടുള്ള ബന്ധം 2. ദൈവദർശനം 3. മനുഷ്യന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണം. (cf. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1023–1029).

**മരണാനന്തര ശുദ്ധീകരണം**

ദൈവദർശനത്തിന് വിശുദ്ധി അനിവാര്യമാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്താ 5,8). ദൈവമാണ് ശുദ്ധീകരണം നടത്തുന്നത്. മാമ്മോദീസയിൽ ആരംഭിക്കുന്ന ഈ ശുദ്ധീകരണ പ്രക്രിയ പകുതി വഴിയിൽ ഉപേക്ഷിക്കുന്നവനല്ല ദൈവം. ഏതവസ്ഥയിലും നമ്മെ ശുദ്ധീകരിക്കാൻ ദൈവത്തിനു കഴിയും.

ശുദ്ധീകരണമെന്നത് ഒരവസ്ഥ എന്നതിനേക്കാൾ ഒരു പ്രക്രിയയാണ്. ദൈവദർശനത്തിന് വിഘാതമായതെല്ലാം നിർമാർജ്ജനം ചെയ്ത് നമ്മെ ദൈവദർശനത്തിന് യോഗ്യതയുള്ളവരാക്കി തീർക്കുന്ന പ്രക്രിയയാണ് ശുദ്ധീകരണം (cf. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1030).

പുണ്യവാന്മാരുടെ ഐക്യം മൂലം ഭൂമിയിൽ തീർത്ഥാടകരെങ്കിലും വിശ്വാസികൾക്കു ശുദ്ധീകരണാത്മാക്കളെ സഹായിക്കാനാവു

മെന്ന് സഭ സുവ്യക്തമായി പഠിപ്പിക്കുന്നു (cf. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1032). അവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ-സവിശേഷമായി പരിശുദ്ധ കുർബാന, ദാനധർമ്മം, പ്രായശ്ചിത്ത പ്രവൃത്തികൾ തുടങ്ങിയവ വഴി അവരെ സഹായിക്കാനാവും.

എന്താണ് നരകം

കാരുണ്യവാനും സ്നേഹനിധിയും ദയാലുവുമായ ദൈവത്തിന് എങ്ങനെയാണ് മനുഷ്യനെ നിത്യശിക്ഷയിലേക്ക് തള്ളിവിടാനാവുക? സ്നേഹം തന്നെയായ ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യം അനുവദിക്കുന്നു, ആദരിക്കുന്നു. ദൈവസ്നേഹം ഒരിക്കലും അടിച്ചേല്പിക്കപ്പെടുന്നില്ല. അത് സ്വതന്ത്രമായ സ്വീകരണമാകണം. മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് ഇടമേകാൻ നരകമെന്ന സാധ്യത തുറന്നു കിടക്കുന്നു.

നിത്യമായ മരണം-നരകം-ഉണ്ടെന്ന് വേദപുസ്തകം അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു (മത്താ 25,31-46). പരിശുദ്ധാത്മാവിനെതിരായ പാപവും (മർക്കോ 3,24-25) നരകത്തിന്റെ സാധ്യതയെ സൂചിപ്പിക്കുന്നു. മരണകരവും മരണകരവുമല്ലാത്തതുമായ പാപത്തെക്കുറിച്ച് യോഹന്നാൻ തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നു (1 യോഹ 5,16).


മനുഷ്യൻ എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടുവോ, മനുഷ്യനിൽനിന്ന് ദൈവം എന്താഗ്രഹിക്കുന്നുവോ, ആ ദൈവത്തിൽനിന്നുള്ള അകൽച്ചയാണ് നരകം. ദൈവം ആരെയും നരകത്തിലേക്ക് നിശ്ചയിച്ചിട്ടില്ല. മാരകപാപം ചെയ്ത് മരണംവരെയും മരണസമയത്തും ആ അവസ്ഥയിൽ തുടരുകയും ചെയ്യുന്നവർക്കാണ് നരകം ഒരു യാഥാർത്ഥ്യമാകുന്നത്. ദൈവം അനന്ത കരുണാമയനായതിനാൽ ജീവിതത്തിന്റെ അന്ത്യനിമിഷത്തിലെങ്കിലും മാനസാന്തരപ്പെടാൻ മനുഷ്യന് അവിടന്ന് അനുഗ്രഹവും അവസരവും നൽകുന്നതിനാൽ നരകം ഒരു യഥാർത്ഥ സാധ്യതയും എന്നാൽ നരകത്തിലായിരിക്കുന്നവരില്ല എന്ന റനേറിയൻ ചിന്തകളോട് ചേർന്നു നില്ക്കാനാണെനിക്കിഷ്ടം.

കവിത

# ഒരു വളവിനപ്പുറം



**ഫാ. എബിജിൻ അറക്കൽ**



*ഒരു വളവിനപ്പുറം മറയുന്നു ജീവിതങ്ങൾ*
*ഒപ്പം നടന്നവർ വഴിയിൽ മാഞ്ഞുപോയ്*
*നടവഴിയിൽ ദൂരം സുനിശ്ചിതം*
*വളവിനപ്പുറം നിശ്ചയം വിസ്മയം!*
*വേഗത്തിൽ ഓടി വളവിൽ മറഞ്ഞവർ*
*മെല്ലെ നടന്നു വളവു താണ്ടിയോർ*
*ഓരോ ചുവടും അറിഞ്ഞു പോകുന്നവർ*
*എല്ലാരും നില്പൂ ആ വളവിന്നപ്പുറം !*
*നടവഴിയിലെ ദൂരം കൃത്യമെന്നോർക്കണം*
*നടന്നെത്താനുള്ള സമയം പലതെന്നു മാത്രം*
*ആ വളവിനപ്പുറം ഒരു പുതിയ ലോകം*
*സ്നേഹ പ്രകാശം നിറയുന്ന നാകം*
*വളവിന്നപ്പുറം മറഞ്ഞവർ കാത്തിരിക്കുന്നു -*
*നിനക്കായ്,  നടക്കുക ഓരോ ചുവടും കരുതലോടെ !*

# All Men are mortal:
# എല്ലാ മനുഷ്യരും മരണവിധേയരാണ്



**ഡോ. മാർട്ടിൻ ശങ്കൂരിക്കൽ**



തത്വചിന്തകനായ ഡയോജനീസ് തന്റെ കുടിലിന്റെ പുറത്ത് ഇപ്രകാരം എഴുതിവച്ചു: “ഇവിടെ പത്ത് നാണയത്തിന് വിശിഷ്ട ജ്ഞാനം വില്ക്കപ്പെടുന്നു.” ജ്ഞാനം അന്വേഷിച്ച് ചെന്നവരോട് ഡയോജനീസ് ഇപ്രകാരം പറഞ്ഞു: “ഓരോ കർമ്മം ചെയ്യുന്നതിനും മുൻപും നീ നിന്റെ അന്ത്യത്തെക്കുറിച്ച് ഓർക്കുക.” ബൈബിളിലെ സഭാപ്രസംഗകന്റെ പുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നതും മറ്റൊന്നല്ല: “ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കുന്നതിനു മുൻപ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക” (സഭാപ്രസംഗകൻ 12,1). മൃത്യുബോധം നമ്മെ കുറേക്കൂടി മെച്ചപ്പെട്ട മനുഷ്യരാക്കുമെന്നത് തീർച്ച!

നവംബർ മാസം നമ്മോട് പറയുന്നത് ലോജിക്കിലെ ആദ്യ സിലോജിസമാണ്. ലോജിക് ക്ലാസിൽ ആദ്യം പഠിക്കുന്ന സില്ലോജിസത്തിന്റെ ആദ്യ വരി ഇങ്ങനെയാണ്: All Men are mortal: എല്ലാ മനുഷ്യരും മരണവിധേയ

രാണ് എന്നർത്ഥം. സോക്രട്ടീസും, ഗാന്ധിയും, ഐൻസ്റ്റിനും എല്ലാം മരണവിധേയരാണ്. മർത്ത്യൻ എന്ന പദം തന്നെ അർത്ഥമാക്കുന്നത് മരണവിധേയത്വത്തിന്റെ പരിമിതികൾ തന്നെയാണ്. റോമിലെ പ്രൊട്ടസ്റ്റന്റ് സെമിത്തേരിയിൽ ഒരു കല്ലറയിൽ ഇപ്രകാരം എഴുതി വച്ചിട്ടുണ്ട്: "വെള്ളത്തിൽ പേരെഴുതപ്പെട്ടവൻ ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു." രണ്ടാം ഷേക്സ്പിയർ എന്ന് ലോകം വാഴ്ത്തിയ ജോൺ കീറ്റ്സിന്റെ കല്ലറയാണത്. മരണഭയം ഉണ്ടാക്കിയ അതിജീവനത്വര ഉള്ളിൽ ശക്തമായപ്പോൾ ഓഷോ തന്റെ കല്ലറയിൽ ഇപ്രകാരം എഴുതിവയ്ക്കണമെന്ന് പറഞ്ഞു: "ഞാൻ ജനിച്ചിട്ടില്ല; മരിച്ചിട്ടില്ല; 1931 നും 1990 നും ഇടയ്ക്ക് ഭൂമി ഒന്ന് സന്ദർശിച്ചു എന്ന് മാത്രം."

മരണമെന്ന സത്യത്തെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്നവർ എടുത്തണിയുന്ന ഒരു മുഖംമൂടി മാത്രമാണിത്. എന്നാൽ ജീവിതത്തിന്റെ ഹ്രസ്വതയെ ധ്യാനിച്ചപ്പോൾ ആശ്രമത്തിലെ വാനമ്പാടി എന്നറിയപ്പെടുന്ന സിസ്റ്റർ മേരി ബനീഞ്ഞ മനുഷ്യജീവിതത്തിന്റെ നിത്യസത്യത്തെക്കുറിച്ച് ഇപ്രകാരം എഴുതി:

"സമർത്ഥനായ സീസറും
പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്ക് പിന്നെയെന്ത് ശങ്ക മാറ്റമൊന്നുമില്ലതിൽ"

ഭൂമിയെക്കുറിച്ചുള്ള സങ്കീർത്തന പരാമർശം ധ്യാനാത്മകമായ "മരണനിഴൽതാഴ്വര" എന്ന പ്രതീകത്തിലൂടെയാണ് നൽകപ്പെടുന്നത്. "മരണനിഴൽ താഴ്വര" യിലെ മനുഷ്യ ജീവിതത്തെ കുറിക്കാൻ സങ്കീർത്തകൻ ഉപയോഗിക്കുന്ന പ്രതീകങ്ങൾ അതിലേറെ അർത്ഥവത്താണ്. ഒരു നിമിഷത്തിന്റെ ആയുസ്സ് മാത്രമുള്ള "ജലകുമിള," ഏതാനും മിനിറ്റുകളുടെ മാത്രം ആയുസ്സുള്ള "മനസ്സിലെ കിനാവ്" ഏതാനും മണിക്കൂറുകളുടെ മാത്രം ആയുസ്സുള്ള "വയലിലെ പുല്ല്" എന്നിവയാണവ. ആയുസ്സിന്റെ ഹ്രസ്വതയെക്കുറിച്ച് ചിന്തിച്ചാൽ ജീവിതത്തിന്റെ ധാർമിക ഗുണമേന്മ മനുഷ്യൻ മെച്ചപ്പെടുത്തുമെന്നത് തീർച്ച.

*"മരണനിഴൽ താഴ്വര" യിലെ മനുഷ്യജീവിതത്തെ കുറിക്കാൻ സങ്കീർത്തകൻ ഉപയോഗിക്കുന്ന പ്രതീകങ്ങൾ അതിലേറെ അർത്ഥവത്താണ്. ഒരു നിമിഷത്തിന്റെ ആയുസ്സ് മാത്രമുള്ള "ജലകുമിള," ഏതാനും മിനിറ്റുകളുടെ മാത്രം ആയുസ്സുള്ള "മനസ്സിലെ കിനാവ്" ഏതാനും മണിക്കൂറുകളുടെ മാത്രം ആയുസ്സുള്ള "വയലിലെ പുല്ല്" എന്നിവയാണവ.*

'അനായാസേന മരണം
വിനാദൈന്യേന ജീവിതം
നൽകണേ ഭഗവാനെ" എന്ന് പ്രാർത്ഥിച്ച ഹൈന്ദവരുടെ മൃതസംസ്കാര കർമ്മങ്ങളിൽ വിചിത്രമായ ഒരു ആചാരമുണ്ട്. അന്ത്യ കർമങ്ങൾക്കിടെ മൃതദേഹത്തിന്റെ നെറ്റിയിൽ പരികർമ്മി ഒരു നാണയം വയ്ക്കും. എന്താണ് ഇതിന്റെ അർത്ഥം എന്ന് ചോദിച്ചപോൾ ഒരു ഹൈന്ദവ സുഹൃത്ത് പറഞ്ഞത് ഇങ്ങനെയാണ്: ഹിന്ദുമിത്തോളജി അനുസരിച്ച് പാതാളത്തിന്റെ നദി കടക്കാനുള്ള കടത്തുകൂലിയായിട്ടാണ് ആ നാണയം വയ്ക്കുന്നത്. ക്രൈസ്തവരായ നമ്മളെ സംബന്ധിച്ച് പാതാളത്തിന്റെ, നരകത്തിന്റെ, മരണത്തിന്റെ നദി കടക്കാനുള്ള കടത്തുകൂലി എന്നു പറയുന്നത് നമ്മുടെ സൽകൃത്യങ്ങളാണ്. അന്ത്യവിധിയിൽ കർത്താവ് പറയുന്നതും ഇതുതന്നെയാണ്: "ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്."

തന്റെ ആത്മകഥാപരമായ കുറിപ്പുകളിൽ മരണത്തിനൊരുങ്ങുന്ന അവസ്ഥയെ വി. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ അനുസ്മരിക്കുന്നതിങ്ങനെയാണ്: "ലഗേജെല്ലാം വീട്ടിലേക്ക് കൊടുത്തുവിട്ടിട്ട്, വീട്ടിലേക്ക് പോകാൻ ഒഴിവുകാലം കാത്തിരിക്കുന്ന കുട്ടിയെപ്പോലെയാണ് ഞാൻ." പരിശുദ്ധ രാജ്ഞി എന്ന പ്രാർത്ഥനയിൽ ചൊല്ലുന്നത് പോലെ "ഞങ്ങളുടെ ഈ പ്രവാസത്തിന് ശേഷം" മുഖാഭിമുഖ ദൈവദർശനത്തിന്റെ വാതിൽ തുറക്കുന്ന മരണത്തിന് ഒരുങ്ങാം ഓരോ ദിവസവും. സങ്കീർത്തനം നമുക്ക് നൽകുന്ന ഉറപ്പ് ഇങ്ങനെയാണ്: "നീതിമാന് ഒരിക്കലും ഇളക്കം തട്ടുകയില്ല. അവന്റെ സ്മരണ എന്നേക്കും നിലനിൽക്കും" (സങ്കീ 112,6).



# സെമിത്തേരി



ഫാ. ഐസക്
കുരിശിങ്കൽ

പലരെ സംബന്ധിച്ചും ഭയമുളവാക്കുന്ന സ്ഥലമാണ് സെമിത്തേരി. പ്രത്യേകിച്ച് രാത്രികാലങ്ങളിൽ ഭൂതങ്ങളും പ്രേതങ്ങളും പിശാചുക്കളും ഇറങ്ങി വിലസുന്നു എന്ന് അവർ വിശ്വസിക്കുന്നു.

***എന്താണ് സെമിത്തേരി?***

CEMETERY

*ഗ്രീക്ക് ഭാഷയിൽ* KOIMETERION *എന്ന ഒരു വാക്കുണ്ട്. ഈ വാക്കിൽ നിന്നാണ്* CEMETERY *എന്ന വാക്ക് ഉത്ഭവിക്കുന്നത്. അർത്ഥം: ഉറങ്ങുന്ന സ്ഥലം എന്നാണ്. നമ്മുടെ പ്രിയപ്പെട്ടവർ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം.*

***ചില സെമിത്തേരികൾ***

1. ഇറാക്കിലെ നജാഫ് എന്ന സ്ഥലത്തെ വാഡി-അൽ-സലാം സെമിത്തേരിയാണ് ലോകത്തിലെ ഏറ്റവും വിശാലമായ സെമിത്തേരി. 9.17 ചതുരശ്ര കിലോമീറ്ററിലായി ഇത് വ്യാപിച്ചു കിടക്കുന്നു.

2. ജപ്പാനിലെ മൗണ്ട് കോയയിലെ OKUNION സെമിത്തേരിയിൽ രണ്ടുലക്ഷം കുഴിമാടങ്ങളുണ്ട്.

***മതാചാരങ്ങൾ***

**ഹൈന്ദവമതം:** മരണമടഞ്ഞവരെ അഗ്നികുണ്ഡത്തിനു മീതെ വച്ച് ദഹിപ്പിക്കുന്നു.

**യഹൂദമതം:** മരിച്ചയാളെ കുഴിയിൽ



വയ്ക്കുന്നു. പാദങ്ങൾ ജറുസലേമിലേയ്ക്ക് തിരിച്ചു കിടത്തുന്നു. മണ്ണുകൊണ്ട് മൃതദേഹം മൂടുന്നു. തലയ്ക്കൽ ഒരു ഫലകം വയ്ക്കുന്നു.

**ഇസ്ലാം:** പാദങ്ങൾ പുണ്യനഗരമായ മക്കയിലേക്ക് തിരിച്ചുവച്ച തിനു ശേഷം മൂടുന്നു.

**പാഴ്സികൾ:** മുംബൈയിലെ പാഴ്സികൾ മൃതദേഹം കുളിപ്പിക്കും. വെളുത്ത വസ്ത്രം ധരിപ്പിക്കും. പൊക്കമുള്ള വലിയ ഒരു സ്തംഭത്തിന്റെ മുകളിലേക്ക് കൊണ്ടുപോയി അവിടെ വയ്ക്കും. ആ സ്തംഭത്തിന്റെ പേര് TOWER OF SILENCE എന്നാണ്. ഏതാനും മിനിട്ടുകൾക്കുള്ളിൽ കഴുകന്മാർ വന്ന് മൃതദേഹം കൊത്തിത്തിന്നും. മൃതദേഹം പോലും ജീവജാലങ്ങൾക്ക് ഉപകരിക്കട്ടെ എന്നാണ് അവരുടെ ആഗ്രഹം.

**ക്രൈസ്തവമതം:** വീട്ടിലെ പ്രാർഥനകൾക്കുശേഷം മൃതദേഹം പ്രദക്ഷിണമായി ദൈവാലയത്തിൽ കൊണ്ടുവരുന്നു. പ്രാർഥനകൾക്കുശേഷം, ഏതാനുംപേർ ചേർന്ന് ശവമഞ്ചം സെമിത്തേരിയിലേക്കു കൊണ്ടുപോകുന്നു. അവിടെ കുഴിയിൽ വച്ചതിനു ശേഷം മണ്ണിട്ട് മൂടുന്നു. തലയ്ക്കൽ കുരിശ് നാട്ടുന്നു. ഒരു ഫലകത്തിൽ മരിച്ചയാളുടെ പേര്, ഫോട്ടോ, ജനിച്ച തീയതി, മരണമടഞ്ഞ തീയതി എന്നിവ രേഖപ്പെടുത്തി സ്ഥാപിക്കുന്നു.

***പരിപാവനമായി സൂക്ഷിക്കണം***

നമ്മുടെ പ്രിയപ്പെട്ടവർ നിദ്രകൊള്ളുന്ന സ്ഥലമാണ് സെമിത്തേരി. അത് വളരെ മനോഹരമാക്കി നാം നിലനിർത്തണം.

***സകല പരേതരുടേയും തിരുനാൾ: നവംബർ 2***

ഫ്രാൻസിൽ ഒഡിലോ എന്നൊരാൾ ഉണ്ടായിരുന്നു. 962-ൽ അദ്ദേഹം ജനിച്ചു. 29-ാമത്തെ വയസ്സിൽ ക്ലൂണി എന്ന സ്ഥലത്തെ ബനഡിക്റ്റൈൻ ആശ്രമത്തിൽ പ്രവേശിച്ചു. പ്രാർത്ഥന, പഠനം, കാരുണ്യപ്രവൃത്തികൾ എന്നിവയുമായി കഴിഞ്ഞു. ഏതാനും വർഷങ്ങൾക്കുള്ളിൽ പുരോഹിതനായി. പിന്നീട് ക്ലൂണിലെ ആശ്രമശ്രേഷ്ഠനായി. 998-ൽ തന്റെ എല്ലാ ആശ്രമങ്ങളിലേക്കും ഒഡിലോ എഴുതി: പരേതരായ എല്ലാവർക്കും വേണ്ടി നവംബർ 2-ാം തീയതി ദിവ്യബലി അർപ്പിക്കണം. സെമിത്തേരിയിൽ പോയി അനദ ചൊല്ലണം. ഒഡിലോ തുടങ്ങിവച്ച 'പരേതസ്മരണ' ഫ്രാൻസിലൊട്ടാകെ വ്യാപിച്ചു. പിന്നീട് ലോകം മുഴുവനും. സിൽവസ്റ്റർ 2-ാമൻ പാപ്പ നവംബർ 1-ാം തീയതി സകല വിശുദ്ധരുടേയും തിരുനാളും നവംബർ 2-ാം തീയതി സകല പരേതരുടേയും തിരുനാളും ആചരിക്കണമെന്ന് എ.ഡി. 1000-ൽ കല്പിച്ചു. കൂടാതെ നവംബർ മാസം മുഴുവനും പരേതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന മാസമായി അദ്ദേഹം പ്രഖ്യാപിച്ചു.

*നവംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ നാം സെമിത്തേരിയിൽ പോകണം. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നന്മനിറഞ്ഞ മറിയമേ, പിതാവിനും പുത്രനും.... എന്നീ പ്രാർത്ഥനകൾ ചൊല്ലണം; വിശ്വാസപ്രമാണവും ചൊല്ലി ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി കാഴ്ചവെച്ചാൽ നമുക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കും.*

***അനദ***

അനദ എന്ന സുറിയാനി പദത്തിന്റെ അർത്ഥം പരേതർക്കു വേണ്ടിയുള്ള ചെറിയ പ്രാർത്ഥന എന്നാണ്. പലപ്പോഴും ഏഴാം ചരമദിനം, മുപ്പതാം ചരമദിനം എന്നീ ദിനങ്ങളോടനുബന്ധിച്ച് സെമിത്തേരിയിലെ കുഴിമാടത്തിൽ വൈദികനും ബന്ധുക്കളും ഒരുമിച്ചുകൂടി പ്രാർത്ഥിക്കും.


***വാൽക്കഷ്ണം***

*കുരിശിലെ ഫലകത്തിൽ എഴുതിയിരിക്കുന്ന പേര് വ്യക്തമല്ലാതിരുന്നതിനാൽ ഞാൻ സമീപത്തു നിന്ന സ്ത്രീയോട് പേര് എന്താണെന്നു ചോദിച്ചു. 'റോസി' എന്ന് അവർ മറുപടി നല്കി. ഞാൻ ഉടനെ 'കാരുണ്യവാനായ കർത്താവേ, ഞങ്ങളിൽ നിന്നു വേർപേരിഞ്ഞു പോയ റോസിക്ക് നിത്യവിശ്രാന്തി... ഉടനെ ആ സ്ത്രീ എന്റെ കൈക്ക് കടന്നുപിടിച്ചിട്ടു പറഞ്ഞു: റോസി ഞാനാണ്. ഈ കുഴിയിൽ കിടക്കുന്നത് ചിന്നമ്മയാണ്. അച്ചൻ ചിന്നമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്ക്!*



# പനിനീർപ്പൂക്കളെയും കൊച്ചുകുഞ്ഞുങ്ങളെയും സ്നേഹിച്ച ചാച്ചാജി

*നവംബർ 14 ശിശുദിനം, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായി രുന്ന ജവഹർ ലാൽ നെഹ്റുവിന്റെ ജന്മദിനമായി നാം ആചരിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് പ്രശസ്ത ബാലസാഹിത്യ കാരനായ സിപ്പി സാറിന്റെ ലേഖനമാണ് ചുവടെ.*




**സിപ്പി പള്ളിപ്പുറം**

ചെമ്പനീർപ്പൂക്കളെയും പിഞ്ചുകുഞ്ഞുങ്ങളേയും ഒരുപോലെ സ്നേഹിച്ച ഒരു മഹാൻ ഈ ഭാരതത്തിലുണ്ടായിരുന്നു. പുഞ്ചിരിക്കുന്ന വദനവുമായി ലോകമെമ്പാടും പാറിപ്പറന്ന ഒരു ശാന്തിദൂതനായിരുന്നു അദ്ദേഹം. “എന്റെ പിറന്നാൾ ഞാൻ ഭാരതത്തിലെ കുഞ്ഞുങ്ങൾക്ക് നൽകുന്നു” എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ ആ കളിത്തോഴനെ നിങ്ങൾ മറന്നോ? ആരാണത്? ലോകത്തിലെ മുഴുവൻ കുട്ടികൾക്കും ഒരുപോലെ പ്രിയങ്കരനായിരുന്ന ജവഹർലാൽ നെഹ്റുവായിരുന്നു അത്. കുട്ടികൾ അദ്ദേഹത്തെ വാത്സല്യപൂർവ്വം ‘ചാച്ചാജി’ എന്നാണ് വിളിച്ചിരുന്നത്.

കുഞ്ഞുങ്ങളുടെ കളിത്തോഴൻ

യേശുവിനുശേഷം കുഞ്ഞുങ്ങളെ ഇത്രമാത്രം സ്നേഹിച്ചിട്ടുള്ള മറ്റൊരു മഹാൻ ലോകത്തുണ്ടായിട്ടില്ല. “നിങ്ങൾ എന്റെ അരികിൽ ഉണ്ടായിരുന്നെങ്കിൽ നമ്മുടെ ഈ മനോഹരമായ ലോകത്തെക്കുറിച്ചും പക്ഷിമൃഗാദികളെക്കുറിച്ചും, നക്ഷത്രങ്ങളെക്കുറിച്ചും നമുക്കു ചുറ്റുമുള്ള



ഏറെ അത്ഭുതങ്ങളെപ്പറ്റിയും ഞാൻ നിങ്ങളോട് സംസാരിക്കുമായിരുന്നു" എന്ന് ചാച്ചാജി ഒരിക്കൽ പറയുകയുണ്ടായി

കുട്ടികളോടൊത്ത് കളിക്കുന്നതിലും ചിരിക്കുന്നതിലും മാത്രമല്ല; അവരെ ചിന്തിപ്പിക്കുന്നതിലും ചാച്ചാജി പ്രധാന പങ്കു വഹിച്ചിരുന്നു. ഒരിക്കൽ ചാച്ചാജി യൂറോപ്പിൽ പര്യടനം നടത്തുകയായിരുന്നു. അതിനിടയിൽ അദ്ദേഹം അവിടുത്തെ പേരുകേട്ട ഒരു വിദ്യാലയത്തിലെത്തി. അപ്പോഴാണ് വളരെ രസകരമായ ഒരു വാർത്ത അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടത്. ആരെല്ലാം ചിരിപ്പിക്കാൻ ശ്രമിച്ചാലും എത്രവലിയ തമാശകൾ കേട്ടാലും ചിരിവരാത്ത ഒരു കുട്ടി അവിടെ പഠിക്കുന്നുണ്ടത്രേ!

ചാച്ചാജിക്ക് ആ കുട്ടിയെ കാണണമെന്ന് ഒരാഗ്രഹം തോന്നി.

"ഏഃു ക്ലാസ്സിലാണ് ആ കൊച്ചുമിടുക്കൻ പഠിക്കുന്നത്? എനിക്ക് അവനെയൊന്ന് കണ്ടാൽ കൊള്ളാമെന്നുണ്ട്" നെഹ്റു അവിടത്തെ അദ്ധ്യാപകരോടു സൂചിപ്പിച്ചു.

അവർ അദ്ദേഹത്തെ അവന്റെ ക്ലാസ്മുറിയിലേക്ക് കൊണ്ടുപോയി. അദ്ദേഹം അവിടെ ധാരാളം തമാശകൾ പൊട്ടിച്ചു. അതുകേട്ട് ഒരാളൊഴികെ എല്ലാ കുട്ടികളും കുടുകുടാ ചിരിക്കുകയും ചെയ്തു. എന്നാൽ ഗൗരവക്കാരനായ കുട്ടി അതൊന്നും ഗൗനിച്ചതേയില്ല.

ചാച്ചാജി കുറേനേരം അവന്റെ അരികിൽ പോയിരുന്നു. വീണ്ടും പലപല തമാശകൾ പറഞ്ഞു. പക്ഷേ അവനിൽ യാതൊരു ഭാവമാറ്റവും കണ്ടില്ല.

എങ്കിൽ അവനെ ചിരിപ്പിച്ചിട്ടേ അടങ്ങൂ എന്ന മട്ടിൽ അദ്ദേഹം കുറേനേരം അവിടെ ചുറ്റിപ്പറ്റി നിന്നു. ഒടുവിൽ ഒരു പൊടിക്കൈ പ്രയോഗിച്ചു. എന്തെന്നോ?

അദ്ദേഹം തന്റെ തലയിലിരുന്ന ഖദർതൊപ്പി കൈയിലെടുത്തു. പിന്നെ പോക്കറ്റിൽനിന്നും ഒരു ചീർപ്പെടുത്ത് മരുഭൂമിപോലുള്ള തന്റെ കഷണ്ടിത്തലയിൽ ഒരു പ്രത്യേക സ്റ്റൈലിൽ ചീകാൻ തുടങ്ങി. ഇതുകണ്ട് ക്ലാസിലുള്ള മുഴുവൻ കുട്ടികളും ഒന്നടങ്കം കുലുങ്ങിച്ചിരിച്ചു. അവരുടെ ചിരിയും ചാച്ചാജിയുടെ ഈ അഭിനയവും കണ്ട് ചിരിക്കാത്ത കുട്ടിയും പെട്ടെന്ന് ഉറക്കെ പൊട്ടിച്ചിരിച്ചു. ഇതു കണ്ടപ്പോൾ ചാച്ചാനെഹ്റുവിനുണ്ടായ സന്തോഷം എത്ര വലുതാണെന്ന് പറയേണ്ടതില്ലല്ലോ.

## *ശാന്തിപ്രാവിന്റെ ചിറകടി*

1889 നവംബർ 14-ാം തീയതി ഗംഗയുടേയും യമുനയുടേയും സരസ്വതിയുടേയും സംഗമസ്ഥാനമായ അലഹബാദിലാണ് ചാച്ചാജി പിറന്നത്. ദേശസ്നേഹത്തിന്റെ കഥകൾ കേട്ടും നാടൻപാട്ടുകളുടെ മാധുര്യം നുണഞ്ഞും ഒരു നല്ല ഭാരതീയനായി ആ കുഞ്ഞ് വളർന്നു. പിറന്ന നാടിനേയും നാട്ടാരേയും അദ്ദേഹം അകമഴിഞ്ഞ് സ്നേഹിച്ചു.

ഭാരതാംബയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഗാന്ധിജിയോടൊപ്പം നിന്ന് അദ്ദേഹം ധീരധീരം പോരാടി. വിലങ്ങുകൾ അദ്ദേഹത്തിന് പൂമാലകളായിരുന്നു. ജയിലറകൾ അദ്ദേഹത്തിന് കളിവീടുകളായിരുന്നു. ഐശ്വര്യപൂർണമായ ഒരു ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി അദ്ദേഹം ഊണും ഉറക്കവുമില്ലാതെ പാടുപെട്ടു.

ജാതിയുടെ പേരിലും മതത്തിന്റെ പേരിലും കലഹിക്കാത്ത സമത്വസുന്ദരമായ ഒരു ഭാരതമായിരുന്നു ചാച്ചാജി സ്വപ്നം കണ്ടത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഭാരതനാടിനുവേണ്ടി ജന്മംകൊള്ളുകയും ഭാരതത്തിനുവേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്ത ഒരു ധീരയോദ്ധാവായിരുന്നു അദ്ദേഹം.

സ്വതന്ത്രഭാരതത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയാകാനുള്ള സൗഭാഗ്യം കൈവന്നത് ചാച്ചാനെഹ്റുവിനായിരുന്നു. ആ സ്ഥാനത്തിരുന്നുകൊണ്ട് അദ്ദേഹം നാടിനെ ഐശ്വര്യത്തിന്റെ ശ്രീകോവിലിലേക്ക് നയിച്ചു.

*ലോകശാന്തിക്കും സമാധാനത്തിനും വേണ്ടി ചാച്ചാജി ജീവിതകാലം മുഴുവൻ പരിശ്രമിച്ചു. നീറിപ്പുകയുന്ന പടക്കളങ്ങളിൽ ശാന്തിയുടെ മണിവീണയുമായി അദ്ദേഹം കടന്നുചെന്നു. ലോകത്തു നിന്ന് യുദ്ധക്കഴുകന്മാരെ ആട്ടിയകറ്റാൻ ഞാനെന്റെ ജീവിതാന്ത്യംവരെ പരിശ്രമിക്കും. ശാന്തിപ്രാവുകളുടെ ചിറകടിയ്ക്കായി തന്റെ മനസ്സ് ദാഹിക്കുന്നുവെന്ന് അദ്ദേഹം എല്ലായ്പ്പോഴും പറഞ്ഞിരുന്നു.*

## *ഭാരതാംബയുടെ ധീരപുത്രൻ*

ഭാരതാംബയെ സ്വന്തം മാതാവായി കരുതിയ ഒരു ധീരദേശാഭിമാനിയായിരുന്നു ജവഹർലാൽ നെഹ്റു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിലിൽ കഴിയുമ്പോൾ ചാച്ചാജി പത്തുവയസ്സുകാരിയായ തന്റെ പുത്രി ഇന്ദിരാപ്രിയദർശിനിക്ക് ധാരാളം കത്തുകൾ എഴുതുമായിരുന്നു. അതിലൊന്നിൽ അദ്ദേഹം ഇങ്ങനെ എഴുതി: "കുട്ടീ, ഹിന്ദി, ഉറുദ്, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠിക്കണമെങ്കിൽ ആദ്യം അതിന്റെ അക്ഷരമാലകൾ പഠിക്കണം. അതുപോലെ നമ്മുടെ നാടായ ഭാരതത്തെക്കുറിച്ച് അറിയണമെങ്കിൽ അതിന്റെ ചരിത്രം, ഭാഷകൾ, സംസ്കാരം, അവിടത്തെ ജനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം നന്നായി മനസ്സിലാക്കണം.'

'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പേരിൽ വിഖ്യാതമായ ഈ രചനകൾ ഇന്ദിരപ്രിയദർശിനി ആവേശത്തോടെ വായിച്ചു. ഭാരതീയ സംസ്കാരത്തെക്കുറിച്ചും, ഈ നാടിന്റെ ഹരിതാഭമായ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചും, ചരിത്ര പൈതൃകത്തെക്കുറിച്ചുമെല്ലാം അദ്ദേഹം ഈ കത്തുകളിൽ പ്രതിപാദിച്ചിരുന്നു. അതിൽനിന്നും കിട്ടിയ പ്രചോദനമാണ് ഭാരതത്തിന്റെ മാനസപുത്രിയായി വളരാൻ ഇന്ദിരപ്രിയദർശിനിക്ക് വഴിവിളക്കായത്.

*സ്വന്തം മകൾക്കു മാത്രമല്ല, ഭാരതത്തിലെ ഓരോ കുട്ടിക്കും*

*വായിച്ചുവളരാൻ ഈ കൃതി പ്രേരണയായിത്തീർന്നു. പിറന്ന നാടിനെ സ്വർഗത്തേക്കാൾ വലുതായി അദ്ദേഹം സ്നേഹിച്ചു: "എന്റെ ചിതാഭസ്മത്തിലൊരു ഭാഗം ഗംഗയിലൊഴുക്കണം. ബാക്കി ഒരു ഭാഗം വിമാനത്തിലേറ്റി ഉന്നതങ്ങളിൽനിന്ന് ഭാരതത്തിലെ കർഷകർ പണിയെടുക്കുന്ന വയലേലകളിൽ വിതറണം. അങ്ങനെ ഇവിടത്തെ മണ്ണിൽ എനിക്ക് അലിഞ്ഞുചേരണം' എന്നാണ് ചാച്ചാജി തന്റെ വിൽപത്രത്തിൽ എഴുതിവച്ചത്.*

നമ്മുടെ അയൽരാജ്യങ്ങളെയെല്ലാം ആത്മമിത്രങ്ങളായി കാണാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതിനുവേണ്ടി അദ്ദേഹം മുൻകൈയെടുത്ത് രൂപം നൽകിയ പഞ്ചശീലതത്വങ്ങളും 'ഇന്ത്യാ-ചീനാ ഭായി ഭായി' മുദ്രാവാക്യങ്ങളുമൊക്കെ ആ കാലഘട്ടത്തിൽ ഏറെ പ്രഘോഷിക്കപ്പെട്ടതാണ്. എന്നാൽ ചൈന ഒരിക്കൽ ഭാരതത്തെ കടന്നാക്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ ദേശാഭിമാനം സടകുടഞ്ഞെഴുന്നേറ്റു. അന്നദ്ദേഹം പറഞ്ഞ വാക്കുകൾ ഓരോ ഭാരതീയനേയും ആവേശം കൊള്ളിക്കുന്നതായിരുന്നു. അദ്ദേഹം പറഞ്ഞു:

'ആരുണ്ടു ജീവിക്കുന്നു ഭാരതം മരിക്കുമ്പോൾ? ആരുണ്ട് മരിക്കുന്നു ഭാരതം ജീവിക്കുമ്പോൾ?"

ഒരിക്കൽ യർവാദാ ജയിലിൽ കഴിയുമ്പോൾ അദ്ദേഹത്തിന് ഏറ്റവും പ്രിയങ്കരനായ ഒരു അണ്ണാറക്കണ്ണനുണ്ടായിരുന്നു. 'ഗിൽഹാരി' എന്നായിരുന്നു അവന്റെ പേര്. പനങ്കുലപോലുള്ള വാലും മുതുകിൽ വെള്ളിവരകളുമുള്ള ഗിൽഹാരിയെ അദ്ദേഹത്തിന് ഏറെ ഇഷ്ടമായി.

ഗിൽഹാരി ഒരു വികൃതിക്കുട്ടനായിരുന്നു. അല്പനേരം പോലും അവന് ഒതുങ്ങിയിരിക്കാനാവില്ല. എപ്പോഴും ഓടിയും ചാടിയും കളിച്ചു നടക്കും. പലപ്പോഴും അദ്ദേഹം അവന്റെ സർക്കസ് വേലകളും കുസൃതിത്തരങ്ങളും നോക്കിയിരുന്നു രസിക്കാറുണ്ടായിരുന്നു.

ഗിൽഹാരിക്കും ചാച്ചാജിയെ വലിയ ഇഷ്ടമായി. എങ്കിലും എപ്പോഴും തടിച്ച പുസ്തകങ്ങൾ നിവർത്തിവച്ച് വായിക്കുന്ന അദ്ദേഹത്തിന്റെ അരികിലേക്ക് പോകാൻ അവന് പേടിയായിരുന്നു. ഒരിക്കൽ യാതൊരു അനക്കവുമില്ലാതെ പുസ്തകത്തിൽ തന്നെ നോക്കി കുത്തിയിരിക്കുന്ന ഈ അമ്മാവൻ ഒരു പ്രതിമയാണോ?' എന്ന് ഗിൽഹാരി സംശയിച്ചു. അവൻ തത്തിച്ചാടി വാലും പൊക്കി അദ്ദേഹത്തിന്റെ അരികിൽ ചെന്നു. പിന്നെ കാലിൽക്കൂടി കയറി മെല്ലെ ചാച്ചാജിയുടെ മടിയിലിരുന്നു.

ചാച്ചാജി ആദ്യം അനങ്ങിയില്ല. പിന്നെ അദ്ദേഹം സ്നേഹപൂർവ്വം ഗിൽഹാരിയെ തലോടി. ഗിൽഹാരിക്ക് പേടിയായി. അവൻ ഉടനെ ചാച്ചാജിയുടെ മടിയിൽനിന്നും ചാടിയിറങ്ങി. എന്നിട്ട് ഒറ്റയോട്ടം! എങ്കിലും ചാച്ചാജിക്ക് തന്നെ ഇഷ്ടമാണെന്ന് ഗിൽഹാരിക്ക് മനസ്സിലായി.

പിറ്റേന്നും ഗിൽഹാരി ചാച്ചാജിയെ തേടി ജയിൽ മുറിയിലെത്തി. അദ്ദേഹം അവന് പാലും പഴവും നൽകി. അന്നുമുതൽ ഗിൽഹാരി ചാച്ചാജിയുടെ മുറിയിൽ എപ്പോഴും ചെല്ലാൻ തുടങ്ങി. അങ്ങനെ ചാച്ചാജിയും ഗിൽഹാരിയും ഉറ്റ ചങ്ങാതിമാരായി മാറി.


### *മറക്കാനാവാത്ത മഹാനുഭവൻ*

ലോകാരാധ്യനായ ചാച്ചാജിയെ രാഷ്ട്രം അതിന്റെ ഏറ്റവും പരമോന്നത ബഹുമതിയായ 'ഭാരതരത്നം' അവാർഡ് നല്കി ആദരിക്കുകയുണ്ടായി. ഇന്ന് ചാച്ചാജി നമ്മോടൊപ്പമില്ല. 1954 മെയ് 27-ന് സമാധാനത്തിന്റെ ആ വെൺപ്രാവ് നമ്മിൽനിന്നും പറന്നകന്നു.

എങ്കിലും ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങളുടെ കഴിത്തോഴനായി, സമാധാനത്തിന്റെ വെള്ളരിപ്രാവായി, ഭാരതാംബയുടെ ആരോമൽപുത്രനായി ആ മഹാനുഭവൻ എന്നെന്നും നമ്മുടെ മനസുകളിൽ ജീവിക്കും.ഈ ശിശുദിന വേളയിൽ അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് നമുക്കുറക്കെ പാടാം.

*"ചെമ്പനീർപ്പൂവിന്റെ കൂട്ടുകാരാ*
*പഞ്ചശീലത്തിന്റെ പാട്ടുകാരാ*
*മൺമറഞ്ഞെങ്കിലും മാനസത്തിൽ*
*മായാതെ നിന്നിടും നിന്റെ രൂപം.'*

## അഭിനന്ദനങ്ങൾ




**ഫാ.കോശി മാത്യു ചെള്ളാത്ത്**

റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഹോളി ക്രോസിൽ നിന്ന് സഭ ചരിത്രത്തിൽ ഡോക്ടറേറ്റ്

**ഫാ. ജിപ്സൻ തോമസ്**

പൊന്തിഫിക്കൽ അഥേനിയം, ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിലോസഫി ആൻഡ് തിയോളജി, പൂനെയിൽനിന്ന് സിസ്റ്റമാറ്റിക് തിയോളജിയിൽ ഉന്നതബിരുദം



# കേരളത്തിന്റെ ആദ്യ സന്ന്യാസിനി
# മദർ ഏലീശ്വ
## വാഴ്ത്തപ്പെട്ട പദവിയിലേക്ക്



**സിസ്റ്റർ ഷഹീല**
*C.T.C*




കേരള സഭയുടെ ചരിത്രത്തിൽ സുവർണ്ണശോഭ പരത്തിയ ഭാരതത്തിലെ തന്നെ ആദ്യ കർമ്മലീത്താ സന്ന്യാസിനീസഭയായ കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭയുടെ (റ്റി.ഒ.സി.ഡി), ഇന്നത്തെ സി.എം.സി, സി.റ്റി.സി. സന്ന്യാസിനീ സമൂഹങ്ങളുടെ ഉറവിടം) സ്ഥാപികയായ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നു. ഈ സവിശേഷമായ ദൈവാനുഗ്രഹത്തിന്റെ ആത്മീയ നിറവിലാണ് തെരേസ്യൻ കർമ്മലീത്ത സന്യാസിനിമാരോടൊപ്പം വരാപ്പുഴ അതിരൂപതയും കേരളസഭ മുഴുവനും.

വരാപ്പുഴ വികാരിയാത്തിലെ പ്രധാനപ്പെട്ടതും പൗരാണികവുമായ ഇടവകകളിൽ ഒന്നായ, ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി ഇടവകയിൽപ്പെട്ട, വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, വിശുദ്ധ അമ്മത്രേസ്യയുടെ തിരുനാൾ ദിനം, തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യ സന്താനമായി ഏലീശ്വ ജനിച്ചു. വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 20-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുരയിൽ പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം വരെ അനുസരണമുള്ളവനായ ഈശോയുടെ ഒളിക്കപ്പെട്ട ജീവിതത്തോട് താദാത്മ്യം പ്രാപിച്ച മദർ ഏലീശ്വ, കർമ്മലയിലെ ഒരു കൈവഴി കേരളസ്ത്രീകൾക്കു വേണ്ടി ഏറ്റുവാങ്ങാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത സ്ത്രീരത്നമാണ്. മദർ ഏലീശ്വായുടെ സിദ്ധിയിൽ ആകർഷിക്കപ്പെട്ട മകൾ അന്നയും സഹോദരി ത്രേസ്യയുമാണ് സഹസ്ഥാപകരുടെ പദവിയലങ്കരിച്ചത്.

1852 മുതൽ 1862 വരെ, പത്തുവർഷങ്ങളോളം പ്രാർത്ഥനയിലും പരിത്യാഗത്തിലും ധ്യാനാത്മകജീവിതം നയിച്ചതിനുശേഷം തനിക്കു ലഭിച്ച ഒരു പ്രത്യേക ദൈവനിവേശനത്തിൽ ശ്രവിച്ച ദിവ്യസ്വരം അനുസരിച്ചാണ് ഏലീശ്വാമ്മ തന്റെ പ്രത്യേക ദൈവവിളിയെക്കുറിച്ച് ലെയോപ്പോൾഡ് അച്ചനെ സന്ദർശിച്ച് സംസാരിക്കുന്നത്. അദ്ദേഹം ഏലീശ്വയിൽ വിളങ്ങിയ പ്രത്യേകസിദ്ധി വിലയിരുത്തി, ബോദ്ധ്യപ്പെട്ട മറ്റുമിഷണറിമാരോട് ആലോചിക്കുകയും പിന്നീട് മെത്രാപ്പോലീത്തയെ അറിയിക്കുകയും ചെയ്തു. മെത്രാപ്പോലീത്ത റോമിൽനിന്നും അനുവാദം വാങ്ങിക്കുകയും, നിയമാവലി വരുത്തുകയും വേണ്ട പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. ലെയോപ്പോൾഡ് അച്ചനെത്തന്നെ മെത്രാപ്പോലീത്ത അവരുടെ കാര്യങ്ങൾ ഏല്പിച്ചു. ബെർണ്ണർദീൻ ബെച്ചിനെല്ലി പിതാവ്, 1866 ഫെബ്രുവരി 12-ന് സ്ത്രീകൾക്കായുള്ള കർമ്മലീത്ത നിഷ്പാദുക മൂന്നാംസഭയുടെ സ്ഥാപനഡിക്രി 'ദോക്കുമെന്തും എറക്സിയോ

നിസ്' ഒപ്പുവച്ച് ഏലീശ്വ, അന്ന, ത്രേസ്യ എന്നീ മൂന്നുപേരെ അടിസ്ഥാനശിലകളായി പ്രഖ്യാപനം ചെയ്തു. ഫെബ്രുവരി 13-ന് അവർ പനമ്പുമഠത്തിൽ പ്രവേശിച്ച് ഫാ. ലെയോപ്പോൾഡിൽ നിന്നും കർമ്മലോത്തരീയം ഏറ്റുവാങ്ങി സന്യാസപരിശീലനം ആരംഭിച്ചു. റ്റി.ഒ.സി.ഡി. സന്യാസിനീസഭയിലെ ആദ്യ അംഗങ്ങൾ മദർ ഏലീശ്വായോടൊപ്പം വ്രതവാഗ്ദാനം നടത്തിയത് 1868 ജൂലൈ 16-നാണ്. കേരള സന്യാസിനികളുടെ ചരിത്രത്തിൽ ആദ്യത്തെ വ്രതവാഗ്ദാനത്തിന്റെ പുണ്യമുഹൂർത്തമായിരുന്നു അത്. 1868 ജൂലൈ 20, ഏലിയാ പ്രവാചകന്റെ തിരുനാൾ ദിവസമാണ് ബെർണഡിൻ ബെച്ചിനെല്ലി പിതാവ് സ്ത്രീവിദ്യാഭ്യാസം അപ്പോസ്തല പ്രവർത്തനമായി ഇവർക്ക് ഏല്പിച്ചുകൊടുത്തത്. കേരള സഭയിൽ ആദ്യമായി പെൺകുട്ടികൾക്കായി സ്കൂളും ബോർഡിംഗ് ഭവനവും അനാഥമന്ദിരവും ആരംഭിക്കുക വഴി മദർ ഏലീശ്വ സ്ത്രീ ശാക്തീകരണത്തിന് നിശ്ചിത തുടക്കം കുറിച്ചു. 24 വർഷങ്ങൾക്കുശേഷം 1890 സെപ്റ്റംബർ 17-ാം തീയതി റ്റി.ഒ.സി.ഡി. സന്യാസിനീസഭ റീത്തടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട കോൺഗ്രിഗേഷൻ ഏഫ് തെരേസ്യൻ കാർമലൈറ്റിസ് (സി.റ്റി.സി), കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ (സി.എം.സി) എന്നീ രണ്ടു സന്യാസിനീ സഭകൾ രൂപം കൊണ്ടു.

ഈ ഭൂമിയിൽ ദിവ്യചെമ്മരിയാട്ടിൻകുട്ടിയായ ഈശോനാഥനോട് താദാത്മ്യം പ്രാപിക്കാൻ മാത്രം ആഗ്രഹിച്ച് അതിനായി ഭൗമിക സ്വത്തുക്കളും പേരും പ്രശസ്തിയും കുടുംബവും ബന്ധങ്ങളും ഒക്കെ വച്ചുമാറാൻ മദർ ഏലീശ്വ തയ്യാറായി. മദർ ഏലീശ്വ, സുവിശേഷത്തിലെ, പാറയിൽ അടിസ്ഥാനമിട്ട് ഭവനം പണിത വിവേകമതിയായ മനുഷ്യനു സദൃശയാണ്. വെല്ലുവിളികളിൽ ഇളകിയാടാതെ, ഭൗതികമായ നഷ്ടങ്ങളും സഹനങ്ങളും വചനത്തിന്റെ കണ്ണാടിയിലൂടെ നോക്കിക്കാണാനും സഹനത്തിന്റെ പിന്നിലെ മഹത്വം ദർശിക്കാനും ഭൗതികനഷ്ടങ്ങൾ ആത്മീയ നേട്ടമായി ദർശിക്കാനും ഏലീശ്വാമ്മയ്ക്കു സാധിച്ചു. സഭയുടെ ആരംഭഘട്ടത്തിൽ ലെയോപോൾഡ് അച്ചൻ പറഞ്ഞുവച്ചു: "നിങ്ങൾ ഇപ്പോൾ ഒരു സഭയുടെ തുടക്കക്കാരികളാണ്. ഒരു നൂറു വർഷം കഴിയുമ്പോൾ ഒരു രാജ്യത്തിലെതന്നെ സമർപ്പിത ജീവിതത്തിന്റെ തുടക്കക്കാരികളായി ലോകം തിരിച്ചറിയും. ഇന്ന് നാം വിശുദ്ധ അമ്മത്രേസ്യയുടെ ജീവിതത്തെക്കുറിച്ചു പഠിക്കുന്നതുപോലെ വരുംതലമുറകൾ നിങ്ങളുടെ ജീവിതവിശുദ്ധി വിലയിരുത്തും.' ഈ വചനങ്ങളുടെ പ്രവാചകസ്വഭാവം കാലം തെളിയിച്ചിരിക്കുകയാണ്. സന്യാസിനീ സമൂഹങ്ങളും സന്യാസിനികളും സുലഭമായിട്ടുള്ള ഇന്നത്തെ കേരളസഭയുടെ 159 വർഷങ്ങളുടെ ചരിത്രത്താളുകൾ മറിക്കുമ്പോൾ നമുക്ക് അനുഭവപ്പെടുന്നത് ഏലീശ്വയെന്ന സാധാരണ വിധവയുടെ ആത്മസമർപ്പണത്തിന്റെ നെരിപ്പോടിൽ എരിയുന്ന തപസ്സും പ്രാർത്ഥനയുമാകുന്ന കുന്തിരിക്കത്തിന്റെ നറുമണവുമാണ്.

മദർ ഏലീശ്വ അനന്തതയിലേക്ക് പ്രവേശിച്ചിട്ട് 112 വർഷങ്ങൾ കഴിയുമ്പോൾ, 2025 നവംബർ മാസം 8-ാം തീയതി വൈകുന്നേരം 4.30 മണിക്ക് പരിശുദ്ധ അമ്മയുടെ ദേശീയ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസലിക്കയിൽ വച്ച്, മലേഷ്യയിലെ പെനാങ്ങ് രൂപതയുടെ മെത്രാനായ കർദ്ദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന സാഘോഷമായ സമൂഹദിവ്യബലിമദ്ധ്യേ മദർ ഏലീശ്വയെ വാഴ്ത്തപ്പെട്ടവൾ എന്ന് പ്രഖ്യാപനം ചെയ്യും.

## ധന്യ മദർ ഏലീശ്വയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനം

### 2025 നവംബർ 8 ശനി വൈകിട്ട് 4.30 ന്

**വല്ലാർപാടം ദേശീയ മരിയൻ തീർഥാടന ബസിലിക്കയിൽ**

4.00 pm ലെയോ പാപ്പായുടെ പ്രതിനിധി അത്യുന്നത കർദ്ദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ് പിതാവിനും വിശിഷ്ടാതിഥികൾക്കും സ്വീകരണം. സുസ്വാഗതം

4.30 pm ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർദ്ദിനാൾമാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരും വൈദികരും സഹകാർമികരാകുന്ന പൊന്തിഫിക്കൽ ദിവ്യബലി. മുഖ്യകാർമ്മികൻ:
**അത്യുന്നത കർദ്ദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ്**
(ലെയോ പതിനാലാമൻ പാപ്പായുടെ പ്രതിനിധി)

ധന്യ മദർ ഏലീശ്വയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്നതിനുള്ള അഭ്യർഥന: **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
(വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത)

**വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനം:** ലെയോ പാപ്പായുടെ പ്രതിനിധി - **അത്യുന്നത കർദ്ദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ്**

**പാപ്പായുടെ പ്രഖ്യാപനം**

തെദേവും

സന്ദേശം: **ആർച്ച് ബിഷപ് ലെയോപോൾദോ ജിറെല്ലി**
(ഇന്ത്യയുടെ അപ്പസ്തോലിക പ്രതിനിധി)

**മദറിന്റെ തിരുസ്വരൂപം അനാച്ഛാദനം**
**അത്യുന്നത കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്**
തിരുശേഷിപ്പ് ഔദ്യോഗികമായി ഏറ്റുവാങ്ങി പ്രതിഷ്ഠിക്കുന്നു.

ദിവ്യബലി തുടരുന്നു
സമാപനാശീർവാദം
**ഏലീശ്വാമ്മയോടുള്ള നൊവേന പ്രകാശനം**
**മാർ ആൻഡ്രൂസ് താഴത്ത്** (President, CBCI)
സുവനീർ പ്രകാശനം
**മോസ്റ്റ് റവ ഡോ. വർഗീസ് ചക്കാലയ്ക്കൽ** (President, KRLCBC)
തിരുസ്വരൂപം പ്രയാണം ബസിലിക്കയിലേക്ക്
ഏലീശ്വചരിതം ഗാനശില്പം
സ്നേഹവിരുന്ന്

**ഏവർക്കും ഹൃദ്യമായ സ്വാഗതം**

# മണ്ണോടു ചേരുന്നവർ; ചേർക്കുന്നവരും

*അന്ത്യയാത്രക്ക് ഒരുങ്ങുന്നവർക്ക് അവസാന വിട നൽകാൻ നിയോഗിക്കപ്പെട്ടവർ ഭൂമിയിലെ മാലാഖമാർ തന്നെയാണ്.പലരും ചെയ്യാൻ മടിക്കുന്ന കാര്യങ്ങളാണ് ഇവർ ചെയ്യുന്നത്. ഉപജീവനമാർഗമെന്നതിനേക്കാളുപരി  ദൈവം നിയോഗിച്ച വഴിയാണിതെന്ന് ഉറച്ചു വിശ്വസിക്കുകയാണ് കാക്കനാട് അത്താണി സ്വദേശി സെലീന മൈക്കിളും, വൈപ്പിൻ വാടേൽ സ്വദേശി ഫ്രാൻസീസും -ചാരെയായിരുന്നവർ ചാരമാകുന്നതും മണ്ണോടലിയുന്നതും നിത്യകാഴ്ചയാണിവർക്ക്. സെലീനയും, ഫ്രാൻസീസും ജീവദീപ്തിയോട് സംസാരിക്കുന്നു.*



**സിബി ജോയ്**

ഈ ലോകജീവിതമവസാനിച്ചു
മണ്ണിനോടലിയുന്ന നേരം മാന്യ
വും മനോഹരവുമായ അന്ത്യാ
യാത്ര നൽകുന്നത് ജീവിച്ചിരി
ക്കുന്നവരുടെ കടമയാണ്.
എറണാകുളം ജില്ലയിലെ
തൃക്കാക്കര നഗരസഭയുടെ
കാക്കനാട് അത്താണിയിലുള്ള
പൊതുശ്മശാനത്തിന്റെ നടത്തിപ്പ്
ചുമതല വഹിക്കുന്നത് ഒരു
അത്തരത്തിലുള്ള ഒരു വ്യക്തി
യാണ്. കാക്കനാട് അത്താണി
സെന്റ് ആന്റണീസ് ഇടവകാംഗം
സെലീന മൈക്കിൾ. ജീവിതത്തിൽ
നിരവധി പ്രതിസന്ധികളോട്
പടവെട്ടി കഠിനാ ധ്വാനത്തിലൂടെ
ജീവിതം കരുപ്പിടിപ്പിച്ച ധീരയായ
വനിത.

മൃതദ്ദേഹസംസ്കാര
ചടങ്ങുകൾക്ക് പങ്കെടുക്കാൻ പോ
ലും സ്ത്രീകൾ മടിച്ചിരുന്ന കാല
ത്താണ് പൊതുശ്മശാനം നട
ത്തിപ്പുകാരിയായി സെലീന എ
ത്തുന്നത്. ജീവിത പ്രാരാബ്ദ
ങ്ങളാണ് ഈ ജോലിയിലേക്ക്
സെലീനയെ കൊണ്ടെത്തിച്ചത്
എന്ന് വേണമെങ്കിൽ പറയാം.
അത്താണി പൊതു ശ്മശാനത്തി
ന്റെ അടുത്തു തന്നെയാണ്
സെലീനയുടെ വീട്. പാതിവഴി
യിൽ ഭർത്താവ് ഉപേക്ഷി ച്ചപ്പോൾ
രണ്ട് പെൺമക്കളെ പോറ്റാനായി
കണ്ടെത്തിയ ജോലി. ശ്മശാന
ത്തിന്റെ നടത്തിപ്പ് കരാർ ഏറ്റെടു
ത്തിരുന്ന ആളുടെ സഹായി
യായിട്ടായിരുന്നു തുടക്കം.
അദ്ദേഹത്തിന് കാലിൽ ചെറിയ
ഒരു ഓപ്പറേഷൻ വേണ്ടിവന്നപ്പോൾ



ആളില്ലാതെയായി. കൂലി തന്നാൽ ചെയ്തോളാമെന്ന് സെലീന അറിയിച്ചു. അത്രയ്ക്കും ബുദ്ധിമുട്ടായിരുന്നു അക്കാലത്ത്. അങ്ങനെ മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന ചുമതല സെലീന ഏറ്റെടുത്തു.പിന്നീട് അതിന്റെ മേൽനോട്ടചുമതല നഗരസഭ സെലീനക്ക് കൈമാറി. ഇപ്പോൾ 18 വർഷമായി. ഒരു ഭയമോ ആശങ്കയോ ഇല്ലാതെ ജോലി ചെയ്യുന്നു. രണ്ടായിരം രൂപയാണ് ഇപ്പോൾ മൃതദേഹം അടക്കുന്നതിന് ഫീസ് വാങ്ങുന്നത്. 900 രൂപ നഗരസഭയിലടക്കണം. ബാക്കിയുള്ള പൈസയിൽ നിന്നും ചിരട്ടയും വിറകും വാങ്ങിക്കഴിഞ്ഞ് മിച്ചമുള്ള താണ് സെലീനക്ക് ലഭിക്കുന്നത്.

ആദ്യമൊക്കെ ഭയങ്കര ടെൻഷനായിരുന്നു. ക്രൈസ്തവ രീതിയിലുള്ള സംസ്കാര രീതികൾ മാത്രമേ അന്നുവരെ കണ്ടിട്ടുണ്ടായിരുന്നുള്ളൂ. പിന്നെ എല്ലാ മതവിഭാഗങ്ങളുടെയും സംസ്കാര രീതി പഠിച്ചു. മൃതദേഹങ്ങൾ കത്തുന്നത് കണ്ടു നിൽക്കുമ്പോൾ ഇപ്പോൾ സെലീനയ്ക്ക് നിർവികാര ഭാവമാണ്. പട്ടടയിലേക്ക് വെക്കുന്ന മൃതദേഹങ്ങൾ പെട്ടെന്ന് കത്തിത്തീരണേ എന്നാണ് പ്രാർത്ഥിക്കാറ്. കത്തിത്തീരാൻ കൂടുതൽ സമയം എടുക്കുമ്പോൾ വിറക് കൂടുതൽ വേണ്ടിവരും. അതാണ് സങ്കടം. എല്ലാ ദിവസവും പണിയുണ്ടാ കില്ല. ആളുകൾ മരിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാനാവില്ലല്ലോ. സെലീന പറയുന്നു.

ഇത്രയും വർഷത്തെ അനുഭവങ്ങളിലൂടെ ആളുകളുടെ പലരീതിയിലുള്ള സ്വഭാവങ്ങളെപ്പറ്റി പഠിക്കാൻ പറ്റി. നോവിക്കുന്ന ചില അനുഭവങ്ങളും സെലീനക്ക് പങ്കുവയ്ക്കാനുണ്ട്. ജീവിതകാലം മുഴുവൻ മക്കൾക്കുവേണ്ടി ജീവിച്ച മാതാപിതാക്കളെ ഇവിടെ കൊണ്ട് എറിഞ്ഞ് പോകുന്ന മക്കളെയും ചിലപ്പോഴൊക്കെ കണ്ടിട്ടുണ്ട്. മൃതദ്ദേഹങ്ങൾ എരിഞ്ഞു തീരാൻ പോലും കാത്തു നിൽക്കാതെ പിന്തിരിഞ്ഞു പോകു ന്നവരും ഉണ്ട്. നന്ദികേടിന്റെ നേർസാക്ഷികളാണ് അതൊക്കെ.

ചിലർക്ക് അത് കഴിഞ്ഞിട്ട് വേണം മദ്യപിക്കാൻ. അങ്ങനെ പോകുന്നു അനുഭവങ്ങൾ.

ചില മരണങ്ങൾ മനസ്സിൽ നിന്നും മായില്ല. ആശസ്മികമായുള്ള വേർപാടുകളിൽ ആലംബമായവർ അന്ത്യായാത്ര പറയുമ്പോൾ കുടുംബാംഗങ്ങൾ അഭിമുഖീകരിക്കുന്ന വേദന, അത് കാണുമ്പോൾ ആരായാലും പതറിപ്പോവും. ഞാനും ഒരു സ്ത്രീയല്ലേ, അമ്മയല്ലേ? ചില കാഴ്ചകൾ കാണുമ്പോൾ നെഞ്ച് പൊട്ടി കരയാൻ തോന്നും. ആരും കാണാതെ പലവട്ടം കരഞ്ഞിട്ടുണ്ട്. അകാലത്തിൽ പൊലിഞ്ഞു പോയ കുഞ്ഞുങ്ങളെ സംസ്കരിക്കുന്നതാണ് ഏറ്റവും സങ്കടകരമായ അനുഭവം.

പിന്നെ ചിന്തിക്കും ഞാനൊരു ജോലി ഏറ്റെടുത്തിരിക്കുകയാണ്. നഗരസഭയും ഉദ്യോഗസ്ഥരുമെല്ലാം വിശ്വസിച്ച് എന്നെ ഏൽപ്പിച്ച ഉത്തരവാദിത്വം അതിന്റെ ഗൗരവത്തോടെ ചെയ്യണമെന്ന ബോധ്യമുണ്ട്. അതുകൊണ്ട് വിചാരവികാരങ്ങളെക്കാൾ കർത്തവ്യബോധമാണ് മുന്നോട്ട് നയിക്കുന്നത്. അവിടെ വൈകാരികമായ ഇടപെടലുകൾക്ക് സ്ഥാനമില്ലല്ലോ. സെലീന പറയുന്നു.

സെലീനക്ക് തന്റെ ജോലിയെക്കുറിച്ച് അഭിമാനവും ആത്മസംതൃപ്തിയുമാണ്. എല്ലാവർക്കും പറ്റുന്ന ജോലിയല്ലയിത്. വലിയ വരുമാനം ഒന്നും ലഭിക്കില്ല. ജോലി ചെയ്യാൻ തുടങ്ങിയ സമയത്ത് ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെ എതിർപ്പുകൾ ഉയർത്തിയിരുന്നു.

ഇപ്പോൾ 18 വർഷമായി. വേറെ ജോലിക്കൊന്നും പോകുന്നില്ല. ഗതികേട് കൊണ്ടാണ് ഞാൻ ഈ രംഗത്തേക്ക് വന്നതെങ്കിലും ഈ ജോലികൊണ്ടാണ് ഞാൻ എന്റെ മക്കളെ പഠിപ്പിച്ചതും, നല്ല രീതിയിൽ കല്യാണം നടത്തിയതുമൊക്കെ. ബാങ്ക് ലോണിന്റെ സഹായത്തോടെയാണെങ്കിലും നല്ലൊരു വീട് പണിയാൻ സാധിച്ചതും എനിക്കീ ജോലിയിലൂടെയാണ്. ഒന്നര പതിറ്റാണ്ടിനിടെ പതിനായിരക്കണക്കിന് മൃതദേഹങ്ങൾ സെലീന ദഹിപ്പിച്ചിട്ടുണ്ട്. വിറകൊരുക്കുന്നതും, കത്തിക്കുന്നതും, അസ്ഥി ശേഖരിക്കുന്നതും അവർ തന്നെയാണ്.

രണ്ട് പെൺമക്കളാണ് സെലീനക്കുള്ളത്. രണ്ട് പേരുടെയും വിവാഹം കഴിഞ്ഞു. ഇളയ മകളും ഭർത്താവും പേരക്കുട്ടികളുമൊത്ത് അത്താണിയിൽ തന്നെയാണ് താമസം. ജോലിത്തിരക്കിനിടയിലും ഞായറാഴ്ച തോറുമുള്ള ദിവ്യബലിയും, കുടുംബ യൂണിറ്റ് യോഗങ്ങളും, കുടുംബ പ്രാർത്ഥനകളും സെലീന മുടക്കാറില്ല.വനിതാ ശാക്തീകരണത്തിന്റെ മാതൃകയായി ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി പുരസ്കാരങ്ങൾ ഇതിനകം തന്നെ സെലീനയെ തേടിയെത്തിയിട്ടുണ്ട്.

ഇക്കഴിഞ്ഞ ഒക്ടോബർ മാസമാണ് ഫാ. ഫിർമൂസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ വനിതാ പുരസ്കാരം ജസ്റ്റിസ് ഹണി.എം വർഗീസിൽ നിന്നും സെലീന സ്വീകരിച്ചത്.

..................................................................

14 വർഷം മുൻപ് സ്വന്തം ഇടവകയിൽ ഒരു മരണം നടന്നപ്പോൾ മൃതദേഹം സംസ്കരിക്കുന്നതിന് കുഴിയെടുക്കാൻ ആളില്ലാതിരുന്ന സാഹചര്യത്തിൽ അളിയനുമായി ചേർന്ന് കുഴിയെടുത്തതാണ് വാടേൽ സെന്റ് ജോർജ് ഇടവകാംഗം ചാലവീട്ടിൽ ഫ്രാൻസിസിന്റെ തുടക്കം. പിന്നീട് രണ്ടു വർഷത്തേക്ക് കൂലിപ്പണിക്ക് പോയെങ്കിലും ആകസ്മികമായി വീണ്ടും ഈ ജോലിയിലേക്ക് തിരിയുകയായിരുന്നു. അന്നത്തെ വികാരിയച്ചനും ചെമ്മദോറും വിളിച്ചതനുസരിച്ച് വീണ്ടും കുഴി എടുക്കാൻ തുടങ്ങി. പിന്നീട് തുടർച്ചയായ 12 വർഷങ്ങൾ. സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് യാത്രയാകുന്നവർക്ക് ഉചിതമായ രീതിയിൽ കുഴിയൊരുക്കാൻ ഫ്രാൻസിസ് സദാ



സന്നിഹിതനാണ്.

സ്വന്തം ഇടവകയായ വാടേൽ സെന്റ് ജോർജ് പള്ളിയിൽ മാത്രമല്ല, സമീപ ഇടവകകളായ പനമ്പുകാട്, വല്ലാർപാടം, കർത്തേടം, പെരുമ്പിള്ളി, മഞ്ഞക്കാട്, എടവനക്കാട്, കോട്ടപ്പുറം രൂപതയിലെ ചെറുവൈപ്പ് തുടങ്ങിയ പള്ളികളിലും ഫ്രാൻസീസാണ് ഇപ്പോൾ കുഴി വെട്ടുന്നത്. കൂടെ രണ്ടുപേർ സഹായികളായി ഉണ്ട്. ജീവിക്കാനുള്ള ഒരു മാർഗം എന്നതിനേക്കാൾ ഒരു നന്മ പ്രവർത്തിയായാണ് ഫ്രാൻസിസ് ഇതിനെ കാണുന്നത്. ദൈവം കൊണ്ടുതന്ന ജോലിയാണിത്. നമ്മളെക്കൊണ്ട് ചെയ്യാൻ പറ്റാവുന്ന സഹായം ഒക്കെ ചെയ്യാറുണ്ട്. വേറെ പണിക്ക് ഒന്നും പോകാൻ സാധിക്കില്ല. എപ്പോഴാണ് കുഴിയെടുക്കാനുള്ള വിളി വരുന്നതെന്ന് അറിയാൻ സാധിക്കില്ലല്ലോ. എപ്പോഴും ജാഗ്രതയോടെ ഇരിക്കും. കുഴി വെട്ടുമ്പോൾ ലഭിക്കുന്ന പൈസയേക്കാൾ ഉപരി മനസ്സ് നിറയുന്ന ഒരു ജോലിയാണ്. ഒരു മനുഷ്യന്റെ അന്ത്യയാത്രയ്ക്ക് വേണ്ടി സ്ഥലം ഒരുക്കി കൊടുക്കുക എന്നത് ഒരു ദൈവനിയോഗമാണ്. ഫ്രാൻസിസ് പറയുന്നു.


ആദ്യകാലത്തൊക്കെ ഈ ജോലിയിൽ നിന്നും പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചിരുന്നു. കുടുംബത്തിനും വലിയ ഇഷ്ടമൊന്നും ഉണ്ടായിരുന്നില്ല ഈ ജോലിക്ക് പോകാൻ. പക്ഷേ ഞാൻ ഒന്നും നോക്കിയില്ല. ഇപ്പോൾ സഹായികളായി വേറെ ജോലിക്കാരും ഉണ്ട്. വളരെ അപൂർവമായി നാല് മരണമൊക്കെ ഒരു ദിവസം വരും. എല്ലാം ഏറ്റെടുക്കും. ആർക്കും ഒരു കുഴപ്പവുമില്ലാതെ സമയത്ത് തന്നെ ജോലി തീർത്തു കൊടുക്കും. കുടുംബവുമായുള്ള ആഘോഷങ്ങളും, ക്രിസ്മസും ഈസ്റ്ററും ആഘോഷിക്കുന്ന അവസരത്തിലുമൊക്കെ പണിക്ക് പോകേണ്ടി വന്നിട്ടുണ്ട്. അപ്പോഴൊക്കെ ഒരു മടിയും കൂടാതെ സഹായികളുമായി ഫ്രാൻസിസ് പോകും. എപ്പോഴാണ് ദൈവം മനുഷ്യനെ വിളിക്കുന്നതെന്ന് ആർക്കും നിശ്ചയിക്കാനാവില്ല. നമ്മളും ഒരിക്കൽ പോകേണ്ടവരാണ്. അതുകൊണ്ടുതന്നെ ആരും സ്വന്തം കഴിവിൽ  അഹങ്കരിക്കരുത് എന്നാണ് ഫ്രാൻസിസിന് പറയാനുള്ളത്. ആത്മഹത്യ ചെയ്തവരും അകാലത്തിൽ അപകടത്തിൽ മരിച്ചവരുമായ ആളുകളുടെ മൃതദേഹസംസ്കാരം ഒരിക്കലും കണ്ണിൽ നിന്നും മായില്ല. ചെറുപ്പക്കാരുടെയും കുട്ടികളുടെയും മരണ സംസ്കാരം കണ്ടുനിൽക്കാനാവില്ല. ഉറ്റവർ വാവിട്ട് കരയുന്നത് കാണുമ്പോൾ നമുക്കും സങ്കടമാവും. ചിലപ്പോളൊക്കെ കരഞ്ഞു പോകാറുണ്ട്. കുഞ്ഞുമക്കളുടെ കുഴിയെടുക്കുമ്പോൾ ഉറപ്പായിട്ടും മനസ്സ് പിടയും.

സിമിത്തേരി എപ്പോഴും വൃത്തിയാക്കി സൂക്ഷിക്കണമെന്നാണ് ഫ്രാൻസിസ് പറയുന്നത്. നവംബർ മാസത്തിൽ സിമിത്തേരി പ്രത്യേകമായി അലങ്കരിക്കുകയും വൃത്തിയാക്കുകയും ചെയ്യും. പക്ഷേ പിന്നീട് ആ സൂക്ഷ്മതയൊന്നും പലരും പുലർത്താറില്ല. ഉറ്റവരുടെ സംസ്കാരം കഴിഞ്ഞാൽ പിന്നെ കുഴികളിൽ വന്ന് പ്രാർത്ഥിക്കാനോ തിരി കത്തിക്കാനോ പോലും താല്പര്യപ്പെടാത്തവരുണ്ട്. എന്നാൽ ചിലർ എല്ലാ ദിവസവും ശിമിത്തേരിയിൽ വന്ന് ഉറ്റവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നവരുമുണ്ട്.


സ്വന്തം ഇടവകയായ സെന്റ് ജോർജ്പള്ളിയിൽ യൂണിറ്റിലും സംഘടനകളിലും സജീവ പ്രവർത്തകനാണ് ഫ്രാൻസിസ് . തിരുനാൾ നേർച്ച സദ്യ കമ്മിറ്റിയിലും സജീവമായി പ്രവർത്തിക്കുന്നു. ഫാമിലി യൂണിറ്റിന്റെ ലീഡർ കൂടിയാണ് ഫ്രാൻസിസ്. രണ്ട് പെൺകുട്ടികളാണ് ഫ്രാൻസിസിന്. രണ്ടുപേരെയും കല്യാണം കഴിച്ചയച്ചു. ഭാര്യ ആൽഫി.

ദീപ്തി കൂട്ടം

# I'm Possible



**ഫാ. ആശിഷ് അഗസ്റ്റിൻ**
**തുണ്ടിപറമ്പിൽ**




127 എന്നു പറയുന്ന ഒരു ഇംഗ്ലീഷ് ചലച്ചിത്രം ഉണ്ട്. പർവ്വതാരോഹകനായ നായകൻ  കൂട്ടുകാരെയും വീട്ടുകാരെയും അറിയിക്കാതെ ഒരു മലകയറുവാനായി പോവുകയാണ്. ഈ യാത്രയ്ക്കിടയിൽ അയാളെ കുറേപേരൊക്കെ സഹായിക്കുന്നുണ്ട്. എന്നാൽ നേരം സന്ധ്യയാകുന്ന സമയം കൂടെയുള്ളവർ ഇയാളോട് രാത്രി ഒരുമിച്ച് തങ്ങാമെന്ന് പറയുമ്പോൾ അവരുടെ ക്ഷണം നിരസിച്ച് മുന്നോട്ട് യാത്രയാവുകയാണ്. ഇടയ്ക്കുവച്ച് രണ്ട് പാറകൾക്കിടയിൽ ഇയാൾ കുടുങ്ങിപ്പോവുന്നതും പിന്നീട് 127 മണിക്കൂറുകൾ അയാൾ അതിനുള്ളിൽപ്പെട്ട് കിടക്കുകയും അതിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടി ശ്രമിക്കുന്നതുമാണ് കഥയുടെ സാരാംശം.

ഈ ചിത്രത്തിന്റെ തുടക്കഭാഗത്ത് അയാൾ പെട്ടുപോകുമ്പോൾ അയാൾക്ക് മുൻപിൽ രണ്ട് ഓപ്ഷനുകളാണ് ഉണ്ടാകുന്നത്. ഒന്നുകിൽ അവിടെക്കിടന്ന് മരിക്കുക. അല്ലെങ്കിൽ അവിടെനിന്ന് രക്ഷപ്പെടാനായി ശ്രമിക്കുക. രക്ഷപ്പെടാൻ ശ്രമിക്കാനാവില്ല എന്ന് അയാൾ കരുതുന്ന നിമിഷങ്ങളിൽ അയാൾക്കുണ്ടാകുന്ന ചില വീണ്ടുവിചാരങ്ങൾ വീണ്ടും അവിടെനിന്ന് രക്ഷപ്പെടുത്തുവാനായി ഉദ്ബോധിപ്പിക്കുകയും ഒടുവിൽ അവിടെനിന്നും രക്ഷപ്പെടുകയും ചെയ്യുന്നുണ്ട്.

സ്നേഹം നിറഞ്ഞവരെ, നമ്മുടെയൊക്കെ ജീവിതത്തിലും ചില കാര്യങ്ങളൊക്കെ ഇനി മുന്നോട്ട് കൊണ്ടുപോകുവാൻ സാധ്യമല്ല. അല്ലെങ്കിൽ നമ്മളെക്കൊണ്ട് നടക്കില്ല എന്ന് പറയുന്ന ചില സന്ദർഭങ്ങൾ നമുക്കുണ്ടാകാറുണ്ട്. അതുപോലെയുള്ള Impossible എന്ന് പറയുന്ന നമുക്ക് I'm Possible എന്ന് മാറ്റി എഴുതാമെന്ന് ഒരിക്കൽ തന്റെ പ്രസംഗത്തിൽ വിൻസെന്റച്ചൻ പറഞ്ഞിട്ടുള്ളത് ഓർക്കുകയാണ്. ശരി

യാണ് എല്ലാ Impossible കാര്യങ്ങൾക്കിടയിലും ഒരു Possibility യഥാർത്ഥത്തിൽ ഒളിഞ്ഞുകിടക്കുന്നുണ്ട്. ഈ പോസിബിലിറ്റിയെ കണ്ടെത്താനാവാത്തിടത്തോളം കാലം അത് നമുക്കൊരു പിടികിട്ടാനാവാത്ത, മറികടക്കാനാവാത്ത വലിയൊരു പ്രതിബന്ധമായി തന്നെ നമ്മുടെ മുൻപിൽ ഉണ്ടാകും. അതിനാൽ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന Impossible ആയ ഒരു കാര്യത്തെ I'm Possible ആയി മാറ്റുവാൻ മൂന്ന് P's ആവശ്യകത വളരെ വലുതാണ്.

**ഒന്നാമത്തെ** P **പ്രാർത്ഥന** (Prayer). വിശുദ്ധ ഗ്രന്ഥത്തിൽ ലൂക്കായുടെ സുവിശേഷം പതിനെട്ടാം അധ്യായം ഒന്നാം വാക്യത്തിലാണ് നിരന്തരമായി പ്രാർത്ഥിക്കുവിൻ എന്ന് കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. നാം ഏറ്റെടുക്കുന്ന ഏതു കാര്യവും കർത്താവിന്റെ സന്നിധിയിൽ സമർപ്പിച്ചുകൊണ്ട് നിരന്തരമായി പ്രാർത്ഥിക്കുമ്പോൾ അത് ഫലപ്രദമായി നമ്മുടെ കൈപ്പിടിയിൽ ഒതുക്കാനാവുന്ന രീതിയിൽ കർത്താവ് അത് നമുക്ക് സാധിച്ചു തരും. പക്ഷേ ഈ വീഴ്ചകളും പരാജയങ്ങളും ഒരിക്കലും നിരാശയിലേക്ക് നയിക്കാതെ മറിച്ച് വീണ്ടും എണീറ്റ് പ്രവർത്തിക്കുവാനുള്ള ബലമായും, നമ്മുടെ പരാജയങ്ങളും വീഴ്ചകളും എവിടെയാണ് എന്താണെന്ന് കൃത്യമായി മനസ്സിലാക്കി തരുവാനും പ്രാർത്ഥന നമ്മെ ശക്തരാക്കും. അതിനാൽ നമ്മുടെ ഇമ്പോസിബിലിറ്റി പ്രാർത്ഥനയോടെ ചേർത്തുവയ്ക്കുവാനായി പരിശ്രമിക്കാം.

**രണ്ടാമത്** P **എന്ന് പറയപ്പെടുക** Persistence **അഥവാ സ്ഥിരോത്സാഹം.** തുടർച്ചയായി പ്രവർത്തിക്കുക എന്നുതന്നെയാണ് അതിന്റെ അർത്ഥം. ഏതൊരു കാര്യവും വേലയലഴശിലൃം ഉശ്യല രീതിയിൽ എടുത്താൽ പിന്നീട് നമുക്കതിന് ഒരു വളർച്ച ഉണ്ടാവുക സാധ്യമല്ല. അതിനാൽ ആരംഭ ശൂരത്തം മാറ്റിവെച്ച് ഏതൊരു കാര്യവും പതിയെ പതിയെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി അതിനെയൊക്കെ കീഴടക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഇവിടെയാണ് ലോക പ്രശസ്തനായ ആൗരലഘലലല യുടെ വാക്കുകൾ നാം മനപ്പാഠമാക്കേണ്ടത്. ആയിരം അടവുകൾ പഠിച്ചവനെയല്ല ഞാൻ പേടിക്കുന്നത് മറിച്ച് ഒരടവ് ആയിരം തവണ പഠിച്ചവനെയാണ് ഞാൻ ഭയപ്പെടുക. സ്നേഹം നിറഞ്ഞവരെ, ഇപ്രകാരമായിത്തീരണമെങ്കിൽ നാം ഏറ്റെടുക്കുന്ന ഏതൊരു പ്രവർത്തിയും തുടർച്ചയായ കൃത്യമായ ചിട്ടയോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ കീഴടക്കാനാവൂ. അതിനാൽ നാം ഏറ്റെടുത്തിരിക്കുന്ന ഇമ്പോസിബിൾ ആക്റ്റിവിറ്റിയെ ദിവസവും ചിട്ടയോടെ ക്രമത്തോടെ പരിഹരിക്കുവാനും മറികടക്കുവാനുമുള്ള ഒരു സ്ഥിരോത്സാഹം നേടിയെടുക്കുവാൻ പരിശ്രമിക്കാം.

**മൂന്നാമത്തെ** P **എന്ന് പറയപ്പെടുന്നത്** practice. വെള്ളത്തിന് മുകളിൽ നിന്നുകൊണ്ട് നീന്തലിനെ പറ്റിയുള്ള എല്ലാ വശങ്ങളും കാണാപ്പാഠം പഠിച്ച ഒരുവന് ജീവിതത്തിൽ ഒരിക്കലും പുഴയിലോ കടലിലോ നീന്തുവാൻ സാധ്യമല്ല. അതിന
വൻ കടലിലേക്കും പുഴയിലേക്കും ഇറങ്ങിയാലേ മതിയാവൂ. അതിനാൽ നിങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഇമ്പോസിബിൾ ആയ കാര്യത്തെ പോസിബിൾ ആക്കണമെങ്കിൽ ആദ്യം അതിനുവേണ്ടി ഇറങ്ങിത്തിരിക്കുകയും ഇറങ്ങുമ്പോൾ പറ്റുന്ന വീഴ്ചകളും കുറവുകളും പരാജയങ്ങളും മനസ്സിലാക്കി തിരുത്തി മുന്നേറുവാൻ പരിശ്രമിക്കണം.

അതിനായി ഇമ്പോസിബിൾ ആയിട്ടുള്ള നമ്മുടെ ജീവിതത്തിൽ നാം കരുതുന്ന, കരുതിയിട്ടുള്ള കാര്യങ്ങളെ ഒന്ന് ഓർത്തെടുത്ത് പോസിബിൾ ആക്കുവാനായി നമുക്ക് പരിശ്രമിക്കാം. ഈ മൂന്ന് P കളും ചേർത്തുവച്ച് നമ്മൾ ഏറ്റെടുത്തിരിക്കുന്ന ഇമ്പോസിബിളിനെ പോസിബിൾ ആക്കി കാണിച്ചുകൊണ്ട് മറ്റുള്ളവർക്ക് മാതൃകയാക്കി മാറ്റുവാൻ നമുക്ക് ശ്രമിക്കാം. ഓർക്കുക ചന്ദ്രനിലേക്കും മറ്റു ഗ്രഹങ്ങളിലേക്കും യാത്രാസഞ്ചാരം സാധ്യമല്ല എന്ന് കരുതിയിരുന്ന ഒരു സമൂഹത്തിൽ നിന്നും അതെല്ലാം സാധ്യമാണെന്ന് തെളിയിച്ച ഒരു സമൂഹത്തിലാണ് നാമായിരിക്കുക, ആശയവിനിമയം നടത്താൻ കത്തുകൾ മാത്രമാണ് വഴിയെന്ന് കരുതിയിരുന്ന ഒരുകാലത്തുനിന്നും ആളെ നേരിൽകണ്ടുകൊണ്ട് ആശയവിനിയമം നടത്തുവാനുള്ള അവസരമുണ്ടെന്ന് കാണിച്ച ഒരു ലോകത്തിലാണ് നാം. തൊട്ടടുത്തു നിൽക്കുന്ന ആളെപ്പോലെ ദൂരെയുള്ള ആളിന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്ന സാങ്കേതികവിദ്യയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം. അതിനർത്ഥം ഇമ്പോസിബിൾ എന്ന് കരുതുന്നതെല്ലാം പോസിബിളാക്കി മാറ്റുവാൻ ഈ ലോകത്തിൽ ഓരോ മനുഷ്യരും ശ്രമിക്കുന്നുവെങ്കിൽ എന്തുകൊണ്ട് നമുക്ക് ആയിക്കൂടാ. നമുക്കും പരിശ്രമിക്കാം. നിങ്ങളുടെ പഠനമേഖലകൾ നിങ്ങൾക്ക് ഇമ്പോസിബിൾ ആകുന്നുണ്ട്. നിങ്ങളുടെ പ്രവർത്തന മേഖലകൾ നിങ്ങൾക്ക് ഇമ്പോസിബിൾ ആകുന്നുവെങ്കിൽ ധൈര്യത്തോടെ ഈ മൂന്ന് p കളും ചേർത്തുവച്ചു കഴിയുമ്പോൾ impossible-I'm possible ആക്കി മാറ്റുവാൻ നിങ്ങൾക്ക് കഴിയും.

**ചർച്ച**

*(1) എന്താണ് നിങ്ങളെ അലട്ടുന്ന, ഇമ്പോസിബിളായി തോന്നുന്ന കാര്യം എന്ന് ഇവിടെ കുറിക്കുക.*

*(2) ഇമ്പോസിബിളിറ്റി എങ്ങനെ മറികടക്കാമെന്ന് നിങ്ങളുടെ ടീച്ചറോടോ മതാദ്ധ്യാപകരോടോ മുതിർന്നവരോടോ ചോദിച്ച് അതിനുള്ള മാർഗ്ഗങ്ങൾ തേടുക.*

*(3) ഇതിനെ മറികടക്കുവാനായി നിങ്ങൾ കണ്ടെത്തിയ മാർഗ്ഗത്തെ എല്ലാ ദിവസവും തുടർച്ചയായി പ്രാക്ടീസ് ചെയ്യുവാനായി പരിശ്രമിക്കുക. അടുത്ത പ്രാവശ്യത്തെ ജീവദീപ്തി നിങ്ങളുടെ കയ്യിൽ എത്തുമ്പോൾ ഈ പ്രശ്നം നിങ്ങൾക്ക് പോസിബിൾ ആയിരിക്കും.*

# ഫാ. ജോർജ് വാകയിൽ - മരടിന്റെ പുണ്യാളൻ



**ഫാ. ഷൈജു തോപ്പിൽ**

*മരടിന്റെ അച്ചൻ പുണ്യാളൻ കാലയവനികൾക്കുള്ളിൽ മറഞ്ഞിട്ട് 94 വർഷങ്ങൾ തികയുന്നു! ഇന്നും ഇവിടത്തുകാർക്ക് ഫാ. ജോർജ് വാകയിൽ സജീവ സ്മരണയായി ഈ പ്രദേശം മുഴുവൻ നിറഞ്ഞു നിൽക്കുകയാണ്. അദ്ദേഹത്തിന്റെ 94-ാം സ്മരണാഘോഷങ്ങൾ ഒക്ടോബർ 12 മുതൽ നവംബർ 4 വരെ ഈ ജനങ്ങൾ ഏറ്റെടുത്തു നടത്തുകയാണ്. എല്ലാ വെള്ളിയാഴ്ചകളിലും അദ്ദേഹത്തിന്റെ സ്മൃതിമന്ദിരത്തിൽ ഒത്തുകൂടുന്ന ജനസഹസ്രങ്ങൾ ഒരു വൈദികൻ തന്റെ ജീവിതത്തിലൂടെ ജനസമൂഹത്തിന് നൽകിയ കൃപകളുടെ ഏറ്റവും നല്ല അടയാളമാണ്.*

1883 സെപ്റ്റംബർ 12-ാം തീയതി കൂനമ്മാവിൽ ജനിച്ച ജോർജ് വാകയിൽ 1912 ഡിസംബർ 21-ാം തീയതിയാണ് വൈദികനായി അഭിഷിക്തനായത്. ഗോതുരുത്ത് പള്ളിയിൽ സഹവികാരിയായി മൂന്ന് വർഷത്തോളം സേവനം ചെയ്തതിനുശേഷം കോട്ടയത്തുള്ള കുറിച്ചി സെന്റ് ഫ്രാൻസിസ് ഇടവകയിലേക്ക് മിഷനറി സേവനത്തിനായി പോവുകയും ആ ഇടവകയുടെ പ്രഥമ വികാരിയായി തീരുകയും ചെയ്തു. ആറര വർഷത്തോളം നീണ്ട മിഷനറി ശുശ്രൂഷയ്ക്ക് ശേഷം 1922-ാമാണ്ടിൽ മരട് മൂത്തേടം സെന്റ് മേരി മാഗ്ദലിൻ ഇടവകയിൽ വികാരിയായി നിയമിതനായി.

മരട് മൂത്തേടം ഇടവകയിൽ ദിവ്യകാരുണ്യ സന്നിധിയിലും കുമ്പസാരക്കൂട്ടിലുമായി ദീർഘമായ മണിക്കൂറുകൾ ദൈവജനത്തിനായി ചെലവഴിച്ച അദ്ദേഹം, തന്റെ പ്രാർത്ഥനയിലൂടെയും ഉപദേശത്തിലൂടെയും ജനത്തെ ദൈവത്തിങ്കലേക്ക് തിരികെ കൊണ്ടുവന്നു. തൻറെ ജീവിതത്തിൽ നീതിയോട് കൂടി അങ്ങേയറ്റം പ്രവർത്തിച്ച അദ്ദേഹം ഇന്നും വളരെയധികം പേർക്ക് പ്രചോദനമായി നിലകൊള്ളുന്നു. പള്ളിയുടെയും സ്കൂളിന്റെയും നടത്തിപ്പ് സാമ്പത്തികമായി വളരെയധികം ബാധ്യതയായിരുന്നപ്പോഴും കൃത്യദിവസം തന്നെ എല്ലാ മാസവും ശമ്പളം കൊടുക്കുന്നതിനും അദ്ദേഹം വളരെ യധികം ശ്രദ്ധിച്ചിരുന്നു. പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് പണമായും, വസ്ത്രങ്ങളായും പുസ്തകങ്ങളായും സഹായിച്ച് പഠനം മുടക്കാതെ മുന്നോട്ടു കൊണ്ടുപോവുക അദ്ദേഹത്തിന് സന്തോഷമുള്ള ഒരു കാര്യമായിരുന്നു. സമൂഹത്തിൽ വലിയ നിലയും വിലയും ഉള്ള കുടുംബങ്ങൾ പലതും പട്ടിണിയിൽ ആയിരുന്ന സമയത്ത് ആരും അറിയാതെ അവരെ അദ്ദേഹം സഹായിക്കുമായിരുന്നു. പാവങ്ങളോടുള്ള ദീനാനുകമ്പ ആയി അദ്ദേഹത്തിനുണ്ടായിരുന്നുതാനും.



എന്റെ ഇടവക ശുശ്രൂഷയിൽ എല്ലാ ഭവനങ്ങളും സന്ദർശിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി യഥാർത്ഥ കത്തോലിക്കാ കുടുംബ ങ്ങളാക്കി രൂപീകരിക്കുന്നതിന് അദ്ദേഹം ഏറെ താല്പര്യമെടുത്തു. കത്തോലിക്കാ കുടുംബങ്ങൾ മാത്രമല്ല മറ്റു കുടുംബങ്ങളും അദ്ദേഹം സന്ദർശിച്ച് പ്രാർത്ഥിക്കു മായിരുന്നു. ദൈവവിളി പ്രോത്സാ ഹിപ്പിക്കുന്നതിനും പ്രത്യേകം താല്പര്യം എടുത്ത ഈ വന്ദ്യ വൈദികൻ തന്റെ ശുശ്രൂഷകളി ലൂടെ യുവതി യുവാക്കൾക്ക് സമർപ്പിത ജീവിതത്തിലേക്കുള്ള വഴികാട്ടിയായി.

തന്റെ മിഷനറി കാലത്തുണ്ടായ അപകടത്തിന്റെ ബാക്കിപത്രമായ മുറിവ് മൂത്തേടം ഇടവകയിൽ വച്ച് ഉണങ്ങാ മുറിവായി മാറുകയും അണുബാധ ശരീരത്തിൽ ആക മാനം വ്യാപിക്കുകയും ചെയ്തു. അങ്ങനെ 1922 നവംബർ നാലാം തീയതി തിരുഹൃദയത്തിന്റെ ഈ ഭക്തൻ തിരുഹൃദയ സന്നിധി യിലേക്ക് കടന്നുപോയി. ഇന്ന് തിരുസന്നിധിയിൽ ആയിരിക്കുന്ന വാകയിലച്ചൻ ഈ ജനത്തെ ഓർമ്മിക്കുന്നുണ്ട് എന്നുള്ളതിന്റെ നിതാന്ത ദർശനങ്ങളാണ് അദ്ദേഹ ത്തിന്റെ സ്മൃതി മന്ദിരത്തിൽ വന്ന് പ്രാർത്ഥിക്കുന്ന, ലഭിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞത അർപ്പിക്കുന്ന ജനസഹസ്രങ്ങൾ! ചെറുതും വലുതുമായ നിരവധി അത്ഭുതങ്ങൾ ഇവിടെ ദർശിക്കാനാകും.

2013 സെപ്റ്റംബർ ഒന്നാം തീയതി അന്നത്തെ വരാപ്പുഴ മെത്രാപ്പോ ലീത്ത ഡോ. ഫ്രാൻസിസ് കല്ലറക്കൽ അദ്ദേഹത്തെ ദൈവദാ സനായി പ്രഖ്യാപിക്കുകയും നാമകരണ നടപടികൾ ആരംഭി ക്കുകയും ചെയ്തു. ഇന്നും അസംഖ്യം ജനങ്ങൾ അച്ചൻ പുണ്യാളൻ എന്നു വിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കബറിടത്തിൽ വന്നു പ്രാർത്ഥിക്കുന്നു. അനുഗ്രഹ ങ്ങൾ ലഭിച്ചതിനെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു.

*എല്ലാ വർഷവും നവംബർ നാലാം തീയതി നടക്കുന്ന സ്മരണാ ഘോഷങ്ങൾക്ക് ഒരുക്കമായി ഒക്ടോബർ അവസാനത്തെ ആഴ്ച മൂത്തേടം ബൈബിൾ കൺവെൻഷനും നടത്തപ്പെടുന്നു. ഈ തിരുക്കർമ്മങ്ങൾ എല്ലാം വരാപ്പുഴ അതിരൂപത മുഴുവനും, പ്രത്യേകിച്ച് നാലാം ഫൊറോന യും, ഈ പ്രദേശത്തുള്ള എല്ലാ ജനങ്ങളും പങ്കുചേരുന്നു. മരട് പ്രദേശത്തെ സംബന്ധിച്ചിടത്തോ ളം ഇന്നും ജീവിക്കുന്ന ഒരു വികാരമാണ് വാകയിലച്ചൻ. യുവജന ങ്ങൾക്കും മുതിർന്നവർ ക്കും ഇന്നും അദ്ദേഹം പ്രചോദന മായി നിലകൊള്ളുന്നു. അദ്ദേഹ ത്തിന്റെ നാമകരണ നടപടികൾ മുന്നോട്ടു നയിക്കപ്പെടാൻ, അങ്ങനെ ജനങ്ങളുടെ ഈ അച്ചൻ പുണ്യാളൻ സഭയിൽ ഔദ്യോഗികമായി വിശുദ്ധൻ എന്നു വിളിക്കപ്പെടാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.*

**ഓർമ്മച്ചെപ്പ്**


***വാകയിലച്ചന്റെ പൂജ്യ കബറിടം***

***1921 നവംബർ നാലാം തീയതി അദ്ദേഹത്തെ മരട്, മൂത്തേടം പള്ളി സിമിത്തേരിയിൽ, ഇവിടെ സംസ്കരിച്ചു. രാത്രി മുഴുവൻ ജനങ്ങൾ വന്നുകൊണ്ടേയിരുന്നതിനാൽ കബറിടം അടച്ചത് പിറ്റേദിവസം രാവിലെ ആയിരുന്നു. ഇന്നും രാപകലില്ലാതെ ജനങ്ങൾ ഇവിടെ വന്ന് പ്രാർത്ഥിച്ച്, ദൈവാനുഗ്രഹങ്ങൾ നേടുന്നു.***




ദൈവദാസൻ ജോർജ് വാകയിലച്ചന്റെ ശവസംസ്കാര ദൃശ്യം : ഇടത്തുന്നിന്ന് മോൺ. പൈനുങ്കൽ, ഫാ. ജോസ്ഫ് അട്ടിപ്പേറ്റി (സെക്രട്ടറി), മോൺ. ഫ്രാൻസിസ്സ് ചമ്മണി, ഫാ. പീറ്റർ വടശ്ശേരി, അലക്സാണ്ടർ വാകയിൽ, ഫാ. വെസ് റ്റർമേയർ, റൈറ്റ് റവ. മോൺ. കൂർസ് അറക്കൽ (വികാരി ജനറാൾ), മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ, ഫാ. ജോർജ് പള്ളിപ്പറമ്പിൽ, ഫാ. അഗസ്റ്റിൻ ഡി'ക്രൂസ് എന്നിവരേയും കാണാം.

4–11–1931



# ശതാഭിഷിക്ത തെളിച്ചത്തിൽ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ





**ഫാ. യേശുദാസ് പഴമ്പിള്ളി**

പട്ടണത്തിരക്കിൽ നിന്ന് അകന്ന്, നിറച്ചിരിപ്പൂക്കളും നീട്ടിപാടുന്ന പക്ഷികളുടെ കളകൂജനങ്ങളും നിറഞ്ഞ ഒരിടം. കാക്കനാടിന്റെ ഹൃദയ ഭൂമിയിൽ വില്ല സുക്കോർ സോ എന്ന് പണ്ടറിയപ്പെട്ട ആർച്ച് ബിഷപ്പ്സ് വില്ല, അവിടെ വരാപ്പുഴ അതിരൂപതയുടെ പ്രൗഢ ഗംഭീര തലമുറയിലെ പ്രധാന കണ്ണിയായ ഒരാൾ.. ആർച്ച് ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ. ശതാഭിഷിക്തനിറവിൽ കല്ലറക്കൽ പിതാവ് വാണരുളുന്ന സ്ഥലം. എൺപത്തിനാല് വയസ്സിന്റെ ദൈവകൃപയിൽ ഇരുന്ന് അദ്ദേഹം ഒരുപാട് നേരം സംസാരിച്ചു. തന്റെ ജീവിതത്തിൽ ദൈവം വിരുന്നു വന്നതിനെ കുറിച്ച്, കൊടുങ്കാറ്റുകൾക്കിടയിൽ ദൈവം നെഞ്ചിൽ ചേർത്തുപിടിച്ചു നടത്തിയ ഇന്നലെകളെ കുറിച്ച്... കൃതജ്ഞതകൾ നിറഞ്ഞ പുണ്യ മുഖഭാവത്തോടെ അൻപതിയേഴ് വർഷത്തിന്റെ പൗരോഹിത്യ ജീവിതഭംഗിയുടെ ഭാവഗരിമയോടെ, കോട്ടപ്പുറം രൂപതയുടെ ആദ്യ ഇടയനായി ഇരുപത്തിമൂന്ന് വർഷത്തിന്റെ അജപാലന പ്രവർത്തന പിൻബലത്തോടെ, ഏഴര വർഷം കേരള ലത്തീൻ സഭയുടെ പരമാധ്യക്ഷനും, രൂപതകളുടെ അമ്മയായ വരാപ്പുഴ അതിരൂപത അധ്യക്ഷനുമായി ജീവിതം മുന്നോട്ട് നയിച്ചതിനെക്കുറിച്ച് അദ്ദേഹം വാചാലനായി. പൗരോഹിത്യ പൂർണ്ണതയിൽ ഒരു പുരുഷായുസ്സിൽ കിട്ടുന്ന അപൂർവ്വമായ ദൈവാനുഗ്രഹം – ആയിരം പൂർണചന്ദ്രന്മാരെ കാണാനുള്ള ദൈവഭാഗ്യം ആസ്വദിച്ച് അദ്ദേഹം നിറയെ പുഞ്ചിരിച്ചു. സ്വന്തം ജീവിതം മറ്റുള്ളവർ വായിക്കേണ്ട സുവിശേഷം ആക്കി മാറ്റിയ ഒരാൾ. മനോഹരമായ ഈ ഭൂമിയിൽ ഇത്രയും കാലം ജീവിക്കാൻ കൃപ ലഭിച്ചതിനെ ഓർത്ത് പിതാവ് ശിരസു നമിച്ചു.

1956–ൽ ആറാം ക്ലാസിൽ പഠിക്കുന്ന കൊച്ചു പാഞ്ചിയെ തന്റെ കൊച്ചാപ്പനച്ചൻ – യശ: ശരീരനായ ഫാദർ ജേക്കബ് കല്ലറക്കൽ– ദൈവവിളിയുടെ പുൽമേട്ടിലേക്ക്, മോശയെ ദൈവം വിളിച്ചത് കണക്ക്, കൈപിടിച്ചു യർത്തി. ജേക്കബ് അച്ചൻ ഇടവക വികാരിയായിരുന്ന പോണേൽ ഇടവക ആയിരുന്നു കൊച്ചു പാഞ്ചിയുടെ പുറപ്പാട് ഭൂമി. ചെറിയ ക്ലാസിലെ പരീക്ഷകളിൽ ഉന്നത വിജയം സ്വന്തമാക്കിയ മിടുക്കനായ ഫ്രാൻസിസിനെ ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി ദൈവ വിളിയേകി അനുഗ്രഹിച്ചു. ആർച്ച് ബിഷപ്പ് കോർണേലിയസ് ഇലഞ്ഞിക്കൽ ആയിരുന്നു ആദ്യ റെക്ടർ. ആലുവ പെരിയാറിന്റെ തീരത്തുള്ള കർമലഗിരിയിലെ ഫിലോസഫി പഠനകാലത്ത് തന്റെ സ്വതസിദ്ധമായ ബുദ്ധിവൈഭവത്താൽ ഏവർക്കും മുൻപിൽ

മിടുക്കനായി വളർന്ന ബ്രദർ ഫ്രാൻസിസിനെ അട്ടിപ്പേറ്റി പിതാവ് ഉന്നത പഠനത്തിനായി റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിലേക്ക് അയച്ചു. പലവിധ മാനവ സംസ്കാരങ്ങളുടെ റോമൻ സംഗമഭൂമിയിൽ ബ്രദർ ഫ്രാൻസിസ് ജീവിതത്തെ ഈശോയ്ക്ക് മാത്രമായി ബലിയർപ്പിച്ചു.

1968 ജൂൺ മാസം 29ന് വിശുദ്ധ പീറ്ററിന്റെയും പോളിന്റെയും ഓർമ്മ ദിനത്തിൽ റോമിൽ വെച്ച് ബ്രദർ ഫ്രാൻസിസ് ദൈവത്തിന്റെ പുരോഹിതനായി അഭിഷിക്തനായി. തുടർന്ന് അമേരിക്കയിലെ ഫെയർഫീൽഡ് യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യൽ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും നേടി. അഭിഷേക തൈലത്തിന്റെ സുഗന്ധവും പേറി ഫാദർ ഫ്രാൻസിസ് തന്റെ മാതൃ രൂപതയിലേക്ക് മടങ്ങിയെത്തി. ജീവിതത്തിന്റെ ഏറെ പങ്ക് ചിലവഴിച്ച വരാപ്പുഴ അതിരൂപത മെത്രാസന മന്ദിരത്തിൽ, മെത്രാപ്പോലീത്തയുടെ സെക്രട്ടറി, സോഷ്യൽ സർവീസ് ഡയറക്ടർ, ബാംഗ്ലൂർ സെൻറ് ജോൺസ് മെഡിക്കൽ കോളേജ് ഭരണസമിതി അംഗം എന്നിങ്ങനെയൊക്കെയുള്ള ഉന്നത പദവികളിൽ എളിമ നിറഞ്ഞ മനസ്സോടെ ജീവിച്ചു. തുടർന്ന് നിത്യ പുരോഹിതനായ അഹറോന്റെ വിശുദ്ധ തൈലാഭിഷേകത്താൽ മേൽപ്പട്ട സ്ഥാന ജീവിതം. ഇന്നും പിതാവ് ഏറെ സംസാരിച്ചു. വിശ്വാസതലത്തിലെ പ്രാർത്ഥനകൾ ഇല്ലാതാകുന്ന വീടുകളിൽ പെരുകുന്ന ദുഃഖ കാഴ്ചകളെ കുറിച്ച്, വിശ്വാസവഴികളിൽ കാലറിടറി വീഴുന്ന യുവജനങ്ങളുടെ ദുരനുഭവങ്ങളെ കുറിച്ച്. ആഴപ്പെട്ട വിശ്വാസമുണ്ടായിരുന്ന പഴയകാലത്തെ മാതാപിതാക്കളെ കുറിച്ചും ഈശോയിൽ നിന്ന് അകന്നു പോകുന്ന യുവതയെ കുറിച്ചും സ്നേഹശാസനകൾ നൽകുന്ന മാതാപിതാക്കൾ കുറയുന്ന ഈ കാലഘട്ടത്തെ കുറിച്ചും പിതാവ് വാചാലനായി. ഇന്നും കൂട്ടുകുടുംബങ്ങളുടെ അഭാവം ലോകത്തെ ഒരു ന്യൂക്ലിയസ് ഫാമിലിയാക്കി ഒതുക്കിയതിന്റെ വേദനയും ദൈവവിളി എന്നത് ഒരു മരീചികയായി പോയതിന്റെ സങ്കടവും അദ്ദേഹം ദുഃഖത്തിന്റെ നേർത്ത കണ്ണീർ തിളക്കത്താൽ പങ്കുവെച്ചു. പെട്ടെന്ന് കടന്നുവന്ന ഒരു നേർത്ത ഇളംകാറ്റിൽ ആടിയുലയുന്ന പൂക്കളെ നോക്കി ചിരിച്ച് അദ്ദേഹം ആത്മനിമന്ത്രണം പോലെ മൊഴിഞ്ഞു, പ്രായത്തിന്റെ എൺപത്തിനാലു വർഷം പൂർത്തിയാക്കുന്ന എന്റെ ജീവിതം ഏറെ ധന്യമാണ്, ദൈവം തന്ന വിശുദ്ധി നന്മയാണിത്. സന്തോഷമുള്ള ജീവിതത്തിന്റെ ഹൃദയമിടിപ്പ് ആകട്ടെ പ്രാർത്ഥന എന്നും പണ്ട് സന്ധ്യാ വേളകളിൽ ഓലപ്പുരകളിൽ നിന്നും സുവിശേഷ സ്വരം പോലെ ഉയർത്തെഴുന്നേറ്റിരുന്ന ജപമാല പ്രാർത്ഥനകൾ ഇനിയും നമ്മുടെ സന്ധ്യകളെ ദൈവ സുഗന്ധം ഉള്ളതാകട്ടെ എന്നും പ്രതീക്ഷ പ്രകാശമുള്ള കണ്ണുകളോടെ അദ്ദേഹം പങ്കുവെച്ചു. ജീവിത തിരക്കിന്റെ ചവിട്ടുപടികൾ കയറുമ്പോൾ ഒപ്പം ഏറെ പ്രിയപ്പെട്ട ഒരു പാട്ട് അദ്ദേഹം മൂളി. മാടപ്രാവേ...മാടപ്രാവേ എന്ന വിവിധ വേദികളിൽ പാടിക്കേൽപ്പിച്ച പരിശുദ്ധ ഗാനം കല്ലറക്കൽ പിതാവ് ഹൃദയം തുടർന്ന് പാടുമ്പോൾ ആ ഗാനത്തിന്റെ ഈരടികൾ ചുറ്റുപാടും അലയടിക്കുന്നത് പോലെ തോന്നി. ദൂരെ നിന്നും കുറെ മാടപ്രാവുകളും അതേറ്റുപാടുന്നത് പോലെ... ദൈവകൃപയുടെ ചിറകടി സ്വരമുള്ള ആ നാവിൽ ഇനിയും സ്നേഹത്തിന്റെ സങ്കീർത്തനങ്ങൾ ഉണ്ടാകട്ടെ. ബലിവേദിയിൽ എന്നും വായിക്കാനുള്ള ഒരു സുവിശേഷം പോലെ അദ്ദേഹത്തിന്റെ ജീവിതം വരാപ്പുഴ എന്ന പുണ്യ തറവാട്ടിൽ കത്തി നിൽക്കുന്ന മെഴുതിരി വെട്ടം ആകട്ടെ. അഭിവന്ദ്യ വലിയപിതാവിന് ശതാഭിഷേക പൂർണ്ണതയുടെ സ്നേഹാഭിവാദനങ്ങൾ.

CARTOON **DEEPTHI** John Kakkanad



# അമീബിക് രോഗവും പ്രതിരോധ നടപടികളും





**ഡോ. സി. റോമിയ റോഡ്രിഗസ്,**
MD FGID
ലൂർദ്ദ് ഹോസ്പിറ്റൽ

സ്കൂളിലെ സയൻസ് പഠനകാലത്തു നമുക്കൊക്കെ സുപരിചിതമാണ് അമീബകൾ. ഏതെ ങ്കിലും ഒരു ഹോസ്റ്റിൽ ജീവിക്കുന്നു (ഇത് രോഗാണുക്കൾക്ക് ജീവിക്കാനും വളരാനും കഴിയുന്ന ഒരു മനുഷ്യനെയോ ജീവിയെയോ സൂചിപ്പിക്കുന്നു) എന്ന് നമ്മൾ കരുതിയിരുന്ന അമീബകൾ സ്വതന്ത്രമായി ജലാശയങ്ങളിലും കുളങ്ങളിലും നമ്മുടെ സ്വിമ്മിംഗ് പൂളുകളിലും എന്തിനു നമ്മുടെ വീട്ടിലെ ജലസംഭരിണികളിൽ നിന്ന് നമ്മുടെ കുളിമുറിയിലെ ഷവറിൽ വരെ എത്തുമെന്നും അത് നമ്മുടെ തലച്ചോറ് പതിയെ പതിയെ തിന്നു തീർക്കുന്ന ഒരു രോഗ കാരണമായി മാറുമെന്നും മലയാളി അറിയാൻ തുടങ്ങിയിട്ട് അധിക കാലമായില്ല. തലച്ചോറ് തിന്നുന്ന അമീബ എന്ന് വിളിക്കപ്പെടുന്ന നെയ്ഗ്ലേരിയ ഫൗളേരി എന്ന സ്വതന്ത്രമായി ജീവിക്കുന്ന സൂക്ഷ്മാണു മൂലമുണ്ടാ കുന്ന പെട്ടെന്നുള്ളതും അപകടകരവുമായ ആരോഗ്യ പ്രതിസന്ധിയാണ് ഇപ്പോൾ കേരളം നേരിടുന്ന അമിബിക് മസ്തിഷ്ക്കജ്വരം.

2025-ൽ ഇതുവരെ, സംസ്ഥാനത്ത് 69 സ്ഥിരീകരിച്ച മാരകമായ അമീബിക് മെനിംഗോ എൻകെഫലൈറ്റിസ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഇതിൽ 19 മരണങ്ങളും ഉൾപ്പെടുന്നു; ഏറ്റവും ദാരുണമായി, ഓഗസ്റ്റ് അവസാനത്തിൽ കോഴിക്കോട് മൂന്ന് മാസം പ്രായമുള്ള ഒരു ശിശുവും 52 വയസ്സുള്ള ഒരു സ്ത്രീയും മരിച്ചു, ഇത് ഒരു മാസത്തിനുള്ളിൽ മരണസംഖ്യ മൂന്നായി ഉയർത്തി. ഒരു ദാരുണമായ അപകട ശൃംഖല രൂപപ്പെടുമ്പോൾ നമ്മൾ ജാഗരൂകരാകേണ്ടിയിരിക്കുന്നു. ഓഗസ്റ്റ് ആദ്യം 9 വയസ്സുള്ള ഒരു പെൺകുട്ടി കൂടെ മരിച്ചു എന്ന വാർത്ത കേട്ടപ്പോഴും കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള നിരവധി സജീവ കേസുകൾ സംസ്ഥാന ആശുപത്രികളിൽ ചികിത്സയിലാണെന്ന് റിപ്പോർട്ടുകൾ വായിക്കുമ്പോഴുമൊക്കെ ഈ രോഗവസ്ഥയെ കുറിച്ചുള്ള അറിവ് നമ്മളൊക്കെ നേടേണ്ടത് ആവശ്യമാണ് എന്ന് തോന്നുന്നു.

**സ്വതന്ത്രമായി ജീവിക്കുന്ന അമീബകൾ**

അമീബകളെ കുറിച്ചുള്ള നമ്മുടെ അറിവ് അത് ചില ഹോസ്റ്റ് ജീവികളിൽ ജീവിച്ചു മരിക്കുന്നു എന്നതായിരുന്നു. എന്നാൽ സ്വതന്ത്രമായി ജീവിക്കുന്ന അമീബകളും (Free-living Amebas) ഉണ്ട് എന്ന് അറിയേണ്ടിയിരിക്കുന്നു. അവ പരിസ്ഥിതിയിലുള്ള പ്രോട്ടോസോവൻ പരാന്നജീവികളാണ്. ഇവ പ്രത്യേകമായൊരു ഹോസ്റ്റ് ആവശ്യമില്ലാതെ തന്നെ ജലാശയങ്ങളായ തടാകങ്ങൾ, നദികൾ, ചെറുകുളങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ കാണപ്പെടുന്നു. 1. Naegleria (Naegleria fowleri മാത്രം), Acanthamoeba (ഈ വിഭാഗത്തിൽ നിരവധി സ്പീഷീസുകൾ), Sappinia (Sappinia pedata മാത്രം), Balamuthia (Balamuthia mandrillaris മാത്രം) എന്നിവയാണ് മസ്തിഷ്ക അമീബിക് ജ്വരത്തിനു കാരണമായ നാല് തരം രോഗാണുക്കൾ. ഇവയിൽ ഭൂരിഭാഗവും മസ്തിഷ്ക- നാഡീ പ്രവർത്തന (CNS) രോഗങ്ങൾ ഉണ്ടാക്കുന്നവയാണ്. എന്നാൽ

Acanthamoeba എന്നത് കണ്ണിന്റെ കൊർണിയയെ ബാധിക്കുന്ന കെറ റ്റൈറ്റിസിനും ശരീരത്തിലുടനീള മുള്ള രോഗങ്ങൾക്കും കാരണ മാകുന്നതുകൊണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

സ്വതന്ത്ര അമീബകൾ പ്രധാനമാ യും രണ്ടു തരത്തിലുള്ള രോഗ ങ്ങൾക്ക് കാരണമാകുന്നു. പ്രാഥ മിക അമീബിക് മെനിംഗോ എൻകെഫലൈറ്റിസ് (Primary Amebic Meningoencephalitis - PAM) ഉം ഗ്രാനുലോമാറ്റസ് അമീബിക് എൻകെഫലൈറ്റിസ് (Granulomatous Amebic Encephalitis - GAE) എന്നിവയാണവ. ഇവ രണ്ടുമാണ് പ്രധാനമായും അറിയപ്പെടുന്ന അമീബിക് ***മസ്തിഷ്ക ജ്വരങ്ങൾ.***

***രോഗകാരണങ്ങളും ലക്ഷണങ്ങളും***

Naegleria fowleri എന്നതു താപസ് നേഹിയായ (Thermophilic) സ്വതന്ത്ര അമീബയാണ്. ഇത് സാധാരണ യായി 30°C മുതൽ 45°C താപനില വരെയുള്ള അവസ്ഥയിൽ വളരു ന്നുവെന്നും പഠനങ്ങൾ തെളിയി ച്ചിട്ടുണ്ട്. മണ്ണിലും മധുരജല ങ്ങളിലും (തടാകങ്ങൾ, നദികൾ, ചെറുനദികൾ, ഊഷ്ണ ജലശയ ങ്ങൾ, ക്ലോറിനേറ്റഡ് അല്ലാത്ത സ്വിമ്മിങ് പൂളുകൾ എന്നിവയിൽ) ഇവ കാണ പ്പെടുന്നു. ഈ രോഗം പിടിപെടാനുള്ള പ്രധാന മാർഗ ങ്ങൾ ഇത്തരം ജലശയങ്ങളിൽ നീന്തൽ, ഡൈവിംഗ്, വാട്ടർസ് കീയിംഗ്, തുടങ്ങിയവ ചെയ്യുന്ന താണ്. അമീബ വളരുന്ന ജലസം ഭരണികളിൽ നിന്നുള്ള ടാപ്പിൽ നിന്നും മൂക്ക് കഴുകുന്നതിനും അമീബിക് മാസ്തിഷ്കജ്വര സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. GAE എന്നത് അരമിവേമാീലയമ ജനുസിലെ നിരവധി സ്പീഷീസുകളാലും Balamuthia mandrillarisന്റെയും അണുബാധയാൽ ഉണ്ടാകുന്ന മസ്തിഷ്ക രോഗമാണ്. ഈ അമീബകൾ മണ്ണിലും അൽപം ഉപ്പുള്ള വെള്ളത്തിലും (brackish water), മലിനജലത്തിലും, കണ്ടെ ത്തിയിട്ടുണ്ട്.

**രോഗവ്യാപനം (Epidemiology)**

അമീബിക് മസ്തിഷ്ക ജ്വരം ഒരു അത്യപൂർവമായ രോഗമാണ്. ലോകത്തൊട്ടാകെ ശരാശരി പ്രതിവർഷം 3.7 കേസുകൾ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു ള്ളൂ. കൂടുതലായും ചൂടുള്ള പ്രദേശങ്ങ ളായ അമേരിക്കയുടെ തെക്കൻ ഭാഗങ്ങളിൽ കാണപ്പെടു ന്നത്. സാധാരണയായി വേനൽക്കാലത്തോ വസന്തകാല ത്തോ വെള്ളവുമായി ബന്ധപ്പെട്ട വിനോദപ്രവർത്തനങ്ങൾ കൂടുതലാകുന്ന സമയങ്ങളിലാണ് രോഗബാധ സംഭവിക്കുന്നത്. രോഗ ബാധിതരുടെ ശരാശരി പ്രായം 12 വയസ്സാണ് (8 മാസം മുതൽ 66 വയസ്സ് വരെ), ഇവരിൽ 79% പേരും പുരുഷന്മാരാണ്.

**രോഗം ബാധിക്കുന്ന വിധങ്ങൾ**

Naegleria fowleri എന്ന അമീബ യുടെ രോഗബാധ, മലിനമായ വെള്ളം മൂക്കിലൂടെ ശരീരത്തി ലേക്ക് പ്രവേശിക്കുമ്പോഴാണ് നടക്കുന്നത്. മൂക്കിലൂടെ കടന്ന അമീബ ഗന്ധനാഡികളിലൂടെ (olfactory nerves) മസ്തിഷ്കത്തി ലേക്ക് പ്രവേശിക്കുന്നു. അമീബ അടങ്ങിയ വെള്ളത്തിൽ നീന്തു മ്പോഴോ, ഡൈവിംഗ് ചെയ്യു മ്പോഴോ, വാട്ടർ സ്കീയിംഗ് പോലുള്ള പ്രവർത്തനങ്ങൾ ചെയ്യുമ്പോഴോ അണുബാധ മൂക്കിലേക്ക് കയറുമ്പോഴാണ് ഇത് മസ്തിഷ്കത്തിലേക്ക് കടന്ന് Primary Amebic Meningoencephalitis (PAM) എന്ന ഗുരുതരമായ രോഗത്തിന് കാരണമാകുന്നത്. മലിനജലം കുടിച്ചതിനാൽ രോഗബാധ ഉണ്ടാകില്ല, കാരണം ഈ അമീബക്ക് വയറ്റിലെ ആസി ഡിൽ ജീവിക്കാൻ കഴിയില്ല, കൂ ടാതെ ദഹനപ്രവർത്തനത്തിലൂടെ മസ്തിഷ്കത്തിലേക്ക് എത്താനും കഴിയില്ല.

**പ്രാരംഭ ലക്ഷണങ്ങൾ**

അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങൾ എക്സ്പോഷർ കഴിഞ്ഞ് 1 മുതൽ 12 ദിവസത്തിനു ള്ളിൽ പ്രത്യക്ഷപ്പെടും). പെട്ടെന്നു ള്ളതും കഠിനവും പലപ്പോഴും അസഹനീയവുമായ തലവേദന, കടുത്ത പനി, ഓക്കാനം, ഛർദ്ദി, വെളിച്ചത്തോടുള്ള സംവേദനക്ഷ മത, മാനസിക ആശയക്കുഴപ്പം, ക്ഷോഭം അല്ലെങ്കിൽ അസാധാര ണമായ പെരുമാറ്റം, സമനില നഷ്ടപ്പെടൽ അല്ലെങ്കിൽ വിറയൽ തുടങ്ങിയവയാവും പ്രാഥമിക ലക്ഷണങ്ങൾ. പിന്നീട് അണു ബാധ വേഗത്തിൽ വഷളാകു മ്പോൾ ലക്ഷണങ്ങൾ അപസ്മാരം, ഭ്രമാത്മകത, കോമ എന്നിവയായി മാറും. രോഗം കടുത്താൽ ദ്രുതഗ തിയിലുള്ള മാറ്റങ്ങൾ സംഭവിക്കും: രോഗിയുടെ അവസ്ഥ വേഗത്തിൽ വഷളാകുന്നു, പലപ്പോഴും രോഗലക്ഷണങ്ങൾ ആരംഭിച്ച് ഏകദേശം അഞ്ച് ദിവസത്തിനു ള്ളിൽ മരണത്തിലേക്ക് നയിക്കുന്നു, എന്നിരുന്നാലും ഇത് 1 മുതൽ 18 ദിവസം വരെ ആകാം.

**തടയാനുള്ള നടപടികൾ**

1. നിശ്ചലമായ (സ്റ്റാഗ്നന്റ്) ജലത്തിലേക്ക് ഡൈവ് ചെയ്യുന്നതും ചാടി ഇറങ്ങുന്നതും ഒഴിവാക്കുക.

2. freshwater-ൽ (ചൂടുള്ള മധുരജല, തടാകം, നദി മുതലാ യിടങ്ങൾ) നീന്തൽ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മൂക്ക് പ്ലഗ് ഉപയോഗിക്കുക, അല്ലെങ്കിൽ ഡൈവ് ചെയ്യുമ്പോഴോ നീന്തുമ്പോഴോ മൂക്ക് പൊത്തിപിടി ക്കുക.

3.ശുദ്ധജലതടകം ഹോട്ട്സ്പ്രിംഗ്സ്, മറ്റ് ശുദ്ധീകരിക്കാത്ത ചൂടുള്ള വെള്ളാശയങ്ങളിലും നീന്തുമ്പോൾ തലയെ വെള്ളത്തിനുമുകളിൽ ഉയർത്തിപിടിക്കുക.

4. ജലത്തിൽ കുളിക്കുമ്പോഴോ വിനോദങ്ങളിൽ ഏർപെടുമ്പോഴോ അടിത്തട്ടിലെ ചളി അല്ലെങ്കിൽ നിക്ഷേപം (sediment) തൊടുന്നതും ഇളക്കുന്നതും ഒഴിവാക്കുക.

5. മൂക്കും സൈനസും കഴുകുന്നതിനായി ടാപ്പ് വാട്ടർ ഉപയോഗിക്കാതിരിക്കുക;

6. തിളപ്പിച്ച് ആറ്റിയതും ഫിൽറ്റർ ചെയ്തതും അല്ലെങ്കിൽ അണുവിമുക്തമാക്കിയതുമായ വെള്ളം മാത്രം ഉപയോഗിക്കുക.

# കാർമൽഗിരി സെമിനാരി 70-ന്റെ നിറവിൽ



**ജോസഫ് മാനിഷാദ്**
**മട്ടയ്ക്കൽ**
**കൊങ്ങോർപ്പിള്ളി**



കരിങ്കല്ലിൽ കവിത വിരിഞ്ഞ മൂന്ന് പ്രധാന സെമിനാരികളാണ് മംഗലപ്പുഴ, കാർമൽഗിരി, വടവാതൂർ. കാഴ്ചയുടെ വശ്യാനുഭൂതികളിൽ നാം മയങ്ങുമ്പോഴും അറിയാതെ മറന്നുപോകുന്ന ഒരു പേരുണ്ട്. കേരളക്കരയിൽ കരിങ്കല്ലിൽ നിർമ്മാണം നടത്തിയ ബൃഹത്തായ കെട്ടിടങ്ങളുടെ ശില്പിയുടെ പേര്. ഈ മൂന്നിടത്തെയും ഓരോ മണൽത്തരികളും ഓരോ കരിങ്കല്ലുകളും സ്തുതികളാലപിക്കുന്ന ഫാ. വിക്ടർ സാൻ മിഗ്വേൽ എന്ന കർമലീത്ത മിഷണറിയാണ് ഇവ മൂന്നിന്റെയും ശില്പി. അദ്ദേഹത്തെ ഇന്നത്തെ തലമുറക്ക് ഓർത്തെടുക്കാനും ഹൃദയത്തിൽ അർഹമായ സ്ഥാനം കൊടുക്കാനും കാർമൽഗിരി സെമിനാരിയുടെ 70-ാം വർഷത്തിൽ എല്ലാ വൈദികരോടൊപ്പം നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ ചെറുകുറിപ്പ് ചരിത്ര വിളക്കിൽ പ്രകാശപൂരിതമാകട്ടെ.

മണൽക്കുന്നായ വരാപ്പുഴയിൽ കർമലീത്തർ 1673-ൽ ദൈവാലയം സ്ഥാപിച്ചതോടെ അവിടെ ആസ്ഥാനമുറപ്പിക്കുകയും അതിനോടുചേർന്ന് 1682-ൽ ഒരു ചെറിയ സെമിനാരി ആരംഭിക്കുകയും ചെയ്തു. ഉദയംപേരൂർ സൂനഹദോസ് വഴി കത്തോലിക്കാസഭയിൽ ചേർന്ന സുറിയാനിക്കാരെയും ഉൾപ്പെടുത്തി എട്ട് പേരോടെ ആരംഭിച്ച സെമിനാരിയിൽ മൂന്നാം വർഷത്തിൽ അത് ഇരുപത് പേരാകുകയും സ്ഥലപരിമിതിയും സാമ്പത്തിക ബുദ്ധിമുട്ടുംമൂലം നിറുത്തേണ്ടിവരികയും ചെയ്തു. പിന്നീട് 70 വർഷങ്ങൾക്കിപ്പുറം 1766-ലാണ് വീണ്ടും തുറന്നത്. ഇതിനിടയിൽ ചില ബുദ്ധിമുട്ടുകളാൽ, 1768-ൽ ആലങ്ങാട് പള്ളിക്കടുത്ത് സുറിയാനിക്കാർക്കായി ഒരു സെമിനാരി കർമലീത്തർ തുടങ്ങിയെങ്കിലും വരാപ്പുഴയിലെ പുതിയ സെമിനാരിയിൽ 6 റോമൻസഭാംഗങ്ങളും 10 സുറിയാനിക്കരുമായി ഏകോപിച്ചു 1774-ൽ വീണ്ടും തുടങ്ങി. എന്നാലും, ടിപ്പുസുൽത്താന്റെ ആക്രമണകാലത്ത് വീണ്ടും പൂട്ടിയിടേണ്ടിവന്നു.

ടിപ്പു ബ്രിട്ടീഷുകാരാൽ പരാജയപ്പെട്ടതോടെ, വീണ്ടും തുറന്ന സെമിനാരിയിൽ 1807 ആയപ്പോൾ മുപ്പതും 1816-ൽ നാല്പതും വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നു. ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിക്കുകയും സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ റോക്കോസ് ശീശ്മ കടന്നുവരികയും ചെയ്തതോടെ വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന ബർണർഡിൻ ബച്ചിനെല്ലി പിതാവ് വൈദികരുടെ കുറവ് മനസ്സിലാക്കി. വരാപ്പുഴയ്ക്കടുത്ത പുത്തൻപള്ളിയിൽ ജനോവയിലെ കന്യാസ്ത്രീകളെ കൊണ്ടുവരാനായി അദ്ദേഹം നിർമ്മിച്ച മഠം, സെമിനാരിയാക്കുകയും 1866 ആഗസ്റ്റ് 15-ന് ആശീർവദിക്കുകയും ചെയ്തു. മൂന്ന് ലത്തീൻകാരും മാന്നാനത്തെ ആറ് സുറിയാനിക്കാരും ആയിരുന്നു ആദ്യത്തെ വൈദികവിദ്യാർത്ഥികൾ. കേരളസഭയുടെ ഇന്നത്തെ എല്ലാ വളർച്ചക്കും ഒരു കാരണക്കാരനായ, വരാപ്പുഴയിൽ 15 വർഷത്തോളം പിന്തുടർച്ചയുള്ള സഹായമെത്രാനായിരുന്ന മോൺ. മർസലിൻ ബെറാർഡി ആയിരുന്നു ഇതിന്റെ ആദ്യ റെക്ടർ.

വിദ്യാർഥികളുടെ എണ്ണം പിന്നീട് ക്രമാതീതമായി വർദ്ധിച്ചപ്പോൾ വീണ്ടും സ്ഥലപരിമിതി പ്രശ്നമായതിനാൽ, പുതുതായി തുറന്ന മഞ്ഞുമ്മൽ ആശ്രമത്തോടനുബന്ധിച്ച് തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി ഒരു മന്ദിരം നിർമ്മിച്ചു അവിടെയും പഠനം തുടങ്ങി. 1889-ൽ റോമിന്റെ നേരിട്ടുള്ള വൈദികപഠനകേന്ദ്രമായി പുത്തൻപള്ളി സെമിനാരി ഉയർത്തപ്പെട്ടു. പ്രൊപ്പഗാന്ത നേരിട്ട് അധ്യാപകരെ നിയമിക്കാൻ ഇത് കാരണമായി. കത്തോലിക്കാസഭയുടെ

ഉന്നതനിലവാരത്തിലുള്ള പഠനം കേരളക്കരയിൽ ഇതോടെ സാധ്യമായി. ഇവിടെ ഫാ. മർസലിൻ 1866-1877, ഫാ. കാമില്ലസ്, ഫാ. എലിസേവൂസ്, ഫാ. പോളിക്കാർപ്പ് എന്നിവർ 1877 മുതൽ 1881 വരെ, ഫാ. ഫിലിപ്പ് 1881-1884, ഫാ. ബോനിഫസ് 1884-1912, ഫാ. ജോൺ ജോസഫ് 1912-1932 എന്നീ കർമലീത്താശ്രേഷ്ഠ വൈദികർ റെക്ടർമാരായി സേവനം ചെയ്തു.

65 വർഷങ്ങൾക്കിപ്പുറം വൈദികാർത്ഥികൾ പല ഇരട്ടിയായതോടെ, അധികാരികൾക്ക് മറ്റൊരു സ്ഥലം തേടേണ്ടിവന്നു. അങ്ങനെ ആലുവയിലെ മംഗലപ്പുഴയിൽ പുതിയ സെമിനാരി നിർമാണമാരംഭിച്ചു. 1944 വരെ പുതിയ സെമിനാരിയിലും ഫാ. ജോൺ ജോസഫ് റെക്ടറായി തുടർന്നു. 1944 മുതൽ 1956 വരെ ധന്യൻ ഫാ. ഔറേലിയൻ ആയിരുന്നു റെക്ടർ. ഇക്കാലത്ത് തോടാലിക്കുന്ന് എന്ന് അറിയപ്പെട്ടിരുന്ന കുന്നിൽ പണി തീർത്തതാണ് ഇന്നത്തെ കാർമൽഗിരി സെമിനാരി. 1955 നവംബർ 24-ന് കർമലസഭയുടെ വിശുദ്ധതാരമായ കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ തിരുനാൾ ദിനത്തിൽ ഈ സെമിനാരിക്കെട്ടിടം, ഇന്ത്യയുടെ അപ്പസ്തോലിക് ഇന്റർനുൺഷ്യോ ആയിരുന്ന അഭിവന്ദ്യ മാർട്ടിൻ ലൂക്കോസ് പിതാവ് ആശീർവദിച്ചു.

1995 ജൂണിൽ കെ.സി.ബി.സി.യുടെ അഭ്യർത്ഥന പ്രകാരം റീത്തടിസ്ഥാനത്തിൽ സെമിനാരികൾ വിഭജിച്ചു. 1996 ഒക്ടോബർ 7-ന് റോം കേരളത്തിലെ ലത്തീൻ സഭയ്ക്കായി കാർമൽഗിരി സെമിനാരി നല്കി. 70 വർഷം പിന്നിടുമ്പോൾ ഈ സെമിനാരിയുടെ ഇക്കാലംവരെയുള്ള റെക്ടർമാരെയും അധ്യാപകരെയും നമിക്കുന്നതോടൊപ്പം സെമിനാരി നിർമ്മിച്ച എല്ലാവർക്കും നന്ദിയുടെ വശ്യമായ സ്തുതിഗീതം പാടുകയും ചെയ്യുന്നു.

# ആത്മസമർപ്പണം



പ്രഭാതത്തിൽ കൺതുറന്നാദ്യം ഞാൻ തേടുന്നു
സ്നേഹ ചൈതന്യമേ നിൻ പ്രകാശം
പ്രദോഷത്തിൽ എൻ ചിന്താഭാരമെല്ലാം
നിഴൽപോലെതന്നെ പിൻതുടരുമ്പോൾ
രാത്രിയാമങ്ങളിൽ എന്നാത്മാവിൻ താളമായി
നിൻ നിശ്ചലസാന്നിധ്യം ഞാനറിയുന്നു
ആത്മീയശക്തിയേകിയെന്നെ കരുതുന്ന
ഉണർവേകുന്ന നിൻ ദിവ്യപ്രഭ
ഒരുനോക്ക് കാണുവാനാകുമോ
ആ തേജസ്സിൽ തിളങ്ങാനാവുമോ
നാളെയെന്തെന്ന് ഓർത്തിടുമ്പോഴും
നീ അറിയാതൊന്നുമില്ലന്നറിയുന്നു
ക്ലേശമെല്ലാം അലിഞ്ഞില്ലാതായി ഞാൻ
ആ സ്നേഹക്കടലിൽ മുങ്ങിത്താഴുന്നു
മണ്ണിൽ നിന്നും വിണ്ണിലേക്കുള്ള ദൂരമീ-
ജീവിതയാത്ര എന്നറിഞ്ഞു ഞാൻ
മൗനമായി ഹൃത്തിൻ ഭാരമെല്ലാം
നിൻ തിരുഹൃത്തിനോട് ചേർത്ത് വയ്ക്കുന്നു.



**റെക്സി സുനിൽ**

# വാർത്തകൾ

NEWS

*സെപ്റ്റംബർ മാസത്തെ എക്സോഡസ് മീറ്റിംഗിൽ ശ്രീ. ചിന്നൻ പൈനാടത്ത് ക്ലാസ്സെടുക്കുന്നു*



***വയോജനങ്ങൾക്കായി മെട്രോ ജലയാത്ര നടത്തി***

മെട്രോ റെയിൽ ലിമിറ്റഡും വരാപ്പുഴ അതിരൂപത യുടെ സാമൂഹിക സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി കളമശ്ശേരി കിൻഡർ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ അന്താരാഷ്ട്ര വയോജന ദിനാഘോഷത്തോട് അനുബ ന്ധിച്ച് ഒക്ടോബർ 1 ബുധനാഴ്ച്ച മെട്രോ ജലയാത്ര നടത്തി. വൈകുന്നേരം 4 ന്, ബഹു. ഹൈബി ഈഡൻ എം.പി മെട്രോ യാത്രയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ ഹിക്കുകയും അവരോടൊപ്പം യാത്രയിൽ പങ്കുചേരുകയും ചെയ്തു. 96 വയോജനങ്ങൾ അന്നേ ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ആടിയും പാടിയും മെട്രോ യാത്ര ആഘോഷമാക്കി. എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റ് ഫാ. ആന്റെണി സിജൻ മണുവേലിപറമ്പിൽ, വാട്ടർ മെട്രോ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സാജൻ ജോൺ, കിൻഡർ ഹോസ്പിറ്റൽ സീനിയർ ഓപ്പറേഷൻ ഹെഡ് സൗമ്യ വിജയൻ, ശ്രീജിത്ത് എസ്, ഹെൽപ്പേജ് ഇന്ത്യ കേരള സ്റ്റേറ്റ് ഹെഡ് ബിജു മാത്യു, കിൻഡർ ഹോസ്പിറ്റൽ ഭാരവാഹികൾ എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന നവംബർ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ്:**നവംബർ 7, 8, 9 & 21, 22, 23 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
**മാതൃവേദി കൂട്ടായ്മ:**നവംബർ 8, ശനി യാഴ്ച രാവിലെ 10.00 ന്
**വിധവ സംഗമം (അൽമാന)**:നവംബർ 8, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്
**ഏശസ്ഥ കൂട്ടായ്മ:**നവംബർ 20, വ്യാഴാഴ്ച, രാവിലെ 10.00 ന്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളി ലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 നവംബർ 30 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.വ്യാകുലമാതാ ചർച്ച്, അംബികാപുരം25,000 രൂപ*

*2.നാഷണൽ ഷ്റൈൻ ബസിലിക്ക ഓഫ് ഔർ ലേഡി ഓഫ് റാൻസം, വല്ലാർപാടം15,000 രൂപ*

*3.സെന്റ് ആന്റണീസ് ചർച്ച്, അത്താ ണി, നെടുമ്പാശ്ശേരി12,000 രൂപ*

*4.ലിറ്റിൽ ഫ്ളവർ ചർച്ച്, പാനായിക്കുളം20,000 രൂപ*

*5.ലിറ്റിൽ ഫ്ളവർ ചർച്ച്, പൊറ്റക്കുഴി25,000 രൂപ*

*6.സെന്റ് റാഫേൽ ചർച്ച്, തൈക്കൂടം20,000 രൂപ*

*ആകെ1,17,000 രൂപ*

# ക്രിസ്തുരാജന്റെ തിരുനാൾ

മത്തായി 16,13-20



ഡോ. വിൻസെന്റ് വാര്യത്ത്

ക്രിസ്തുരാജന്റെ തിരുനാൾ 1925 മുതലാണ് കത്തോലിക്കാസഭയിൽ ആചരിക്കപ്പെട്ടു പോരുന്നത്. 'Quas Primas' (ആദ്യത്തേത്) എന്ന ചാക്രികലേഖനത്തിലൂടെ പതിനൊന്നാം പീയൂസ് പാപ്പയാണ് എല്ലാ പള്ളികളിലും ഏറ്റവും ആഘോഷപൂർവ്വമായി ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കണം എന്ന് ആഹ്വാനം ചെയ്തത്.

രാഷ്ട്രീയപരമായ കാരണങ്ങൾ മുസ്സോളിനിയും ഹിറ്റ്ലറും മറ്റ് ഫാസിസ്റ്റ് നേതാക്കളും പരമോന്നത അധികാരം കയ്യാളുന്നവരായി സ്വയം രംഗത്തുവന്നു. ആൾദൈവങ്ങളായി അവരവരെ തന്നെ ചിത്രീകരിച്ചു. എല്ലാവരുടേയും വിധേയത്വം അവർക്കുണ്ടാകണമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. ഈ അവസരത്തിലാണ് രാജാക്കന്മാരുടെ രാജാവ് ക്രിസ്തുവാണ് എന്നും, ഏറ്റവും അത്യന്തികമായ വിധേയത്വം കർത്താവിനോടാണ് ആളുകൾക്ക് ഉണ്ടായിരിക്കേണ്ടത് എന്നും ഉച്ചത്തിൽ പ്രഘോഷിക്കേണ്ട കടമ തനിക്കുണ്ടെന്ന് പാപ്പാ മനസ്സിലാക്കുന്നത്. പെട്ടെന്ന് ഉണ്ടാവുകയും പെട്ടെന്ന് അപ്രത്യക്ഷമാവുകയും ചെയ്യുന്ന ഈലോക സാമ്രാജ്യങ്ങൾ പോലെയല്ല ക്രിസ്തുവിന്റെ സാമ്രാജ്യം. അത് ഹൃദയത്തിൽ സ്ഥാപിക്കപ്പെട്ടതും നിത്യതയോളം നീളുന്നതും, കരുണയും സ്നേഹവും സത്യവും കൊണ്ട് നയിക്കപ്പെടുന്നതുമാണെന്ന് പാപ്പ പഠിപ്പിച്ചു.

മറ്റെല്ലാ സാമ്രാജ്യങ്ങളും തകർന്നു വീണാലും ക്രിസ്തുവിന്റെ സാമ്രാജ്യം ഒരിക്കലും തളർന്നു വീഴില്ല. ഈ സാമ്രാജ്യത്തിൽ പങ്കുചേരാനാണ് എല്ലാവരും ശ്രമിക്കേണ്ടത്. ഒരു ക്രിസ്ത്യാനിയുടെ ആത്യന്തികലക്ഷ്യം ദൈവരാജ്യത്തിന്റെ അംഗത്വം ഉറപ്പാക്കുക എന്നതാണ്. ക്രിസ്ത്യാനികളെല്ലാം ക്രിസ്തു എന്ന രാജാക്കന്മാരുടെ രാജാവിന്റെ വിശ്വസ്ത അനുയായികളായി മാറണം.

പാപ്പയുടെ ആഹ്വാനം ഏറ്റവും ആഴത്തിലുള്ള സ്വാധീനമുണ്ടാക്കിയത് മെക്സിക്കോയിലാണ്. 1926 മുതൽ പ്രസിഡന്റ് ജെയിംസ് കാവിയർ മെക്സിക്കോയിൽ വലിയതോതിൽ മതമർദ്ദനം ആരംഭിച്ചു. കത്തോലിക്കപള്ളികൾ തകർത്തു, പുരോഹിതവസ്ത്രം ധരിക്കുന്നതിൽ നിന്നും പുരോഹിതരെ വിലക്കി, അവരെ നാടുകടത്തി! 'ക്രിസ്ത്യേരോ' എന്ന പേരിൽ പ്രസിഡന്റിനെതിരെ വിശ്വാസസംരക്ഷണത്തിനുവേണ്ടി ഒരു സംഘടന രൂപപ്പെട്ടു. അവിടെ ചുരുങ്ങിയ കാലത്തിനുള്ളിൽ രണ്ടുലക്ഷത്തോളം കത്തോലിക്കാവിശ്വാസികളാണ് ക്രിസ്തുവിനോടുള്ള വിശ്വാസത്തിന്റെ പേരിൽ കൊല ചെയ്യപ്പെട്ടത്.

ഈ രക്തസാക്ഷികളുടെ എല്ലാം അന്ത്യമൊഴികൾ 'വിവാ ക്രിസ്തു റെയ്' എന്നായിരുന്നു. ക്രിസ്തുരാജൻ നീണാൾ വാഴട്ടെ! എന്നർത്ഥം. ക്രിസ്തുരാജൻ ജയിക്കട്ടെ എന്നത് അതിന്റെ മറ്റൊരു രൂപമാണ്. ഇന്ന് ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് റാലികളിലെല്ലാം മുഴങ്ങുന്നതും ഇതേ മുദ്രാവാക്യമാണ്. സത്യത്തിൽ മെക്സിക്കോയിൽ അല്ല ഈ മുദ്രാവാക്യം ആദ്യമായി ഉപയോഗിക്കപ്പെടുന്നത്. ആദിമ ക്രൈസ്തവ സമൂഹത്തിൽ ക്രൂരമായ വിധത്തിൽ റോമൻ ചക്രവർത്തിമാരാൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവർ മരിക്കും മുമ്പ് വിശ്വാസപ്രഖ്യാപനം നടത്തിയത് ഇതേ വാചകങ്ങളിലൂടെയാണ്. ക്രിസ്തുരാജൻ നീണാൾ വാഴട്ടെ- വിവാ ക്രിസ്തു റെയ്! ഉദാഹരണത്തിന് ചരിത്രം പരിശോധിച്ചു കഴിഞ്ഞാൽ സെന്റ് സെബാസ്റ്റ്യന്റെ അന്ത്യമൊഴി വിവാ ക്രിസ്തു റെയ് എന്നായിരുന്നു. ഈ വിശ്വാസ പ്രഖ്യാപനത്തിന്റെ ഉറവിടവും വിശുദ്ധ ഗ്രന്ഥം തന്നെയാണ്. ആ വിശുദ്ധഗ്രന്ഥ ഭാഗമാണ് നമ്മൾ ഇന്ന് വിചിന്തനത്തിന് വേണ്ടി വായിച്ചത്! വി. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 13 മുതൽ 20 വരെയുള്ള വാക്യങ്ങളിൽ സീസേറിയ ഫിലിപ്പി എന്നീ പ്രദേശത്ത് വച്ച് കർത്താവാണ് യഥാർത്ഥ ദൈവം എന്ന് വി. പത്രോസ് വിശ്വാസ പ്രഖ്യാപനം നടത്തുന്നത് നാം കാണുന്നു. ഈ സീസേറിയ ഫിലിപ്പി എന്ന സ്ഥലത്തിന് വളരെ പ്രാധാന്യമുണ്ട്. കാരണം ഹെരോദ് ഫിലിപ്പ് രണ്ടാമൻ രാജാവ് അഗസ്റ്റസ് സീസറിനെ പ്രീതിപ്പെടുത്താൻ വേണ്ടി സീസറിന്റെയും തന്റേയും പേരും കൂടി ചേർത്ത് ഉണ്ടാക്കിയെടുത്ത നഗരമാണ് സീസേറിയ ഫിലിപ്പി. യഹൂദനായ ഈ രാജാവ് ദൈവത്തിന്റെ കല്പനയാണ് അവിടെ



ലംഘിച്ചത്. 'നിന്റെ ദൈവമായ കർത്താവിനെ അല്ലാതെ മറ്റാരെയും ആരാധിക്കാൻ പാടില്ല' എന്ന കല്പന സ്വാർത്ഥതാല്പര്യത്തിന് വേണ്ടി അയാൾ കാറ്റിൽ പറത്തി. ആരാധനയ്ക്ക് വേണ്ടി അഗസ്റ്റസ് സീസറിന്റെ വലിയ പ്രതിമയും അവിടെ രാജാവ് നിർമിച്ചു. ആ പ്രതിമയ്ക്ക് മുമ്പിൽ മൃഗബലി വരെ നടത്തപ്പെട്ടു. അതൊരു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട. അഗസ്റ്റസ് സീസറുടെ പ്രതിമ കൂടാതെ സീയൂസ്സ്, നേമേസിസ്, പാൻ മുതലായ ദേവന്മാരുടെയും പ്രതിമകൾ അവിടെ നിരത്തിവെച്ചിരുന്നു. ലക്ഷക്കണക്കിന് തീർത്ഥാടകർ തിങ്ങിക്കൂടി എത്തിയിരുന്ന സ്ഥലം കൂടി ആയിരുന്നു അത്. അവിടെ വച്ചാണ് കർത്താവാണ് തന്റെ രക്ഷകൻ, വിമോചകൻ, ഏകദൈവം എന്ന് പത്രോസ് വിശ്വാസ പ്രഖ്യാപനം നടത്തുന്നത്. അപ്പോഴാണ് കർത്താവ് പറഞ്ഞത് നീ പാറയാണ്. ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിയും എന്ന്. ആ പള്ളി ഇന്നും രണ്ടായിരം വർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു. ക്രിസ്തു രാജാക്കന്മാരുടെ രാജാവായി ഇന്നും ഹൃദയങ്ങളിൽ വാഴുന്നു. മറ്റ് രാജാക്കന്മാർ തീർത്ത സാമ്രാജ്യങ്ങൾ എല്ലാം ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായി. ക്രിസ്തുവിന്റെ സാമ്രാജ്യം മാത്രം ഇന്നും നിലനിൽക്കുന്നു. നമ്മുടെ നാട്ടിൽ ഏറ്റവും ആഘോഷപൂർവ്വം നടത്തപ്പെടുന്നതാണ് ക്രിസ്തുരാജത്വ തിരുനാളും റാലിയും. ആഴ്ചകൾക്ക് മുമ്പേ അതിനുള്ള ഒരുക്കം നടത്തുമായിരുന്നു കുട്ടികൾ മാത്രമല്ല മുതിർന്നവരും.

ഒരു നാട്ടിലെ കത്തോലിക്കാ ദൈവാലയങ്ങൾ എല്ലാം ഒരുമിച്ചുചേർന്ന് ഏറ്റവും മഹത്തായ വിശ്വാസ പ്രകടനമാക്കി ഈ റാലിയെ മാറ്റിയിരുന്നു. ആ പാരമ്പര്യം വീണ്ടെടുക്കേണ്ടത് അത്യാവശ്യമാണ്. കാരണം ക്രൈസ്തവ വിശ്വാസത്തിനെതിരേ കടുത്ത ആക്രമണങ്ങൾ ഇപ്പോൾ നടത്തപ്പെടുന്നുണ്ട്. ഗാസയിലെ കുഞ്ഞുങ്ങൾക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്നവർ നൈജീരിയായിൽ ദിനം പ്രതി കൊല്ലപ്പെടുന്ന ക്രൈസ്തവ കുഞ്ഞുങ്ങളെക്കുറിച്ച് ഒരക്ഷരം മിണ്ടുന്നില്ല. വല്ലാത്തൊരു പീഡന കാലത്തിലാണ് നാമിപ്പോൾ. ഈ സമയത്ത് ക്രൈസ്തവർ ഒറ്റക്കെട്ടായി ക്രിസ്തുവിന്റെ പതാകയ്ക്ക് കീഴിൽ അണിനിരക്കേണ്ടത് അത്യാവശ്യമാണ്. ക്രിസ്തുവിലുള്ള വിശ്വാസം ധീരമായ് വിളിച്ചു പറയുവാൻ പഴയ തലമുറയും പുതിയ തലമുറയും ഒരുപോലെ തയ്യാറാകണം. ചെറിയ കുട്ടികളുടെ ചെറിയ റാലി മാത്രമാക്കി ഇടവകയിൽ ഇതിനെ മാറ്ററുത്. ഒരു സമൂഹത്തിന്റെ മൊത്തത്തിലുള്ള വിശ്വാസപ്രഖ്യാപനത്തിനുള്ള അവസരമാണത്. മാത്രമല്ല ഒരു സ്ഥലത്തെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളും ക്രിസ്തുവിൽ ഒന്നാണ്, ഒരു സമൂഹമാണ് എന്ന് എല്ലാവരോടും പ്രഘോഷിക്കുവാനുള്ള കൃപനിറഞ്ഞ ഒരു അവസരം കൂടിയാണിത്. ഈ അവസരം പരമാവധി ഉപയോഗിക്കേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് ഇത്തവണയെങ്കിലും ക്രിസ്തുരാജന്റെ തിരുനാളും, തിരുനാൾ ദിനത്തിലെ റാലിയും പതിന്മടങ്ങ് സുന്ദരമാക്കാൻ നമുക്ക് ശ്രമിക്കാം.

---

***ചോദ്യങ്ങൾ***


---

*1. ക്രിസ്തുരാജന്റെ തിരുനാൾ ആരംഭിക്കുവാനുള്ള രാഷ്ട്രീയപരമായ സാഹചര്യം എന്തായിരുന്നു?*

*2. ക്രിസ്തുരാജൻ ജയിക്കട്ടെ എന്ന മുദ്രാവാക്യത്തിന്റെ ചരിത്രം എന്താണ്?*

*3. ഇത്തവണത്തെ ക്രിസ്തുരാജന്റെ തിരുനാൾ ഏറ്റവും ആഘോഷപൂർവ്വമാക്കി മാറ്റാൻ നമുക്ക് എന്ത് ചെയ്യുവാൻ സാധിക്കും?*

പിൻമൊഴി



ലൂയിസ് തണ്ണിക്കോട്ട്



# ഉയരണം ചമ്മട്ടികൾ...!

ശബരിമലയിലെ സ്വർണ്ണ പാളികൾ കാണാതായത്, കേരളത്തിലെ ജാതിഭേദമന്യേയുള്ള വിശ്വാസി സമൂഹം അത്ഭുതത്തോടെയാണ് കേട്ടത്. വിശ്വാസികളുടെ വൈകാരിക മൂലധനമായ ക്ഷേത്രങ്ങളും ദേവാലയങ്ങളും പവിത്ര സ്വഭാവമുള്ളതും പാവന സങ്കേതവുമാണ്. ഭക്തന്റെ ഉള്ളും ഉലച്ചിലും ഉയർച്ചയും ദൈവവുമായി പങ്കുവയ്ക്കുന്നിടം. സത്യത്തിൽ സ്വർണ്ണപാളി വിഷയം ധനസമ്പാദനത്തിലേക്കുള്ള മൂല്യബോധമില്ലാത്ത കച്ച വടവും കവർച്ചയുമാണ്. കാവൽക്കാർ തന്നെ കവർച്ചക്കാരാകുന്നു. ദൈവം വസിക്കുന്ന ആലയത്തെ കച്ചവടശാലയാക്കി, പരമാവധി സാമ്പത്തിക വരുമാനം ഉണ്ടാക്കുക.

ഉത്തരവാദിത്വപ്പെട്ട ക്ഷേത്രഭരണ വിഭാഗത്തിന്റെ ഒത്തുകളിയും കണ്ണടച്ചിരുട്ടാക്കലും ഈ സ്വർണ്ണ അപഹരണം കൂടുതൽ സുഗമമാക്കി യിട്ടുണ്ടാവാം! രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുൻപ് ഇതിനോട് സമാനമായ ധനാർത്തി മൂത്ത ഒരു കച്ചവട രംഗം ജറുസലേം ദേവാലയത്തിലും നടന്നിരുന്നു. ദൈവം വസിക്കുന്ന ആലയം കാത്തുസൂക്ഷിക്കേ ണ്ടവർ തന്നെ കവർച്ചക്കാരുടെ വേഷത്തിൽ കച്ചവടമൊരുക്കി (യോഹ 2,13-16). അന്നും ദേവാലയ നടത്തിപ്പുകാരും ഭരണക്കാരും തമ്മിൽ ഇഴപിരിയാത്ത ബന്ധമാണ് ഉണ്ടായിരുന്നതും. ഇരുപത്തി ഒന്ന് നൂറ്റാണ്ടിനു ശേഷം പാലസ്തീന ദേവാലയത്തിലെ കച്ചവടവും കച്ചവടക്കാരും ദേവാലയവും, രൂപം മാറിയിരിക്കുന്നു. ദേവാലയത്തിലെ കവർച്ച കച്ചവടം നമ്മുടെ നാടിന്റെ വിവിധ മേഖലകളിൽ നവീന വേഷത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതാണ് ഇന്ന് നമ്മുടെ കാഴ്ച. ഇവിടെ ഒരു വിമോചകൻ ചമ്മട്ടിയുമായി കടന്നുവരേണ്ട നാളുകൾ തന്നെ.

വിശുദ്ധ ഗ്രന്ഥം നമ്മോട് പറയുന്നത് 'അവനിൽ വസിക്കുന്നെന്നു പറയുന്നവർ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു' (1 യോഹ 2,6) എന്നാണ്. അങ്ങനെ വരുമ്പോൾ വിശുദ്ധ സ്ഥലങ്ങളിലെ കച്ചവടങ്ങൾക്കെതിരെ യേശുതമ്പുരാൻ കയറു കൊണ്ടുണ്ടാക്കിയ ചമ്മട്ടിയെടുത്തത് പോലെ നമ്മളും ചമ്മട്ടി എടുക്കേണ്ടതല്ലേ? പാലസ്തീനാ ദേവാലയത്തിൽ കയറിൽ നി ന്നാണ് തമ്പുരാൻ ചമ്മട്ടി ഉണ്ടാക്കിയത്, എങ്കിൽ ഇന്ന് നമ്മുടെ ചമ്മട്ടിക്കായുള്ള കയർ, 'സമ്മതിദാന അവകാശം എന്ന വോട്ടാകട്ടെ! 'വോട്ട്' എന്ന കയർ കൊണ്ട് നമ്മളും ചമ്മട്ടി ഉണ്ടാക്കേണ്ടതല്ലേ? ആ 'വോട്ട് ചമ്മട്ടി' ചുഴറ്റി നമുക്കും പറയാൻ കഴിയണം, 'എന്റെ പിതാവിന്റെ ആലയം കച്ചവടസ്ഥലം ആക്കരുത് എന്ന്.

മറക്കരുത്, സർക്കാർ സേവനങ്ങളും വിദ്യാഭ്യാസ മേഖലയും ആതുരസേവന രംഗവും നീതി ന്യായ ശ്രേണിയും.., ഏതൊരു പാവപ്പെട്ടവന്റെയും ജീവിതവൃത്തങ്ങളും എല്ലാം എല്ലാം ദൈവം വസിക്കുന്ന ആലയത്തിന് തുല്യം തന്നെ. 'ഓരോ മനുഷ്യനും ഓരോ ദേവാലയമാണെന്ന് തിരുപുസ്തകം. (2 കോറി 6,16)

അപ്പോൾ മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട ഏതൊരു ദേവാലയങ്ങളേയും വിശ്വാസത്തെയും കച്ചവടം ആക്കുന്ന, ഏതൊരു നാണയ കൈമാറ്റക്കാരുടെയും മേശകൾ ചിതറാൻ, ക്രിസ്തു ശിഷ്യരുടെ കൈയിലെ 'വോട്ട് ചമ്മട്ടികൾ' ഉയരേണ്ട കാലമായില്ലേ?

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004